www.malankaralibrary.com

ഫാ .ഗീവർഗീസ് ചേടിയത്ത്

# സത്യദൈവവും സത്യാരാധനയും

തിരുവനന്തപുരം

1995

www.malankaralibrary.com

ഫാ. ഗീവർഗീസ് ചേടിയത്ത്

# സത്യദൈവവും സത്യാരാധനയും

## (ആരാധനയ്ക്കുള്ള പ്രാർത്ഥനകൾ)

തിരുവനന്തപുരം

1995

www.malankaralibrary.com

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സത്യദൈവവും സത്യാരാധനയും | | 1 |
| ദൈവപുത്രനായ യേശുക്രിസ്തു | | 6 |
| യേശു നമ്മുടെ രക്ഷകൻ | | 10 |
| പ്രാർത്ഥനകൾ: | 1 | 17 |
| | 2 | 19 |
| | 3 | 22 |
| | 4 | 25 |
| | 5 | 27 |
| | 6 | 29 |
| | 7 | 39 |
| | 8 | 50 |
| | 9 | 58 |
| | 10 | 69 |
| | 11 | 77 |
| | 12 | 82 |

www.malankaralibrary.com

# ആമുഖം

ക്രൈസ്തവാരാധനയിൽ പരസ്യാരാധനയ്ക്കു വളരെയധികം പ്രാധാന്യമുണ്ട്. ദൈവജനം ഒരു സഭയായി ദേവാലയത്തിൽ ഒന്നിച്ചുകൂടി ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കുന്നു. അങ്ങനെ ഒന്നിച്ചുകൂടി നടത്തുന്ന ആരാധനകളിൽ ഉപയോഗിക്കാനുള്ള ലിററനികളാണ് ഈ ഗ്രന്ഥത്തിലുള്ളത്. സാധാരണയായി കാണുന്ന ''ഭക്തഗ്രന്ഥങ്ങളിലെ'' ശൈലിയല്ല ഇതിലുള്ളത്. വേദപുസ്തകത്തിലും സഭാപിതാക്കന്മാരുടെ കൃതികളിലും സഭയുടെ ഔദ്യോഗിക പ്രാർത്ഥനപ്പുസ്തകങ്ങളിലും അധിഷ്ഠിതമാണിത്. അതുപോലെ ദൈവത്തെ ദൈവമായിരിക്കുന്ന അവസ്ഥയിൽ അംഗീകരിക്കുകയും ആരാധിക്കുകയും ചെയ്യുന്ന സമഗ്ര ക്രൈസ്തവവീക്ഷണമാണിതിനുള്ളത്. ഏകദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ്. ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നതാണ് സത്യാരധന (യോഹ. 4:23-24). ഈ പുസ്തകം അഭിപ്രായത്തിനു സമർപ്പിക്കുന്നതാണ്; പള്ളികളിൽ ഉപയോഗിക്കാനുള്ളതല്ല. സഭാധ്യക്ഷന്മാരുടെ അനുവാദത്തോടുകൂടിയാണ് പള്ളികളിൽ ഉപയോഗിക്കേണ്ടത്.

ഫാ. ഗീവർഗീസ് ചേടിയത്ത്

പട്ടം,
20—6—1995.

www.malankaralibrary.com

# സത്യദൈവവും സത്യാരാധനയും

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തിലുള്ള വിശ്വാസമാണ് ക്രിസ്തുവിൻെറ ശിഷ്യരെ മററുള്ളവരിൽ നിന്നു് വ്യത്യസ്തരാക്കുന്ന ഒരു സുപ്രധാനസംഗതി. ഏകദൈവ വിശ്വാസികളായ അനേകർ ഉണ്ട്. എന്നാൽ ഏകദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവും ആണെന്ന സത്യം വെളിപാടു വഴിയാണ് മനുഷ്യകുലത്തിനു ലഭിച്ചതു്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ മനുഷ്യാവതാരം വഴിയാണ് ഇതു നാം ഗ്രഹിച്ചതു്. ദൈവദൂതനായ ഗബ്രിയേൽ കന്യകാമറിയത്തോടു് ദൈവപുത്രൻെറ ജനനം സംബന്ധിച്ചുള്ള മംഗലവാർത്ത അറിയിച്ചപ്പോഴും (ലൂക്കോ. 1:26–38) യോർദ്ദാൻ നദിയിൽ വച്ചു് യേശു യോഹന്നാനിൽ നിന്നു് സ്നാനം ഏററപ്പോഴും (ലൂക്കോ. 3:21–22) ത്രിത്വത്തിൻെറ വെളിപ്പെടൽ നടന്നു. താൻ സത്യമായും യഹൂദർ പ്രതീക്ഷിച്ച മിശിഹായാണെന്നും, ലോകരക്ഷകനായ ദൈവപുത്രനാണെന്നും തൻെറ വചനങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും അവിടുന്നു കാണിച്ചുകൊടുത്തു. തന്നെപ്പററി മററുള്ളവർ എന്തു കരുതുന്നു എന്നു് ഒരിക്കൽ യേശു ചോദിച്ചു. അപ്പോൾ ശെമയോൻ പത്രോസ് പറഞ്ഞു: "നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ മിശിഹായാകുന്നു." ഇതു് സ്വർഗ്ഗീയ പിതാവിൻെറ വെളിപ്പെടുത്തൽ വഴിയാണ് പത്രോസ് പറഞ്ഞതു് എന്നു് യേശു തുടർന്നു വ്യക്തമാക്കി. (മത്താ. 16:16–29).

തൻെറ പിതാവിനെപ്പററി അവിടുന്നു പഠിപ്പിച്ചു. "പിതാവേ, അങ്ങു് എന്നെ ലോകത്തിലേക്കയച്ചു" (യോഹ. 17:18, 3.23.25). "ഞാൻ പിതാവിൽ നിന്നു പുറപ്പെട്ടു് ലോകത്തിലേക്കു വന്നു. വീണ്ടും ലോകം വിട്ടു് പിതാവിൻെറ അടുത്തേക്കു പോകുന്നു." (യോഹ. 16: 28; 8; 42; 13; 3; 17; 8. 11; 14: 28; 16: 5. 10). "പിതാവ് എന്നോടുകൂടെയുണ്ട്" (8: 16. 29; 16: 32) "ഞാൻ പിതാവിലും പിതാവ് എന്നി

www.malankaralibrary.com



ലുമാണ്'' (14: 1. 20; 17 : 21). ഞാനും എന്റെ പിതാവും ഒന്നാകുന്നു (17: 11. 22; 1. 30). പിതാവ് പുത്രനെ സ്നേഹിക്കുന്നു; പുത്രൻ പിതാവിന്റെ സ്നേഹത്തിൽ നിലനില്ക്കുന്നു (15: 9_10; 17: 23. 26; 14; 31). എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു (14:9). പിതാവ് ഏല്പിച്ച ദൗത്യം പുത്രൻ പൂർത്തിയാക്കുന്നു (14: 10. 31; 17: 4). പുത്രനെ അറിയുന്നവൻ പിതാവിനെ അറിയുന്നു. പുത്രനെ ദ്വേഷിക്കുന്നവൻ പിതാവിനെ ദ്വേഷിക്കുന്നു. പുത്രനെ സ്വീകരിക്കുന്നവൻ പിതാവിനെ സ്വീകരിക്കുന്നു. പുത്രനെ കാണുന്നവൻ പിതാവിനെ കാണുന്നു. (13: 20; 14: 7. 9; 15: 23). എന്റെ പിതാവ് എന്നേക്കാൾ വലിയവനാണ് (14: 28).

ഈ രീതിയിൽ അവിടുന്നു പിതാവിനെ ചൂണ്ടിക്കാണിച്ചു. പിതാവും പുത്രനും തമ്മിലുള്ള ബന്ധം സവിസ്തരം പഠിപ്പിച്ചു തികഞ്ഞ ഏകദൈവവിശ്വാസികളായിരുന്ന യഹൂദർക്ക് ഇതൊരു പുതിയ അറിവായിരുന്നു. ചിലർ വിശ്വസിച്ചു. ചിലർ യേശുവിനെ കൊല്ലാനായി ഉദ്യമിച്ചു (യോഹ. 5:18). ശിഷ്യരിലൊരുവനായ പീലിപ്പോസ് പറഞ്ഞു: "കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരണമെ. ഞങ്ങൾക്ക് അതു മതി.'' അപ്പോൾ കർത്താവു പറഞ്ഞു: ''എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു'' (യോഹ. 14:9). ദൈവത്തെ ''പിതാവേ'' എന്നു വിളിക്കാൻ അവിടുന്നു പഠിപ്പിച്ചു. അവിടുന്നു നമ്മെ മക്കളാക്കി ഉയർത്തി: ''കണ്ടാലും എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചതു്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു. നാം അങ്ങനെയാണു താനും. നാം ഇപ്പോൾ ദൈവത്തിന്റെ മക്കളാണ്'' (1യോഹ. 3:1-2). ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്ന പ്രാർത്ഥന അവിടുന്നു നമ്മെ പഠിപ്പിച്ചു.

നമ്മുടെ കർത്താവ് പരിശുദ്ധാത്മാവിനെപ്പററിയും സ്പഷ്ടമായി നമ്മെ പഠിപ്പിച്ചു. ''നിങ്ങളോടുകൂടി എന്നും ഇരിക്കേണ്ടതിനായി മറെറാരാശ്വാസപ്രദനെ ഞാൻ അയച്ചുതരും''. (യോഹ 14:16). പരിശുദ്ധാത്മാവിനാലാണ് കന്യക ഗർഭിണിയായതും മറിയത്തിന്റെ ഉദരത്തിൽ ദൈവപുത്രൻ ഉരുവാ

www.malankaralibrary.com



യതും (ലൂക്കോ.1:35). യോർദ്ദാൻ നദിയിൽ വച്ചു് യോഹന്നാനിൽ നിന്നു് യേശു സ്നാനം സ്വീകരിച്ചപ്പോരം പരിശുദ്ധാത്മാവു് പ്രാവിന്റെ രൂപത്തിൽ യേശുവിന്മേൽ ഇറങ്ങിയതു് യോഹന്നാൻ കണ്ടതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു (യോഹ 1:32). പരിശുദ്ധാത്മാവിനെ അയയ്ക്കും എന്നു വാഗ്ദാനം ചെയ്ത കർത്താവു് തന്റെ ഉത്ഥാനത്തിനു ശേഷം "നിങ്ങരം പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" എന്നു പറഞ്ഞുകൊണ്ടു് ശ്ലീഹന്മാരുടെ മേൽ ഊതി (യോഹ. 20:22). പെന്തിക്കൊസ്തിദിവസം ഒന്നിച്ചുകൂടിയിരുന്ന ശിഷ്യരുടെ മേൽ തീനാവുകളുടെ സാദൃശ്യത്തിൽ പരിശുദ്ധാത്മാവിറങ്ങി ആവസിച്ചു (നട. 2:3). കർത്താവു പഠിപ്പിച്ചവ ശിഷ്യരെ ഓർമ്മിപ്പിച്ചതും എല്ലാ കാര്യങ്ങളിലും അവരെ വഴിനടത്തിയതും പരിശുദ്ധാത്മാവാണു് (യോഹ. 14:26; 16:12–15). പരിശുദ്ധാത്മാവിനെ കൂടാതെ "യേശു കർത്താവാണു്" എന്നു പറയാൻ ആർക്കും സാധിക്കയില്ല (കൊറി. 12;3).

ഇതാണു് സത്യേക ദൈവം. ഇതാണു് ത്രിയേക ദൈവം ഇതാണു് മനുഷ്യരെ സ്നേഹിക്കുന്ന ദൈവം. ദൈവത്തെപ്പററി പഠിപ്പിക്കുക മാത്രമല്ല, ദൈവത്തെ എപ്രകാരമാണു് നാം ആരാധിക്കേണ്ടതെന്നും കർത്താവു പഠിപ്പിച്ചു. അതായതു് സത്യാരാധനയിലേയ്ക്കു് അവിടുന്നു നമ്മെ ആനയിച്ചു. അവിടുന്നു ഹൃദയങ്ങളെ പ്രകാശിപ്പിച്ചു; സത്യപാതയിൽകൂടി നമ്മെ നടത്തി. സ്വർഗീയജ്ഞാനം നമുക്കു പകർന്നുതന്നു; ഈ ലോകത്തിനു നല്കാൻ കഴിയാത്തതും സ്വീകരിക്കാൻ കഴിയാത്തതുമായ അഭൗമിക വിജ്ഞാനം! അതോടൊപ്പം സത്യാരാധനയും. നാം പ്രകാശത്തിന്റെ മക്കളായി (1പത്രോ.2:9). സമറിയാക്കാരിയോടു് യാക്കോബിന്റെ കിണററിൻ കരയിൽ വച്ചു് യേശു പറഞ്ഞ വാക്കുകരം സത്യാരാധനയിലേക്കു നമ്മെ നയിക്കുന്നു: "സ്ത്രീയേ, എന്നെ വിശ്വസിക്കുക. ഈ മലയിലോ ജറുസലേമിലോ നിങ്ങരം പിതാവിനെ ആരാധിക്കാത്ത സമയം വരുന്നു... യഥാർത്ഥ ആരാധകർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു. അല്ല അതു് ഇപ്പോരം തന്നെയാണു്. യഥാർത്ഥത്തിൽ അങ്ങനെയുള്ള ആരാധകരെത്തന്നെയാണു് പിതാവു് അന്വേഷിക്കുന്നതും.

www.malankaralibrary.com



ദൈവം ആത്മാവാകുന്നു. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടതു്'' (യോഹ. 4:21-24). ആ മലയിലും ഈ മലയിലും അല്ല. ജറുസലേമിലുമല്ല. ജറുസലേമിലെ മൃകജന്തുക്കളുടെ ബലികൊണ്ടുള്ള ആചാരാനുഷ്ഠാനങ്ങളിൽ അധിഷ്ഠിതമായതു് ആരാധനയല്ല; ഗെരീസിം മലയിൽ സമറിയാക്കാർ നടത്തുന്ന പൂജാനുഷ്ഠാനങ്ങളുമല്ല ആരാധന. യഹൂദർ ദൈവത്തെ ദൈവമായി അംഗീകരിക്കുന്നില്ല. സമറിയാക്കാർ വിഗ്രഹാരാധന നടത്തുന്നു. രണ്ടും ശരിയല്ല. ''ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കണം.'' ''സത്യത്തിൽ'' എന്നതിനു് ''യേശുക്രിസ്തുവിൽ'' എന്നാണർത്ഥം. ''ഞാൻ വഴിയും സത്യവും ജീവനുമാകുന്നു'' എന്നവിടുന്നു പഠിപ്പിച്ചിട്ടുണ്ടല്ലോ (യോഹ. 14:6). ''ആത്മാവിൽ ആരാധിക്കണം'' എന്നാൽ ''പരിശുദ്ധാത്മാവിൽ എന്നാണർത്ഥം, അതായതു് പിതാവായ ദൈവത്തെ തന്റെ ഏകജാതൻ വഴി പരിശുദ്ധാത്മാവിൽ ആരാധിക്കണം. ഇതാണ് സത്യാരാധന. പല യഹൂദരും ദൈവത്വത്തെപ്പററിയുള്ള സമ്പൂർണ്ണജ്ഞാനം ഗ്രഹിച്ചില്ല. ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവും ആണ് എന്ന പരമസത്യം അവർക്കു് ഇടർച്ച വരുത്തി. താൻ ദൈവപുത്രനാണ് എന്നു പറഞ്ഞപ്പോൾ യേശുവിനെ കൊല്ലാൻ അവർ കല്ലുകളെടുത്തു. (യോഹ. 8:48-59). ''പിതാവു്, പുത്രൻ'' എന്നീ യാഥാർത്ഥ്യങ്ങൾ അവർക്കു സ്വീകരിക്കാൻ കഴിഞ്ഞില്ല. സമറിയാക്കാർ ആകട്ടെ വിഗ്രഹാരാധന നടത്തുന്നു. ദൈവം ഇതിനെല്ലാം അറുതി വരുത്തി സത്യാരാധനയിലേക്കു മനുഷ്യകുലത്തെ നയിക്കും. ഇതാ, ഇപ്പോൾ തന്നെ നയിക്കുന്നു എന്നാണ് കർത്താവു് ആ സ്ത്രീയോടു പറഞ്ഞതു്.

ഇതാണ് നാം നമ്മുടെ ആരാധനക്രമത്തിൽ കാണുന്നത്; ''പിതാവിനും പുത്രനും പരിശുദ്ധാത്മവിനും സ്തുതി''. ''ഞങ്ങൾ നിനക്കും നിന്റെ ഏക ജാതനും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും'' എന്നും നാം നിരന്തരമായി ഉരുവിടുന്നു.

ദൈവം ഏകനാണെന്നു നാം വിശ്വസിക്കുന്നു. ദൈവത്തെ ത്രിത്വമായി നാം ആരാധിക്കുന്നു. അവിടുത്തെ'' പരിശുദ്ധൻ''

www.malankaralibrary.com



എന്നു നാം പ്രകീർത്തിക്കുന്നു. വിശുദ്ധീകരിക്കപ്പെട്ടവാൻ വേണ്ടി മാലാഖമാർ നിരന്തരം അവിടുത്തെ സ്തുതിക്കുന്നു. സർവാരാധ്യനായ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും തന്റെ സഭയിൽ എന്നുമെന്നേക്കും സ്തുതിയും സ്തോത്രവും ആരാധനയും കൃതജ്ഞതയും ഉണ്ടായിരിക്കട്ടെ.

ഈ സത്യ ആരാധനയിലേക്ക് മനുഷ്യകുലത്തെ ആനയിക്കാനുള്ള ശ്രേഷ്ഠമായ ദൗത്യമാണ് ക്രിസ്ത്യാനികൾ ഏറ്റെടുത്തിട്ടുള്ളത്. ഇത് നമുക്ക് ഉചിതമായി നിർവ്വഹിക്കാം.

## പ്രാർത്ഥന

ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദ്യന്തമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ, എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

www.malankaralibrary.com

# ദൈവപുത്രനായ യേശുക്രിസ്തു

ലോകത്തിലുള്ള ജനപദങ്ങളിൽ നല്ലൊരുപങ്ക് ഏകദൈവ വിശ്വാസികളാണ്. ''ദൈവത്തിൽ വിശ്വസിക്കുന്നില്ല'' എന്ന് ആരെങ്കിലും പറയാൻ മുതിർന്നാലും ഉള്ളിന്റെ ഉള്ളിൽ ദൈവത്തെ അംഗീകരിക്കുന്നവരാണ് അവരും. എന്നാൽ ദൈവത്തെ വേണ്ട രീതിയിൽ പലരും ആരാധിക്കുന്നില്ല, മഹത്വപ്പെടുത്തുന്നില്ല.

ദൈവത്തെ അറിയാൻ മനുഷ്യനു കഴിയും. മനുഷ്യൻ ദൈവത്തിന്റെഛായയിൽ അഥവാ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവനാണ്. ദൈവം അമർത്യനാണ്. അമർത്യമായ ആത്മാവിനെ ദൈവം മനുഷ്യനിൽ സൃഷ്ടിച്ചിരിക്കുന്നു. ദൈവം രൂപരഹിതനും ശരീരമില്ലാത്തവനുമാണ്. എന്നാൽ രൂപവും ശരീരവും ഉള്ള മനുഷ്യനിൽ രൂപരഹിതമായ ഒരാത്മാവിനെ ദൈവം നിശ്വസിച്ചിരിക്കുന്നു.

ദൈവമാരാണ് എന്നു മനുഷ്യൻ അറിയണം. ദൈവത്തെ ദൈവമായി മഹത്വപ്പെടുത്താനുള്ള കടമ മനുഷ്യനുണ്ട്. ഈ സൃഷ്ടിപ്രപഞ്ചത്തിന്റെ നാഥനായി, ദൈവത്തിന്റെ പ്രതിപുരുഷനായിട്ടാണ് ദൈവം മനുഷ്യനെ ഭൂമിയിൽ സൃഷ്ടിച്ചത്. സമസ്തസൃഷ്ടികളെ പ്രതിയും ദൈവത്തെ മഹത്വപ്പെടുത്താനുള്ള കടമയും ഉത്തരവാദിത്വവും മനുഷ്യനുണ്ട്. ദൈവത്തിനു് നന്ദി പ്രദർശിപ്പിക്കണം. നിരന്തരമായ നന്ദിയുടേയും സ്തുതിയുടെയും സ്തോത്രത്തിന്റെയും ആരാധനയുടെയുമായ ജീവിതമാണു മനുഷ്യൻ നയിക്കേണ്ടതു്.

എല്ലാററിനും ഉപരിയായി സ്രഷ്ടാവിനെ ആരാധിക്കണം. അവനെ മാത്രമേ ആരാധിക്കാവൂ. അവനു മാത്രമേ മഹത്വം നൽകാവൂ. അവന്റെ പാദത്തിൽ മാത്രമേ കുമ്പിടാൻ പാടുള്ളൂ. അവനെ മാത്രമേ സേവിക്കാവൂ.

www.malankaralibrary.com



## ദൈവം

മനുഷ്യർ ദൈവത്തെ പലപല പേരുകളിൽ വിളിക്കുന്നെങ്കിലും ദൈവം ഏകനാണ്. ആകാശവും ഭൂമിയും സൃഷ്ടിച്ചവനും ദൃശ്യാദൃശ്യപ്രപഞ്ചം രൂപീകരിച്ചവനുമായ സർവ്വശക്തനായ ദൈവം ഏകനാണ്. മുസ്ലീങ്ങൾ അള്ളാ എന്ന് ദൈവത്തെ വിളിക്കുന്നു. ഹിന്ദുക്കൾ ബ്രഹ്മാവ് എന്നും വിഷ്ണുവെന്നും പരമശിവനെന്നും ദൈവത്തെ വിളിക്കുന്നു. ചിലർ സത്ചിദാനന്ദൻ എന്നും പരമപുരുഷനെന്നും പരമാത്മനെന്നും പരംപൊരുൾ എന്നും സ്വാമിയെന്നും ദൈവത്തെ വിളിക്കുന്നു. ക്രിസ്ത്യാനികൾ ദൈവത്തെ പിതാവ് എന്നും യേശുക്രിസ്തു എന്നും പരിശുദ്ധാത്മാവ് എന്നും വിളിക്കുന്നു. ദൈവം മനുഷ്യരുടെ പിതാവാണ്. മനുഷ്യർ ദൈവത്തിന്റെ മക്കളാണ്. എല്ലാ സൃഷ്ടികളുടെയും ആദ്യജാതനായ ഒരു പുത്രൻ പിതാവിനുണ്ട്. ആ പുത്രൻ മനുഷ്യരെ ദൈവമഹത്വം അണിയിക്കാൻ സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേയ്ക്കു താന്നിറങ്ങിവന്നു.

## പാപം

ദൈവത്തെ ദൈവമായി അംഗീകരിക്കാതിരിക്കുകയും ദൈവത്തിന്റെ സത്യം സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതാണു പാപം. ദൈവത്തെ മഹത്വപ്പെടുത്താത്തവർ യുക്തിരഹിതരായിട്ടത്രേ പെരുമാറുന്നത്. ദൈവത്തെ ദൈവമായി അംഗീകരിക്കുന്നതു് കുറച്ചിലാണ് എന്നു കരുതി ചില മൂഢന്മാർ ദൈവത്തിനു മഹത്വം കൊടുക്കാതിരിക്കുന്നു. തങ്ങൾ ജ്ഞാനികൾ എന്നും "യുക്തിവാദികൾ" എന്നും ചിലർ കരുതുന്നെങ്കിലും ഇക്കൂട്ടരും അന്ധകാരത്തിൽ തപ്പിനടക്കുന്നു; ഭോഷന്മാരായി ദിവസങ്ങൾ തള്ളി നീക്കുന്നു. അവർ സത്യത്തിനു പകരം വ്യാജം സ്വീകരിച്ചു. ദൈവത്തെ അംഗീകരിക്കുന്നതു പോരായ്മയായി കരുതിയ അവർ ദൈവത്തിനു പകരം നിരവധി സൃഷ്ടവസ്തുക്കളെ ദൈവങ്ങളായി ആരാധിക്കാൻ തുടങ്ങി. ദൈവഭയമില്ലാതെ, നീതിരഹിതരായി, കാപട്യത്തെ പൂജിച്ചുകൊണ്ട് അവർ ജീവിച്ചു. ദൈവത്തെ തേടാതെയും നന്മ ചെയ്യാതെയും മിഥ്യയുടെ പിന്നാലെ മനുഷ്യർ പരക്കം പാഞ്ഞു. അന്ധരെപ്പോലെ തപ്പിത്തടഞ്ഞു; ഉന്മത്തരെപ്പോലെ ഭോഷ്കു പറഞ്ഞു. മദ്യപരെപ്പോലെ ലക്കുകെട്ടു നടന്നു.

www.malankaralibrary.com



ദൈവം ആദ്യമനുഷ്യരെ അണിയിച്ച മഹത്വത്തിൻെറ വസ്ത്രം പാപം ചെയ്തപ്പോൾ അവർ ഉരിഞ്ഞുകളഞ്ഞു. ദൈവത്തെ ദൈവമായി അംഗീകരിക്കാനും ദൈവവചനത്തിൽ വിശ്വസിക്കാനും ദൈവത്തിന്ന മഹത്വം കൊടുക്കാനും സ്തുതികൾ അർപ്പിക്കാനും കൂട്ടാക്കിയില്ല. ആദ്യമനുഷ്യർ ചെയ്ത പാപം മൂലം മരണം ഈ ലോകത്തിൽ പ്രവേശിച്ചു. പിൻ തലമുറക്കാരെല്ലാം പാപം ചെയ്തതുകൊണ്ട് മരണം എല്ലാവരിലും വ്യാപിച്ചു. മരണം മനുഷ്യകുലത്തിന്മേൽ ആധിപത്യം പുലർത്തി. ലോകത്തിൽ പാപവും പാപഫലമായ മരണവും പെരുകി. മനുഷ്യർ ശിക്ഷാവിധിക്കു വിധേയരായി. മനുഷ്യന്ന തന്നെ സ്വന്ത ശക്തിയാൽ പാപത്തിൽ നിന്നു മോചനം പ്രാപിക്കാൻ സാധിക്കാത്ത അവസ്ഥയിൽ ആയിരുന്നു. അപ്പോൾ ദൈവം തൻെറ ഏകജാതനെ ഭൂമിയിലേക്കയച്ചു. സ്ത്രീയിൽ നിന്ന് അവൻ ജനിച്ചു. അവനാണ് യേശുക്രിസ്തു.

## യേശുക്രിസ്തു

മനുഷ്യവേഷം ധരിച്ച ദൈവപുത്രനായിരുന്നു യേശുക്രിസ്തു. ദൈവത്തിൻെറ അവതാരമായ യേശു, മനുഷ്യരെ പാപത്തിൽ നിന്നും മരണത്തിൽ നിന്നും മോചിപ്പിക്കാൻ ധരയിലെത്തി. നന്മചെയ്തുകൊണ്ടും തൻെറ പിതാവിനെപ്പററിയും സ്വർഗ്ഗത്തെപ്പററിയും മനുഷ്യരെ പഠിപ്പിച്ചുകൊണ്ടും ചുററി നടന്നു. അനേകം രോഗികളെ സൗഖ്യമാക്കി. ദൈവത്തെപ്പററി ശരിയായ അറിവു പകർന്നുകൊടുത്തു.

''ഞാൻ വഴിയും സത്യവും ജീവനുമാകുന്നു'' (യോഹ14:6).

''എന്നിൽക്കൂടിയല്ലാതെ ആരും പിതാവിൻെറ പക്കലേക്കു പോകുന്നില്ല'' (യോഹ. 14:6).

''എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു'' (യോഹ. 12;45).

''ഞാനും എൻെറ പിതാവും ഒന്നാകുന്നു.'' (യോഹ.10:30).

''എൻെറ പിതാവ് എന്നേക്കാൾ വലിയവനാകുന്നു'' (യോഹ.14;28).

www.malankaralibrary.com



''എൻെറ പിതാവു് ആകർഷിച്ചാലല്ലാതെ ആർക്കും എൻെറ അടുക്കൽ വരുവാൻ സാധിക്കയില്ല (യോഹ.6:44)

''എൻെറ അടുക്കൽ വരുന്നവനെ ഞാൻ ഒരിക്കലും തള്ളി കളകയില്ല'' (യോഹ. 6:37).

''ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും''. (യോഹ. 10:25).

''ഞാൻ നല്ലയിടയനാകുന്നു'' (യോഹ. 10:11-14).

''ഞാൻ വാതിലാകുന്നു'' (യോഹ. 10:7).

എന്നു തുടങ്ങി തന്നെപ്പററിയും പിതാവിനെപ്പററിയും പഠിപ്പിച്ചു. ദൈവത്തെ 'പിതാവേ' എന്നു വിളിക്കാൻ മനുഷ്യരെ പഠിപ്പിച്ചു.

യേശുവിൻെറ അനുസരണവും പീഡാസഹനവും കുരിശുമരണവും നീതിപൂർവകമായ പ്രവൃത്തിയും തന്നിൽ വിശ്വസിക്കുന്നവർക്കു് നിത്യജീവനു ഹേതുവായി. യഹൂദന്മാർ യേശുവിനെ കുരിശിൽ തറച്ചുകൊന്നു. മനുഷ്യനു് വീണ്ടെടുപ്പും നീതീകരണവും പ്രകാശവും വിജ്ഞാനവും വിശുദ്ധീകരണവും കൊണ്ടുവന്ന യേശുവിനെ അന്നത്തെ മനുഷ്യർ കൊന്നു. മനുഷ്യരുടെ പാപപരിഹാരത്തിനാണു് യേശു കയ്യാളിക്കപ്പെട്ടതു്. മനുഷ്യകുലത്തെ പാപത്തിൻെറയും മരണത്തിൻെറയും അടിമത്തത്തിൽനിന്നു് രക്ഷിക്കാനാണു് യേശു രക്തം ചിന്തി മരിച്ചതു്.

മനുഷ്യർ ദൈവത്തെ തേടാതിരുന്ന അവസരം, തേടാൻ കഴിവില്ലാതെ അന്ധതയിൽ കഴിഞ്ഞ അവസരം, ദൈവം തന്നെയാണു് നമ്മുടെ രക്ഷയ്ക്കു് മുൻകൈ എടുത്തതും തൻെറ പുത്രനെ ഈ ലോകത്തിലേക്കു് അയച്ചതും. തൻെറ മരണത്താൽ യേശു മനുഷ്യകുലത്തെ രക്ഷിച്ചു, വീണ്ടെടുത്തു, സമുദ്ധരിച്ചു. യേശു മരിച്ചെങ്കിലും പിതാവായ ദൈവം യേശുവിനെ കല്ലറയിൽനിന്നു് ഉയിർത്തെഴുന്നേല്പിച്ചു. എന്നേക്കും ജീവിക്കുന്നവനായി, പിതാവിൻെറ മഹത്വത്തിലേക്കു് യേശു എടുക്കപ്പെട്ടു.

www.malankaralibrary.com

# യേശു നമ്മുടെ രക്ഷകൻ

യേശു നമ്മെ രക്ഷിച്ചു. പാപത്തിൽ നിന്നു രക്ഷിച്ചു. മരണത്തിൽ നിന്നു രക്ഷിച്ചു. നാം യേശുവിൽ വിശ്വസിച്ചാൽ, നമ്മുടെ പഴയപാപങ്ങളൊന്നും കണക്കിടപ്പെടില്ല. ദൈവം ഭൂമിയിലേക്കു കൊണ്ടുവന്ന സൗജന്യദാനമായ രക്ഷ സകല മനുഷ്യർക്കും വേണ്ടിയുള്ളതാണ്. യേശുവിൻെറ ജനനസമയത്ത് ഇടയന്മാരോട് മാലാഖമാർ പറഞ്ഞു: ''ഇതാ സർവ്വലോകത്തിനും ഉണ്ടാകുവാനിരിക്കുന്ന മഹാസന്തോഷത്തിൻെറ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. മിശിഹാകർത്താവെന്ന രക്ഷകൻ ദാവീദിൻെറ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു.'' (ലൂക്കാ 1:10_11) ''അവൻ തൻെറ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കുന്നതിനാൽ അവനു് യേശു എന്നു പേരിടണം'' എന്നാണ് മാലാഖ യൗസേപ്പിനോടു പറഞ്ഞത് (മത്താ.1:21).

യേശു രക്ഷകനാണ്. അവൻ മനുഷ്യരുടെ പാപപരിഹാരവും വിശുദ്ധീകരണവും നീതീകരണവും ആയിത്തീർന്നു. അവനിൽ വിശ്വസിക്കുക മാത്രം ചെയ്യുക. നിൻെറ പാപങ്ങളെല്ലാം എന്നേക്കുമായി അവൻ നീക്കിക്കളയുന്നു. ''കർത്താവിൻെറ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷ പ്രാപിക്കും'' (റോമ.10:12). ''അവനിൽ വിശ്വസിക്കുന്നവർക്കു ലജ്ജിക്കേണ്ടി വരികയില്ല'' (റോമ. 9 33; 10:11). ''യേശു കർത്താവാണ് എന്നു് അധരം കൊണ്ട് ഏററുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നു് ഉയർപ്പിച്ചുവെന്നു് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും'' (റോമ 10:9). ''നിന്നെ അനുതാപത്തിലേക്ക് നയിക്കുകയാണ് ദൈവത്തിൻെറ കരുണയുടെ ലക്ഷ്യം (റോമ. 2:4). ''പാപത്തിൻെറ ശമ്പളം മരണമാണ്, ദൈവത്തിൻെറ ദാനമാകട്ടെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവഴിയുള്ള നിത്യജീവനും'' (റോമ.2:7). ''ഇപ്പോൾ യേശുക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നവർക്കു് ശിക്ഷാവിധിയില്ല (റോമ. 8:1). ''ക്രിസ്തുവിൻെറ ആത്മാവില്ലാത്തവൻ ക്രിസ്തുവിനുള്ളവനല്ല'' (റോമ. 8;9).

www.malankaralibrary.com



''ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിൻെറ മക്കളാണ്''. ദൈവത്തിനു് അടിമകളായിരിക്കുകയാൽ നിങ്ങൾക്കു ലഭിക്കുന്നതു് വിശുദ്ധീകരണവും അതിൻെറ അവസാനം നിത്യജീവനുമാണു്'' (6:22). ഹൃദയം കൊണ്ടു് വിശ്വസിക്കുന്നതുവഴി മനുഷ്യർ നീതീകരിക്കപ്പെടുന്നു. അധരം കൊണ്ടു് ഏററുപറയുന്നതുവഴി രക്ഷ പ്രാപിക്കുന്നു'' (10:10). ഒരുവൻ തന്നെയാണ് എല്ലാവരുടെയും കർത്താവ്'' (10:12). ''ഇപ്പോൾ രക്ഷ നമ്മളാരും പ്രതീക്ഷിച്ചിരുന്നതിനേക്കാൾ കൂടുതൽ അടുത്തെത്തിയിരിക്കുന്നു'' (13:11).

ദൈവം ഏകൻ. ദൈവത്തിനും മനുഷ്യർക്കും ഇടയ്ക്കുള്ള മധ്യസ്ഥൻ ഏകൻ: കർത്താവായ യേശുക്രിസ്തു. തൻെറ മരണത്തിനു ശേഷം യേശുവിനെ പിതാവു് മരിച്ചവരിൽ നിന്നു് ഉയർപ്പിച്ചു. അവനു് നിത്യജീവൻ തിരികെ കിട്ടി. ദൈവമഹത്വത്തിലേക്കു് പ്രവേശിച്ചു. തന്നിൽ വിശ്വസിക്കുന്നവരെ നീതീകരിക്കാൻ കഴിവുള്ള ആത്മാവായിത്തീർന്നു. ദൈവത്തിൻെറ നാമം മനുഷ്യർ വിളിച്ചപേക്ഷിക്കണം. അവനെ ദൈവമായി അംഗീകരിക്കണം. അവനു് സ്തുതിയും കൃതജ്ഞതയും അർപ്പിക്കണം. അവനു മഹത്വം നൽകണം.

ദൈവം അയച്ച യേശുവിനെ കർത്താവായി അംഗീകരിക്കണം: ''കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക; നീയും നിൻെറ കുടുംബവും രക്ഷ പ്രാപിക്കും'' (നടപടി, 16:31). ''ആകാശത്തിനു കീഴെ മനുഷ്യരുടെ ഇടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറെറാരു നാമവും നൽകപ്പെട്ടിട്ടില്ല'' (നടപടി, 4:12). രക്ഷ പ്രാപിക്കുന്നവരെല്ലാം യേശുവിൽകൂടിയാണ് രക്ഷപ്രാപിക്കുന്നതും പിതാവിൽ എത്തിച്ചേരുന്നതും. കാരണം, തൻെറ കുരിശിലെ മരണം വഴി നമ്മെ രക്ഷിച്ചതും വീണ്ടെടുത്തതും പാപികളായിരുന്ന നമ്മെ നീതീകരിച്ചതും യേശുക്രിസ്തുവാണ്. തന്നിൽ വിശ്വസിക്കുന്നവരെ നീതീകരിക്കാൻ അവൻ പര്യാപ്തനാണ്. അവൻ എന്നേക്കും ജീവിക്കുന്നു എന്നു നാം വിശ്വസിക്കണം. അവൻ ജീവനുള്ള ദൈവത്തിൻെറ ഏകജാതനാണെന്നും അവൻ പാപികൾക്കുവേണ്ടി മരിച്ചു എന്നും നാം വിശ്വസിക്കണം.

www.malankaralibrary.com



അവനിൽ വിശ്വസിക്കുന്നവരുടെ തെററുകൾ മേലിൽ പരിഗണിക്കുകയേയില്ല. കാരണം നമ്മുടെ സദ്പ്രവൃത്തികൾ കൊണ്ടല്ല, പിന്നെയോ ക്രിസ്തുവിൻെറ കുരിശിലെ മരണം മൂലമാണ് നമുക്കു നീതീകരണം ലഭിച്ചത്. അത് ദൈവത്തിൻെറ സൗജന്യദാനമാണ്. തന്നിൽ വിശ്വസിക്കുന്നവരെ അവൻ ദൈവത്തിൻെറ മക്കളാക്കുന്നു. ദൈവത്തെ 'പിതാവേ' എന്നു വിളിക്കാൻ നമ്മെ പഠിപ്പിച്ചു. വിളിക്കാൻ നമുക്ക് അവകാശം തന്നു. യേശു സ്വഭാവത്താലെ തന്നെ ദൈവത്തിൻെറ പുത്രനാണ്. യേശുവിൽ വിശ്വസിക്കുന്നതു വഴി യേശു നമ്മെ ദൈവമക്കളാക്കുന്നു. ദൈവത്തിന് നാം നമ്മെ ത്തന്നെ സമർപ്പിക്കണം.

നമുക്ക് എത്ര കഠിനമായ തെററുകൾ ഉണ്ടായിരുന്നാലും യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതുവഴി അവയെല്ലാം നിശ്ശേഷം കഴുകിത്തുടച്ചു മാററപ്പെടും. പിന്നൊരിക്കലും ദൈവം അവയെ പരിഗണിക്കുന്നില്ല. ലോകത്തിലുള്ള എല്ലാവരുടെയും രക്ഷകനാണ് യേശു. ഇപ്പോൾ ഉള്ളവരുടെയും ഇനി വരാനിരിക്കുന്നവരുടെയും ദൈവം ഏകൻ. ആ ഏക ദൈവം എല്ലാവരുടെയും ദൈവമാണ്. അതുപോലെ സർവ്വമനുഷ്യരുടെയും രക്ഷകൻ ഏകൻ; യേശുക്രിസ്തു.

യേശുവിനെ കർത്താവും ദൈവവും രക്ഷകനും ജീവിതകേന്ദ്രവുമായി അംഗീകരിക്കാൻ പരിശുദ്ധാത്മാവിൻെറ കൃപ അത്യാവശ്യമാണ്. യേശു സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നതിനു മുൻപ് പരിശുദ്ധാത്മാവിനെ അയയ്ക്കുമെന്ന് വാഗ്ദാനം ചെയ്തു: "നിങ്ങളോടുകൂടി എന്നും ഇരിക്കേണ്ടതിനായി മറെറാരു ആശ്വാസപ്രദനെ പിതാവ് അയച്ചുതരും" (യോഹ 14:16). "പരിശുദ്ധാത്മാവ് നിങ്ങളെ എല്ലാ കാര്യങ്ങളും പഠിപ്പിക്കും" (യോഹ. 14:26). യേശു സ്വർഗ്ഗത്തിലേയ്ക്ക് പോയതിൻെറ പത്താം ദിവസം, ഒന്നിച്ചുകൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്ന സമൂഹത്തിൻെറ മേൽ അഗ്നിനാവുകളുടെ സാദൃശ്യത്തിൽ പരിശുദ്ധാത്മാവ് ഇറങ്ങി ആവസിച്ചു. യേശുവിൽ വിശ്വസിക്കുന്നവരിലെല്ലാം പ്രവർത്തിക്കുന്നത് പരിശുദ്ധാത്മാവാണ്. "പുത്രനെ നിഷേധിക്കുന്നവനു പിതാവുമില്ല. പുത്രനെ ഏററുപറയു

www.malankaralibrary.com



ന്നവന പിതാവും ഉണ്ടായിരിക്കും'' (1യോഹ. 2:23). ''യേശു ക്രിസ്തു ശരീരം ധരിച്ചുവെന്നു് ഏററുപറയുന്ന ആത്മാവു് ദൈവത്തിൽ നിന്നാണ്. യേശുവിനെ ഏററുപറയാത്ത ആത്മാവു് ദൈവത്തിൽ നിന്നല്ല (1യോഹ. 4:2-3). ''ദൈവം തൻെറ ആത്മാവിനെ നമുക്കു തന്നിരിക്കുന്നതിനാൽ നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കുന്നു.'' യേശു ദൈവപുത്രനാണ് എന്നു് ഏററുപറയുന്നവനിൽ ദൈവം വസിക്കുന്നു. അവൻ ദൈവത്തിലും വസിക്കുന്നു. യേശുവാണ് ക്രിസ്തു എന്നു വിശ്വസിക്കുന്ന ഏവനും ദൈവത്തിൻെറ പുത്രനാണ്'' (6 യോഹ. 4:13; 5:1). ''പരിശുദ്ധാത്മാവിനെ കൂടാതെ 'യേശു കർത്താവാണ്'' എന്നു പറയാൻ ആർക്കും സാധിക്കുകയില്ല' (1 കൊറി. 12:3).

**എന്താണു രക്ഷ ?**

പാപം സ്രഷ്ടാവിനെപ്പററിയുള്ള അജ്ഞതയും വഴിപിഴയ്ക്കലും സ്രഷ്ടാവിനെ വിട്ടകലലും നഷ്ടപ്പെടുത്തലുമാണ്. സ്രഷ്ടാവിനു മഹത്വം കൊടുക്കാതിരിക്കുന്നതും ദൈവമായി അവിടുത്തെ ആരാധിക്കാത്തതുമാണ്. അതിൻെറ പരമകാഷ്ഠയാണ് വിഗ്രഹാരാധന; അതായതു്, ദൈവത്തിനു മാത്രം നൽകേണ്ട ആരാധന മററന്തിനെങ്കിലും നൽകുക.

രക്ഷയെന്നു പറഞ്ഞാൽ ദൈവിക വ്യക്തികളുടെ ദിവ്യ വെളിപാടു വഴി പാപവും അജ്ഞാനാന്ധകാരവും വഴിപിഴയ്ക്കലും നീക്കലാണ്. ദൈവം തന്നെത്തന്നെ മനുഷ്യനു വെളിപ്പെടുത്തുന്നതാണ് രക്ഷ. ത്രിയേകദൈവത്തിൻെറ വെളിപ്പെടുത്തലാണു രക്ഷ. ഈ വെളിപ്പെടുത്തൽ യേശുക്രിസ്തുവിലാണു നടന്നതു്. ക്രിസ്തുവിൻെറയും പരിശുദ്ധാത്മാവിൻെറയും, കാലത്തിലുള്ള പ്രവർത്തനങ്ങളും ഈ വെളിപ്പെടുത്തലിൻെറ കേന്ദ്ര സംഭവങ്ങളാണ്.

മനുഷ്യ രക്ഷ ആരംഭിച്ചതു ദൈവം തന്നെയാണ്. സ്വയം രക്ഷിക്കാനശക്തനായ മനുഷ്യൻ പാപിയും ബന്ധിതനും അജ്ഞനമായിക്കഴിഞ്ഞപ്പോഴും, ദൈവത്തെ മനുഷ്യൻ തൻെറ ശത്രുവായിക്കരുതി പുറം തിരിഞ്ഞോടിയപ്പോഴും, സ്നേഹപിതാ

www.malankaralibrary.com



വായ ദൈവം മനുഷ്യനെ കൈവെടിയാതെ അവൻെറ പക്കലേക്ക് തൻെറ ഏകജാതനെ അയച്ചു. "തൻെറ ഏകജാതനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ. 3:16). അവനെ മനുഷ്യരക്ഷയെ പ്രതി ബലഹീന ശരീരത്തിൽ അയച്ചു. "വിശ്വാസംവഴി സംലബ്ധമാകുന്ന രക്തം കൊണ്ടുള്ള പാപപരിഹാരമായി ദൈവം അവനെ നിശ്ചയിച്ചു" (റോമ. 3:25_26). ദൈവം തൻെറ ക്ഷമയിൽ പഴയ പാപങ്ങളെ അവഗണിക്കുകയും യേശുവിൽ വിശ്വസിക്കുന്നവരെ നീതീകരിക്കുകയും ചെയ്യുന്നു (റോമ. 3:26).

മനുഷ്യാവതാരം രക്ഷയുടെ കർമ്മമാണ്. തൻെറ വ്യക്തിത്വത്തിൽ യേശുക്രിസ്തു എന്ന പുത്രൻതമ്പുരാൻ ദൈവത്തെയും മനുഷ്യനേയും ഒന്നിച്ചുചേർത്തു. ദൈവവുമായുള്ള സംസർഗ്ഗത്തിനും കൂട്ടായ്മയ്ക്കുമുള്ള പാത തുറന്നു. ദൈവപുത്രൻ നമ്മുടെ മനുഷ്യത്വം സ്വീകരിച്ചപ്പോൾ മനുഷ്യകുലത്തെ മുഴുവൻ തന്നോട് അവിടുന്ന് ഐക്യപ്പെടുത്തി. ആദ്യമനുഷ്യൻ പാപത്തിന് നേതൃത്വം നൽകി, അനന്തരാവകാശമായി പാപം പിൻതലമുറയ്ക്കു പകർന്നുകൊടുത്തു. അതിനെക്കാൾ ഉപരിയായ രീതിയിൽ അവിടുന്ന് മനുഷ്യകുലത്തെ നിത്യ ജീവനിലേക്കാനയിച്ചു.

ക്രിസ്തു നമ്മെ യഥാർത്ഥജ്ഞാനത്തിലേക്കും പ്രകാശത്തിലേക്കും നയിക്കുന്നു. അവിടുന്ന് പാപത്തിൻെറ കടച്ചീട്ട് കീറിക്കളഞ്ഞ് തൻെറ കുരിശിൽ തറച്ചു. ത്രിയേകദൈവത്തിലേക്ക് മനുഷ്യകുലത്തെ തിരിച്ചുവിട്ടു. ദൈവം ക്രിസ്തുവിൽ മനുഷ്യകുലത്തോടു ക്ഷമിക്കുകയും തൻെറ സൗഹൃദത്തിലേക്ക മനുഷ്യരെ സ്വീകരിക്കുകയും ചെയ്തു. ദൈവപിതാവും തൻെറ മക്കളും തമ്മിലുള്ള വ്യക്തിപരമായ ബന്ധം നേരെയാക്കി ക്രമപ്പെടുത്തി. ക്രിസ്തുവിൻെറ മരണവും ഉത്ഥാനവും ആണ് തൻെറ മക്കൾക്കുവേണ്ടി ദൈവം ചെയ്ത രക്ഷാകരകർമ്മങ്ങളുടെ പൂർത്തീകരണം. തൻെറ കരുണാബാഹുല്യത്തിൻെറ പ്രത്യക്ഷീകരണമാണ് ഇതിൽ നാം കാണുക. ഇത് ദൈവത്തിൻെറ നിത്യമായ പദ്ധതിയുടെ ഭാഗമാണ്. സൃഷ്ടിയുടെ തന്നെ ലക്ഷ്യവും ഇതായിരുന്നു. 'യേശുക്രിസ്തുവഴിയുള്ള നിത്യജീവനാണ്", ദൈവം നൽകുന്ന സൗജന്യദാനം,

www.malankaralibrary.com



യേശുവിൽ വിശ്വസിക്കുന്നവർ ഈ രക്ഷയ്ക്കു അവകാശികളാണ്. ഈ ഭൂമിയിൽ വച്ചു തന്നെ ത്രിയേകദൈവവുമായി സംസർഗ്ഗത്തിലും സ്നേഹത്തിലും കഴിയുന്നു. ദൈവം അവരിൽ വസിക്കുന്നു. അവർ ദൈവത്തിൽ വസിക്കുന്നു. ''ദൈവപുത്രൻ വന്നെന്നും സത്യസ്വരൂപനെ അറിയാനുള്ള കഴിവു നമുക്കു നൽകിയെന്നും നാം അറിയുന്നു. നാമാകട്ടെ സത്യസ്വരൂപനിലും അവിടത്തെ പുത്രനായ യേശുക്രിസ്തുവിലും ആണ്. ഇവനാണ് സത്യദൈവവും നിത്യജീവനും'' (യോഹ. 5: 20) ഭൗതികജീവിതാവസാനം നാം ഈ ധരയിലെ താൽക്കാലിക വാസം അവസാനിപ്പിച്ച് ദൈവത്തോടുകൂടി നിത്യമായി വാഴേണ്ടതിന് ദൈവികവാസസ്ഥലങ്ങളിലേയ്ക്ക് എടുക്കപ്പെടുന്നു. നമ്മുടെ കർത്താവ് മരിച്ചവരിൽ നിന്ന് ഉയിർത്ത് എന്നേക്കും ജീവിക്കുന്നതുപോലെ, തന്നിൽ വിശ്വസിക്കുന്നവനും മരിച്ചാലും ഉയിർക്കുകയും ക്രിസ്തുവിനോടുകൂടി നിത്യമായി ജീവിക്കുകയും ചെയ്യും. സത്യം ചെയ്തുകൊണ്ട് യേശു പറഞ്ഞു: ''സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അല്ല വന്നു കഴിഞ്ഞു. ആ സ്വരം ശ്രവിക്കുന്നവർ ജീവിക്കും'' (യോഹ. 5:25).

**ഈ രക്ഷ നമുക്കു സ്വന്തമാക്കാം.**

സന്മനസ്സുള്ള എല്ലാവർക്കും ഉള്ളതാണ് ഈ രക്ഷ. ഇതു ദൈവത്തിന്റെ സൗജന്യദാനമാണ്: ''ദാഹാർത്തരേ, നിങ്ങളെല്ലാവരും എന്റെ അടുക്കൽ വന്നു കുടിക്കുവിൻ'' എന്നു കർത്താവ് അരുളിച്ചെയ്യുന്നു. (യോഹ. 7:37). ഇതു പാപികൾക്കും ദൈവത്തെപ്പററി ദാഹിക്കുന്നവർക്കും ഉള്ളതാണ്. തനിക്കിഷ്ടമുള്ളവർക്ക് ദൈവം തന്റെ ദാനം നൽകുന്നു: അവിടുന്നു മുൻകൂട്ടി അറിഞ്ഞവരെ തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാക്കാൻ അവിടുന്നു മുൻകൂട്ടി നിശ്ചയിച്ചു. അവരെ വിളിച്ചു, നീതീകരിച്ചു, മഹത്വപ്പെടുത്തി. അങ്ങനെ തന്റെ പുത്രനെ അനേകം സഹോദരന്മാരിൽ ആദ്യജാതനാക്കുന്നു (റോമ. 8:29-30), ദൈവത്തെ സ്നേഹിക്കുന്നവർക്കാണ് ദൈവം ഇതു നൽകുന്നത്. ''ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവനു പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം

www.malankaralibrary.com



അവനിൽ നിത്യജീവനിലേക്കു നിർഗ്ഗളിക്കുന്ന അരുവിയാകും (യോഹ. 4:14). നാം യേശുക്രിസ്തുവിനെ സ്വന്തമാക്കണം. ദൈവത്തിൻെറ മക്കളായിരിക്കണം. നാം ഉത്ഥാനം ചെയ്ത നാഥൻെറ അവയവങ്ങളായിരിക്കണം. അവൻെറ സ്വന്തമാകണം.

## പ്രാർത്ഥന

ഞാൻ എൻെറ ജീവിതത്തിൽ യേശു ക്രിസ്തുവിനെ കർത്താവും ദൈവവും രക്ഷകനുമായി അംഗീകരിക്കുന്നു. തൻെറ സ്വർഗീയ പിതാവിലും ഞാൻ വിശ്വസിക്കുന്നു. തൻെറ പരിശുദ്ധാത്മാവ് എന്നെ വഴി നടത്തുന്നു. എന്നു ഞാൻ വിശ്വസിക്കുന്നു. യേശുക്രിസ്തു തൻെറ കുരിശിലെ രക്തം വഴി എന്നെ രക്ഷിച്ചെന്നും തൻെറ ഉത്ഥാനം വഴി എനിക്കു നിത്യജീവൻ തന്നെന്നും ഞാൻ വിശ്വസിക്കുന്നു, ഉത്ഥാനം ചെയ്ത യേശുവിനാൽ രക്ഷിക്കപ്പെട്ട ഞാൻ യേശുവിനെ ധരിച്ച് സ്നേഹത്തിൽ ജീവിക്കണം എന്നും ഞാൻ വിശ്വസിക്കുന്നു. കർത്താവായ യേശുക്രിസ്തു വഴി ദൈവത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു വഴി ദൈവത്തിനു സ്തോത്രം. നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽ നിന്ന് യാതൊന്നും എന്നെ വേർപെടുത്താൻ ഇടയാകാതിരിക്കട്ടെ. ഞാൻ എൻെറ പഴയ മനുഷ്യനെ അവനോടുകൂടി ക്രൂശിക്കുന്നു. മേലിൽ ഞാൻ പാപത്തിന് അടിമപ്പെടാതിരിക്കാൻ ദൈവം എനിക്കു കൃപ നൽകട്ടെ. ക്രിസ്തുവിനോടുകൂടി പാപത്തിനു മരിച്ച ഞാൻ ക്രിസ്തുവിനോടു കൂടി ജീവിക്കും എന്ന് വിശ്വസിക്കുന്നു. പാപം മേലിൽ ഞങ്ങളുടെ മേൽ ഭരണം നടത്താതിരിക്കാൻ, ജീവൻ പ്രാപിച്ചവനായ ഞാൻ എന്നെയും എൻെറ ശരീരത്തെയും ദൈവത്തിനു സമർപ്പിക്കുന്നു. ഒരിക്കലും പരാജയപ്പെടാത്ത ദൈവ വചനത്താൽ അവിടുന്ന് എന്നെ നയിക്കട്ടെ. അടിപതറാതെ യേശുവിനെ ഞാൻ ജീവിതത്തിൽ കാണിച്ചുകൊടുക്കുകയും അങ്ങനെ അനേകർക്ക് രക്ഷയുടെ ഹേതു ആയിത്തീരുകയും ചെയ്യട്ടെ. നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമായ സ്വർഗ്ഗരാജ്യത്തിനു ഞാൻ അവകാശിയായിത്തീരട്ടെ. സർവജ്ഞനായ ഏകദൈവത്തിന് യേശുക്രിസ്തുവഴി എന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ, ആമ്മീൻ,

www.malankaralibrary.com



# പ്രാർത്ഥനകൾ

## I

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മീൻ.**

ഞങ്ങളുടെ സ്രഷ്ടാവും പരിപാലകനുമായ പിതാവേ, നിനക്കു സ്തുതി.

ഓരോന്നിനും ശേഷം പ്രത്യുത്തരം:
ദൈവമേ, നിനക്കു സ്തുതി.

ഞങ്ങൾക്കുവേണ്ടി ആറു ദിവസംകൊണ്ട് ദൃശ്യാദൃശ്യ പ്രപഞ്ചം സൃഷ്ടിച്ച പിതാവേ, നിനക്കു സ്തുതി.

ആദാമിനെയും ഹവ്വായേയും പറുദീസായിൽ സൃഷ്ടിച്ച പരമനന്മയായ പിതാവേ, നിനക്കു സ്തുതി.

മനുഷ്യകുലത്തിന്റെ പാപപരിഹാരത്തിനും പാപവിമോചനത്തിനുമായി രക്ഷകനെ വാഗ്ദാനം ചെയ്ത പിതാവേ, നിനക്കു സ്തുതി.

രക്ഷകന്റെ വരവിനുവേണ്ടി ഒരു ജനത്തെ ഒരുക്കിയ പിതാവേ, നിനക്കു സ്തുതി.

രക്ഷകനെ ഉദ്ദർശനം ചെയ്തുകൊണ്ട് മനുഷ്യരക്ഷയ്ക്കുള്ള മാർഗ്ഗങ്ങൾ ഇടമുറിയാതെ നൽകിയ പിതാവേ, നിനക്കു സ്തുതി.

"പൂർവകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും" തെരഞ്ഞെടുക്കപ്പെട്ട ജനത്തോടു സംസാരിച്ച പിതാവേ, നിനക്കു സ്തുതി.

അദൃശ്യനായ അങ്ങയുടെ പ്രതിബിംബവും എല്ലാ സൃഷ്ടികളുടെയും ആദ്യജാതനുമായ യേശുമിശിഹായെപ്പററി പ്രവാചകരിലൂടെ മുന്നറിയിച്ചുകൊണ്ടിരുന്ന പിതാവേ, നിനക്കു സ്തുതി (കൊളോ. 1:15).

യേശുമിശിഹായിൽ വിശ്വസിക്കാനിരുന്ന എല്ലാവരെയും പരിശുദ്ധ സഭയിൽ സമ്മേളിപ്പിക്കാൻ നിശ്ചയിച്ച പിതാവേ, നിനക്കു സ്തുതി.

www.malankaralibrary.com



അവസാന നാളുകളിൽ തന്റെ പുത്രൻ വഴി ഞങ്ങളോടു സംസാരിച്ച പിതാവേ, നിനക്കു സ്തുതി (എബ്രാ 1:2).

തന്റെ ഏകജാതനെ അയയ്ക്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച പിതാവേ, നിനക്കു സ്തുതി.

ലോകസ്ഥാപനത്തിനു മുൻപു തന്നെ യേശുമിശിഹായിൽ ഞങ്ങളെ തെരഞ്ഞെടുക്കുകയും മക്കളായി ദത്തെടുക്കുവാൻ മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്ത പിതാവേ, നിനക്കു സ്തുതി.

തന്റെ ഏകജാതനിൽ സമസ്തവും പുനരുദ്ധരിക്കാൻ തിരുമനസ്സായ പിതാവേ, നിനക്കു സ്തുതി (എഫേ. 1;4;5:10).

കന്യകയുടെ ഉദരത്തിൽ പുത്രൻ ഉരുവാകുവാൻ മംഗലവാർത്തയുമായി ഗബ്രിയേൽ മാലാഖയെ അയച്ച പിതാവേ, നിനക്കു സ്തുതി.

പുത്രന്റെ ജനനം സംബന്ധിച്ച് പദ്ധതികൾ ഒരുക്കിക്കൊണ്ടിരുന്ന പിതാവേ, നിനക്കു സ്തുതി.

ഇടയന്മാരെ ബേത്‌ലഹേമിലെ പുൽത്തൊട്ടിയിലേക്ക് ആനയിച്ച പിതാവേ, നിനക്കു സ്തുതി.

കിഴക്കു നിന്നു വിദ്വാന്മാരെ നക്ഷത്രംകൊണ്ട് വഴി നടത്തി ബേത്‌ലഹേമിലെത്തിച്ച പിതാവേ, നിനക്കു സ്തുതി.

"ഇവൻ എന്റെ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവന്റെ വാക്കു ശ്രവിക്കുവിൻ" എന്ന് യോർദ്ദാനിൽ വച്ചും താബോറിൽ വച്ചും ഉദ്ഘോഷിച്ച പിതാവേ, നിനക്കു സ്തുതി.

പുത്രനെ മഹത്വപ്പെടുത്തി മരണത്തിൽ നിന്നുയിർപ്പിച്ചും വലത്തുഭാഗത്ത് ഉപവിഷ്ടനാക്കിയ പിതാവേ, നിനക്കു സ്തുതി.

ഞങ്ങളുടെ പാപങ്ങളെല്ലാം അവഗണിക്കുകയും യേശുവിൽ വിശ്വസിക്കുന്നവരെ നീതീകരിക്കുകയും ചെയ്യുന്ന പിതാവായ ദൈവമേ, നിനക്കു സ്തുതി.

തന്റെ കൃപാസാഗരത്തിലേക്ക് യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം ഞങ്ങളെ പ്രവേശിപ്പിച്ച പിതാവായ ദൈവമേ, നിനക്കു സ്തുതി.

www.malankaralibrary.com



ഞങ്ങളെ അനുതാപത്തിലേക്ക നയിക്കുന്ന കാരുണ്യവാനായ ദൈവമേ, നിനക്കു സ്തുതി.

നിത്യജീവൻ പ്രദാനം ചെയ്യുന്നവനായ ദൈവമേ, നിനക്കു സ്തുതി.

പാപം ചെയ്ത് മഹത്വത്തിനു അയോഗ്യരായിത്തീർന്ന ഞങ്ങളെ മഹത്വമണിയിച്ച ദൈവമേ, നിനക്കു സ്തുതി.

ഞങ്ങൾക്കു പാപമോചനവും വിശുദ്ധീകരണവും നിത്യജീവനും നൽകുന്ന ഞങ്ങളുടെ നാഥനായ ദൈവമേ, നിനക്കു സ്തുതി.

തൻെറ പുത്രനെ പാപ പരിഹാരത്തിനുവേണ്ടി പാപകരമായ ശരീരത്തിൻെറ സാദൃശ്യത്തിൽ അയച്ചുകൊണ്ടു് പാപത്തിനു ശരീരത്തിൽ ശിക്ഷ വിധിച്ച ദൈവമേ, നിനക്കു സ്തുതി.

സർവ്വവും ഞങ്ങളുടെ നന്മയ്ക്കായി പരിണമിപ്പിക്കുന്ന ദൈവമേ, നിനക്കു സ്തുതി.

ഞങ്ങളെ മുൻകൂട്ടി അറിയുകയും, തൻെറ പുത്രൻെറ സാദൃശ്യത്തോട് അനുരൂപരാക്കാൻ മുൻകൂട്ടി നിശ്ചയിക്കുകയും വിളിച്ചുട്പ്പിക്കയും നീതീകരിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്ത ദൈവമെ, നിനക്കു സ്തുതി.

സ്വപുത്രനെപ്പോലും ഒഴിവാക്കാതെ ഞങ്ങൾക്കുവേണ്ടി അവനെ ഏല്പിച്ചുതരികയും അവനോടു കൂടി സമസ്തവും ദാനമായി തരികയും ചെയ്ത ദൈവമെ, നിനക്കു സ്തുതി.

## II

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മീൻ.**

ഞങ്ങളിൽപ്രവർത്തിക്കുന്ന ശക്തിയാൽ ഞങ്ങൾ ചോദിക്കുന്നതിലും ആഗ്രഹിക്കുന്നതിലും വളരെ കൂടുതലായി ചെയ്തു തരാൻ കഴിയുന്ന ദൈവമേ, നിനക്കു സ്തുതി (എഫേ.3:20).

www.malankaralibrary.com



പ്രത്യുത്തരം: കാരുണ്യവാനായ കർത്താവേ, നിനക്കു സ്തുതി. നിനക്കു സ്തോത്രം. നിനക്ക് ആരാധന.

ഞങ്ങളിൽ സൽപ്രവൃത്തികൾ ആരംഭിക്കുകയും യേശു ക്രിസ്തുവിൻെറ ദിനമാകുമ്പോഴേക്കും അതു പൂർത്തിയാക്കുകയും ചെയ്യുന്ന ദൈവമേ, നിനക്കു സ്തുതി (ഫിലി.1:6).

മിശിഹായുടെ പ്രകാശത്തിൽ വിശുദ്ധരോടൊപ്പം പങ്കു ചേരാനുള്ള അവകാശത്തിനു ഞങ്ങളെ യോഗ്യരാക്കിയ പിതാവേ, നിനക്കു സ്തുതി (കൊളോ. 1:12).

അന്ധകാരത്തിൻെറ ആധിപത്യത്തിൽ നിന്നു് ഞങ്ങളെ വിമോചിപ്പിക്കുകയും പ്രിയപുത്രൻെറ രാജ്യത്തിലേക്കു ഞങ്ങളെ ആനയിക്കുകയും ചെയ്ത പിതാവേ, നിനക്കു സ്തുതി.

സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും യേശുക്രിസ്തുവിലൂടെ തന്നോടു് അനുരഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയ രക്തംവഴി സമാധാനം സ്ഥാപിക്കുകയും ചെയ്ത ദൈവമേ, നിനക്കു സ്തുതി (കൊളോ 1:20).

ഞങ്ങളുടെ ഹൃദയങ്ങൾ പരിശോധിക്കുന്ന ദൈവമേ, നിനക്കു സ്തുതി (തെസ. 1:4).

തൻെറ രാജ്യത്തിലേക്കും മഹത്വത്തിലേക്കും വിശുദ്ധിയിലേക്കും ഞങ്ങളെ വിളിക്കുന്ന ദൈവമേ, നിനക്കു സ്തുതി (1 തെസ്സ. 2:12;4:7).

ജ്ഞാനത്തിൻെറയും വെളിപാടിൻെറയും ആത്മാവിനെ പ്രദാനം ചെയ്തുകൊണ്ടു് തന്നെക്കുറിച്ചുള്ള പൂർണ്ണമായ അറിവിലേക്കു ഞങ്ങളെ നയിക്കുന്ന മഹത്വത്തിൻെറ പിതാവേ നിനക്കു സ്തുതി (എഫേ. 1:17.)

യേശുമിശിഹ യെ മരിച്ചവരിൽ നിന്നുയിർപ്പിച്ച് സ്വർഗത്തിൽ തൻെറ വലത്തുഭാഗത്തിരുത്തിയ പിതാവേ, നിനക്കു സ്തുതി (എഫേ. 1:20).

അറിയപ്പെടുന്ന എല്ലാ നാമങ്ങൾക്കും ഉപരിയായി യേശു മിശിഹായെ ഉപവിഷ്ടനാക്കിയ ദൈവമേ, നിനക്കു സ്തുതി (എഫേ.1:21).

എല്ലാററിനെയും ക്രിസ്തുവിൻെറ പാദങ്ങൾക്കു കീഴാക്കുകയും എല്ലാററിനും മുകളിൽ അവനെ സഭയ്ക്കു തലവനായി നിയമിക്കുകയും ചെയ്ത ദൈവമേ, നിനക്കു സ്തുതി.

www.malankaralibrary.com



ക്രിസ്തുവഴി ഞങ്ങളോടു ക്ഷമിച്ച ദൈവമേ, നിനക്കു സ്തുതി.

തൻെറ മഹത്തായ സ്നേഹത്താൽ ക്രിസ്തുവിനോടുകൂടെ ഞങ്ങളെ ജീവിപ്പിച്ച കരുണാസമ്പന്നനായ ദൈവമേ, നിനക്കു സ്തുതി (എഫേ. 2:5).

തൻെറ കൃപയിൽ ഞങ്ങളെ രക്ഷിച്ച ഉടയവനേ, നിനക്കു സ്തുതി (എഫേ. 2:5).

യേശുവിൻെറ ഉത്ഥാനത്തിൽ ഞങ്ങളെ ഉയിർപ്പിക്കുകയും സ്വർഗ്ഗത്തിൽ തന്നോടു കൂടെ ഇരുത്തുകയും ചെയ്ത ദൈവമേ, നിനക്കു സ്തുതി (എഫേ. 2:6).

ഞങ്ങളെ മനഞ്ഞുണ്ടാക്കി ജീവശ്വാസം ഊതി ജീവിപ്പിച്ച ദൈവമേ, നിനക്കു സ്തുതി (എഫേ 2:10).

സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃത്വങ്ങൾക്കും നാമകരണമായ പിതാവേ, നിനക്കു സ്തുതി (എഫേ. 3:14).

തൻെറ ആത്മാവിലൂടെ ഞങ്ങളുടെ ആന്തരിക മനുഷ്യനെ ശക്തിപ്പെടുത്തുന്ന ദൈവമെ, നിനക്കു സ്തുതി (എഫേ. 3:16).

തൻെറ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനു മുൻപുതന്നെ ക്രിസ്തുവിൽ ഞങ്ങളെ തെരഞ്ഞെടുത്ത ദൈവമേ, നിനക്കു സ്തുതി.

യേശുക്രിസ്തുവഴി ഞങ്ങൾ തൻെറ പുത്രരായി തെരഞ്ഞെടുക്കപ്പെടണമെന്ന് തൻെറ ലക്ഷ്യവും ഹിതവുമനുസരിച്ച് മുൻകൂട്ടി തീരുമാനിച്ച ദൈവമേ, നിനക്കു സ്തുതി (എഫേ. 1:5).

തൻെറ പ്രിയപ്പെട്ടവനിലൂടെ ഞങ്ങളിൽ ചൊരിഞ്ഞ തൻെറകൃപയുടെ മഹത്വത്തിനും പുകഴ്ചയ്ക്കും വേണ്ടി ഞങ്ങളെ തെരഞ്ഞെടുത്ത ദൈവമേ, നിനക്കു സ്തുതി (എഫേ. 1:6).

തൻെറ കൃപയുടെ സമൃദ്ധിക്കൊത്ത് ക്രിസ്തുവിൽ ഞങ്ങൾക്കു പാപമോചനവും അവൻെറ രക്തം വഴി രക്ഷയും നൽകിയ ദൈവമേ, നിനക്കു സ്തുതി (1:7).

തൻെറ ജ്ഞാനത്തിലും വിവേകത്തിലും ഞങ്ങളിൽ സമൃദ്ധമായി കൃപ ചൊരിഞ്ഞ ദൈവമേ, നിനക്കു സ്തുതി (1:8).

www.malankaralibrary.com



ക്രിസ്തുവിൽ വ്യക്തമാക്കിയ തൻെറ അഭീഷ്ടമനസരിച്ച് തൻെറ പദ്ധതിയുടെ രഹസ്യം ഞങ്ങൾക്ക മനസ്സിലാക്കിത്തന്ന ദൈവമേ, നിനക്ക സ്തുതി (1:9).

കാലത്തിൻെറ പൂർണതയിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാററിനെയും ക്രിസ്തുവിൽ ഒന്നിപ്പിക്കുന്ന ദൈവമേ, നിനക്ക സ്തുതി (1:10).

പരിശുദ്ധാത്മാവിനാൽ ഞങ്ങളെ മുദ്രകുത്തിയ ദൈവമേ, നിനക്ക സ്തുതി (1:13).

തൻെറ മഹത്വം പ്രകീർത്തിക്കാനുള്ള അവകാശം ഞങ്ങൾക്ക തിരികെത്തന്ന ദൈവമേ, നിനക്ക സ്തുതി (1:14).

## III

## പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മീൻ.

ഞങ്ങളിൽ മുദ്ര പതിക്കുകയും, അച്ചാരമായി പരിശുദ്ധാത്മാവിനെ ഞങ്ങളുടെ ഹൃദയങ്ങളിൽ ചിന്തുകയും ചെയ്ത ദൈവമേ, നിനക്ക സ്തുതി (എഫേ 1:22; 2കൊറി.5:5).

പ്രത്യുത്തരം: കർത്താവേ ഞങ്ങളുടെ മേൽ കരുണ ചെയ്യണമെ.

ക്രിസ്തുവിൽ ഞങ്ങളെ എല്ലായ്പ്പോഴും വിജയത്തിൽ എത്തിക്കുകയും അവനെ കുറിച്ചുള്ള ജ്ഞാനത്തിൻെറ സൗരഭ്യം ഞങ്ങൾ വഴി എല്ലായിടത്തും പരത്തുകയും ചെയ്യുന്ന ദൈവമെ, നിനക്ക സ്തുതി (എഫേ. 2:14).

ഞങ്ങളെ ക്രിസ്തുവിൽ സ്ഥാപിക്കുകയും അഭിഷേചിക്കുകയും ചെയ്യുന്ന ദൈവമെ, നിനക്ക സ്തുതി (എഫേ.2:21).

ആത്മാവിനാൽ പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരാകാൻ ഞങ്ങളെ യോഗ്യരാക്കിയ ദൈവമെ, നിനക്ക സ്തുതി(3:6).

എന്നേക്കും വാഴത്തപ്പെട്ട പിതാവേ, നിനക്ക സ്തുതി.

കൃപയാൽ ഞങ്ങളെ വിളിക്കുകയും നീതികരിക്കുകയും ചെയ്ത ദൈവമെ, നിനക്ക സ്തുതി (ഗലാ.1:15).

www.malankaralibrary.com



മുഖം നോട്ടമില്ലാത്തവനായ ദൈവമെ, നിനക്കു സ്തുതി (2:7).

സ്വാതന്ത്ര്യത്തിലേക്കു ഞങ്ങളെ വിളിച്ച ദൈവമേ, നിനക്കു സ്തുതി (ഗലാ 5:13).

ദൈവത്തെ ആബാ_പിതാവേ, എന്നു വിളിക്കുന്ന തൻെറ പുത്രൻെറ ആത്മാവിനെ ഞങ്ങളുടെ ഹൃദയത്തിലേക്കു വർഷിച്ച ദൈവമെ, നിനക്കു സ്തുതി (ഗലാ 4:6).

സ്വർഗ്ഗീയമായ എല്ലാ ആത്മീയവരങ്ങളാലും ക്രിസ്തുവിൽ ഞങ്ങളെ അനുഗ്രഹിച്ച ദൈവമേ, നിനക്കു സ്തുതി.

യേശുക്രിസ്തുവിലുള്ള ഞങ്ങളുടെ ജീവിതത്തിൻെറ ഉറവിടമേ, നിനക്കു സ്തുതി (1കൊരി. 1:30).

ഞങ്ങൾക്കു മിശിഹായെ ജ്ഞാനവും നീതിയും വിശുദ്ധീകരണവും പരിത്രാണവും ആക്കിയ ദൈവമേ, നിനക്കു സ്തുതി.

കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ലാത്തവ തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ച ഞങ്ങളുടെ നല്ല ദൈവമേ, നിനക്കു സ്തുതി (2.9).

ആത്മാവു മുഖേനേ എല്ലാം വെളിപ്പെടുത്തുന്ന ദൈവമേ, നിനക്കു സ്തുതി (2.10).

അവിടുന്നു ഞങ്ങളിൽ വർഷിക്കുന്ന ദാനങ്ങൾ മനസ്സിലാക്കാനായി പരിശുദ്ധാത്മാവിനെ ചൊരിഞ്ഞ നല്ല ദൈവമേ, നിനക്കു സ്തുതി. (2.12).

എല്ലാം നട്ടുവളർത്തുന്നവനായ ദൈവമേ, നിനക്കു സ്തുതി. (3.4).

ഞങ്ങളെ നിൻെറആലയങ്ങളാക്കുകയും പരിശുദ്ധാത്മാവിനെ ഞങ്ങളിൽ വർഷിക്കുകയും ചെയ്ത ദൈവമേ, നിനക്കു സ്തുതി

അന്ധകാരത്തിൽ മറഞ്ഞിരിക്കുന്നവയെ വെളിച്ചത്തുകൊണ്ടുവരുന്നവനും ഹൃദയരഹസ്യങ്ങൾ വെളിപ്പെടുത്തുന്നവനുമായ ദൈവമേ, നിനക്കു സ്തുതി (4:5).

കർത്താവായ യേശുക്രിസ്തുവഴി ഞങ്ങളെ വിജയമകുടം ചൂടിക്കുന്ന ദൈവമേ, നിനക്കു സ്തുതി (15:57).

www.malankaralibrary.com



ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിൻെറ പിതാവേ, നിനക്കു സ്തുതി (2കൊറി.1:3;11:31; എഫേ.1:3; 1പത്രോ. 1:3; കൊളോ. 1:3).

കരുണയുടെ പിതാവും സകല സമാശ്വാസത്തിൻെറയും ദൈവവും മരിച്ചവരെ ഉയിർപ്പിക്കുന്നവനുമേ, നിനക്കു സ്തുതി.

വാഴ്ത്തപ്പെട്ടവനും മഹിമയുടെ സുവിശേഷം ഞങ്ങൾക്കു തന്നവനുമായ ദൈവമേ, നിനക്കു സ്തുതി (1 തിമോ. 1:11).

യുഗങ്ങളുടെ രാജാവും അദൃശ്യനുമായ ഏകദൈവമേ, നിനക്കു സ്തുതി (1:17).

എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നും ആഗ്രഹിക്കുന്ന ദൈവമേ, നിനക്കു സ്തുതി (2:4).

എല്ലാ മനുഷ്യരുടെയും, വിശിഷ്യാ വിശ്വാസികളുടെയും രക്ഷകനായ ജീവിക്കുന്ന ദൈവമേ, നിനക്കു സ്തുതി (4:10).

വാഴ്ത്തപ്പെട്ടവനും ഏകപരമാധികാരിയും രാജാക്കന്മാരുടെ രാജാവും പ്രഭുക്കന്മാരുടെ പ്രഭുവുമായ ദൈവമേ, നിനക്കു സ്തുതി (6:15).

ഞങ്ങളുടെ രക്ഷകനായ യേശുമിശിഹായിലൂടെ പരിശുദ്ധാത്മാവിനെ ഞങ്ങളുടെമേൽ സമൃദ്ധമായി വർഷിച്ച ദൈവമേ, നിനക്കു സ്തുതി (തീത്തോ. 3:6).

കാല സമ്പൂർണത വന്നപ്പോൾ തൻെറ പുത്രനെ അയച്ച ദൈവമേ, നിനക്കു സ്തുതി (1കൊറി. 4 4).

യേശുക്രിസ്തുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്ത പിതാവേ, നിനക്കു സ്തുതി (എബ്രാ.13:20; 1പത്രോ.1:21).

യേശുക്രിസ്തു വഴി തനിക്കു സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിതജനമായി ഞങ്ങളെ ആക്കിത്തീർത്ത ദൈവമേ, നിനക്കു സ്തുതി (1പത്രോ.2:5).

ഞങ്ങളെ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിത ഗണവും വിശുദ്ധ ജനതയും തൻെറ സ്വന്തം ജനവുമാക്കിത്തീർത്ത ദൈവമേ, നിനക്കു സ്തുതി (2;9).

www.malankaralibrary.com

# IV

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മീൻ.**

പുത്രനെ സകലത്തിൻെറയും അവകാശിയായി നിയമിക്കുകയും അവൻ മുഖേന പ്രപഞ്ചത്തെ സൃഷ്ടിക്കുകയും ചെയ്ത പിതാവായ ദൈവമേ, നിനക്കു സ്തുതി (എബ്രാ. 1:2).

പ്രത്യുത്തരം; കാരുണ്യവാനായ ദൈവമേ, നിനക്കു സ്തുതി.

ആർക്കുവേണ്ടിയും ആരുമൂലവും എല്ലാം നില്നില്ക്കുന്നുവോ ആരു് അനേകം പുത്രന്മാരെ മഹത്വത്തിലേക്കു നയിക്കുന്നുവോ, ആ രക്ഷയുടെ നാഥനെ സഹനം വഴി പരിപൂർണനാക്കിയ പിതാവായ ദൈവമേ, നിനക്കുസ്തുതി (2:10).

യേശുവിനെ മരിച്ചവരിൽ നിന്നുയിർപ്പിച്ച സമാധാനത്തിൻെറ ദൈവമേ, നിനക്കു സ്തുതി (1പത്രോ. 1:21; എബ്രാ. 13:20).

അന്ധകാരത്തിൽ നിന്നു് തൻെറ അത്ഭുതകരമായ പ്രകാശത്തിലേക്കു ഞങ്ങളെ വിളിച്ച ദൈവമേ, നിനക്കു സ്തുതി.

അനുഗ്രഹം അവകാശമാക്കുവാനായി ഞങ്ങളെ വിളിച്ച ദൈവമേ, നിനക്കു സ്തുതി (1പത്രോ 3:9).

തൻെറ കണ്ണുകൾ നീതിമാന്മാരുടെ നേരെയും തൻെറ ചെവികൾ അവരുടെ പ്രാർത്ഥനകളുടെ നേരെയുംതുറന്നിരിക്കുന്ന കർത്താവേ, നിനക്കു സ്തുതി (3:12).

തൻെറ നിത്യമഹത്വത്തിലേക്കു് ക്രിസ്തുവിൽ ഞങ്ങളെ വിളിച്ചിരിക്കുന്ന അനുഗ്രഹദാതാവായ ദൈവമേ, നിനക്കു സ്തുതി (5:10).

ഞങ്ങളുടെ ജീവിതത്തിനും ഭക്തിക്കും ആവശ്യമായവയെല്ലാം ഞങ്ങൾക്കു പ്രദാനം ചെയ്ത ശക്തനായ ദൈവമേ, നിനക്കു സ്തുതി (2 പത്രോ 1:3).

ദുരാശമൂലം ലോകത്തിലുണ്ടാകുന്ന വിനാശത്തിൽ നിന്നു രക്ഷപെട്ടു് ദൈവികസ്വഭാവത്തിൽ ഞങ്ങളെ പങ്കുകാരാക്കുവാൻ തിരുമനസ്സായ ദൈവമേ, നിനക്കുസ്തുതി (2പത്രോ 1:4).

www.malankaralibrary.com



തൻെറ മഹത്ത്വവും ഔന്നത്യവും വഴി അമൂല്യവും ശ്രേഷ്ഠവുമായ വാഗ്ദാനങ്ങൾ ഞങ്ങൾക്കു നൽകിയ ദൈവമേ, നിനക്കു സ്തുതി (1:4).

ആരും നശിച്ചുപോകാതെ എല്ലാവരും അനുതപിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട് ഞങ്ങളോട് ദീർഘക്ഷമ കാണിക്കുന്ന ദൈവമേ, നിനക്കു സ്തുതി (3:9).

നീതി നിവസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും ഞങ്ങൾക്കായി വാഗ്ദാനം ചെയ്ത ദൈവമേ, നിനക്കുസ്തുതി.

തൻെറ പുത്രൻെറ രക്തം വഴി എല്ലാ പാപങ്ങളിൽ നിന്നും ഞങ്ങളെ ശുദ്ധീകരിക്കുന്ന ദൈവമേ, നിനക്കു സ്തുതി.

ഞങ്ങൾ ആവശ്യപ്പെടുന്നതെന്തും നല്കുന്നവനായ ദൈവമേ, നിനക്കു സ്തുതി (1 യോഹ. 3:22).

തൻെറ ഏകപുത്രൻ വഴി ഞങ്ങൾ ജീവിക്കേണ്ടതിനായി അവനെ ലോകത്തിലേക്കയച്ച പിതാവേ, നിനക്കുസ്തുതി (4:9).

ഞങ്ങളെ സ്നേഹിക്കുകയും ഞങ്ങൾക്കു പാപപരിഹാര ബലിയായി സ്വപുത്രനെ അയയ്ക്കുകയും ചെയ്ത പിതാവേ, നിനക്കുസ്തുതി (4:10).

തൻെറ പുത്രനിൽ ഞങ്ങൾക്കു നിത്യജീവൻ തന്ന ദൈവമേ, നിനക്കു സ്തുതി (1 യോഹ. 5:12).

കരുണയും മനുഷ്യസ്നേഹവുമുള്ള ദൈവമേ, നിനക്കുസ്തുതി,

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, നിനക്കു സ്തുതി.

ശാന്തനും, ദയാലുവും ഉദാരനും മനുഷ്യസ്നേഹിയുമായ ദൈവമേ, നിനക്കു സ്തുതി.

ബലികളെക്കാൾ കരുണ ഇഷ്ടപ്പെടുന്ന ദൈവമേ, നിനക്കു സ്തുതി.

ദഹനയാഗങ്ങളെക്കാൾ അനുതാപമുള്ള ഹൃദയത്തെ സ്നേഹിക്കുന്ന ദൈവമേ, നിനക്കു സ്തുതി.

കാളകളുടെയും, കൊഴുത്ത ആട്ടിൻകുട്ടികളുടെയും രക്തത്തേയും മേദസ്സിനേയുംകാൾ വിനയമുള്ള ആത്മാവിനെ സ്വീകരിക്കുന്ന ദൈവമേ, നിനക്കു സ്തുതി.

www.malankaralibrary.com



ഞങ്ങളുടെ ആത്മീയ ബലിയെ തന്റെ ആദ്ധ്യാത്മിക ബലിപീഠത്തിൽ സ്വീകരിക്കുന്ന ദൈവമേ, നിനക്കു സ്തുതി.

രാജാക്കന്മാരുടെ ആരാധനയ്ക്കു പാത്രമായ മഹത്വമുള്ള രാജാവേ, നിനക്കു സ്തുതി.

പാപികളോടു കരുണ കാണിക്കുന്നവനേ, നിനക്കു സ്തുതി.

സകലത്തിന്റെയും നാഥനായ കർത്താവേ, നിനക്കു സ്തുതി.

## V

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മീൻ.**

സർവ്വാരാധ്യനായ നാഥനും സ്രഷ്ടാവുമേ, നിനക്കു സ്തുതി.
പ്രത്യുത്തരം : കരുണനിറഞ്ഞ കർത്താവേ, അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

വിളിച്ചപേക്ഷിക്കുന്ന പാപികൾക്ക് ഉത്തരമരുളുന്ന കാരുണ്യവാനായ പിതാവേ, നിനക്കുസ്തുതി.
സ്വർഗീയ രാജാവേ, നിനക്കു സ്തുതി.

ഉന്നതങ്ങളിൽ വസിക്കുകയും എളിയ കാര്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുന്ന കാരുണ്യവാനായ കർത്താവേ, നിനക്കുസ്തുതി.

വഴിതെററിപ്പോയവരെ തിരിച്ചുകൊണ്ടുവരാൻ മഹത്തായ മനുഷ്യസ്നേഹം മൂലം സ്വപുത്രനെ ലോകത്തിലേക്കയച്ച പിതാവായ ദൈവമേ, നിനക്കു സ്തുതി.

നീതിമാനായ പിതാവേ, നിനക്കു സ്തുതി.

സർവ്വവല്ലഭനും വിസ്മയനീയനുമായ കർത്താവേ, നിനക്കു സ്തുതി.

സ്നേഹസ്വരൂപനും സമാധാനത്തിന്റെ ഉറവിടവും സർവ്വരുടെയും പ്രത്യാശയുമായ ദൈവമേ, നിനക്കു സ്തുതി.

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി കാലത്തികവിൽ തന്റെ വത്സലപുത്രനെ അയച്ച കരുണ നിറഞ്ഞ കർത്താവേ, നിനക്കു സ്തുതി

www.malankaralibrary.com



പരിശുദ്ധവും ജീവദായകവുമായ രഹസ്യങ്ങൾ ഞങ്ങളെ ഭരമേല്പിച്ച കർത്താവേ, നിനക്കു സ്തുതി.

ഉന്നതസേനകളാൽ സ്തുതിക്കപ്പെടുന്ന കർത്താവേ, നിനക്കു സ്തുതി.

ദൈവികശക്തിയാൽ സകലവും ശുദ്ധീകരിക്കുന്ന സർവ്വശക്തിയുള്ള കർത്താവേ, നിനക്കു സ്തുതി.

ആത്മശരീരങ്ങളുടെ സ്രഷ്ടാവായ ദൈവമേ, നിനക്കു സ്തുതി.

പ്രാർത്ഥനകൾ സ്വീകരിക്കുന്നവനും യാചനകൾക്കു മറുപടിയരുളുന്നവനുമായ ദൈവമേ, നിനക്കു സ്തുതി.

തന്റെ സന്നിധിയിൽ നിന്നുകൊണ്ട് ഭയഭക്തിയോടെ പ്രാർത്ഥിക്കുവാൻ തന്റെ പുത്രൻ മുഖാന്തരം ഞങ്ങളെ പഠിപ്പിച്ച പിതാവായ ദൈവമേ, നിനക്കു സ്തുതി.

എല്ലാററിനും ഉപരിയായി ആഘോഷിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും മഹത്വീകരിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ചെയ്യുന്ന കാരുണ്യവാനായ കർത്താവേ, നിനക്കു സ്തുതി.

ജനകനും ജനിക്കാത്തവനുമായ പിതാവേ നിനക്കു സ്തുതി.

യോജിപ്പും സമാധാനവും സ്നേഹവും കരുണയുടെ ഉറവിടവുമായ ദൈവമേ, നിനക്കു സ്തുതി.

സമാധാനത്തിന്റെയും യോജിപ്പിന്റെയും ദൈവമായ കർത്താവേ, നിനക്കു സ്തുതി.

സകലരുടേയും സഹായിയും സങ്കേതവുമായ ദൈവമേ, നിനക്കു സ്തുതി.

പരിശുദ്ധനും മഹാകാരുണ്യവാനുമായ ദൈവമേ, നിനക്കു സ്തുതി.

ജീവനുള്ളവനും മഹാകാരുണ്യവാനുമായ ദൈവമേ, നിനക്കു സ്തുതി.

പ്രാർത്ഥനകൾക്കു മറുപടിയരുളുന്നവനായ ദൈവമേ, നിനക്കു സ്തുതി,

സഹായങ്ങളുടെ നിക്ഷേപവും നന്മകളുടെ ഉറവിടവുമായ ദൈവമേ, നിനക്കു സ്തുതി.

www.malankaralibrary.com



ആത്മശരീരങ്ങളുടെ സ്രഷ്ടാവേ, നിനക്കു സ്തുതി.

സർവാധിപതിയും ഇരുലോകങ്ങളുടേയും യഥാർത്ഥ പിതാവുമായ കർത്താവേ, നിനക്കു സ്തുതി.

ത്രിത്വമായി ആരാധിക്കപ്പെടുകയും പരിശുദ്ധനായി സ്തുതിക്കപ്പെടുകയും ഏകനായി വിശ്വസിക്കപ്പെടുകയും ചെയ്യുന്ന സർവാരാധ്യനായ കർത്താവേ, നിനക്കു സ്തുതി.

ഈറേന്മാരിൽനിന്നും മാലാഖമാരിൽനിന്നും മറഞ്ഞിരിക്കുന്ന പിതാവായ ദൈവമേ, നിനക്കു സ്തുതി.

ഉന്നതമായ മഹാവിശുദ്ധസ്ഥലത്തു് അദൃശ്യാവസ്ഥയിൽ അനാദ്യന്തമായ മഹത്വത്തോടു കൂടിയിരിക്കുന്നവനേ, നിനക്കു സ്തുതി

പരിശുദ്ധൻ എന്നു വിസ്മയനീയമാംവിധം പുകഴ്ത്തപ്പെടുന്നവനേ, നിനക്കു സ്തുതി,

സത്യൈകദൈവമെന്നു് പ്രത്യേകം അറിയപ്പെടുവാൻ തക്കവണ്ണം വിശകലന വിധേയനാകാതെ സ്തുതിക്കപ്പെടുന്നവനേ, നിനക്കു സ്തുതി.

സ്തുതികളുടെ ഐക്യത്തെ അവിഭക്തമായി തന്നിൽ സംയോജിപ്പിച്ചിരിക്കുന്നവനേ, നിനക്കു സ്തുതി.

## VI

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മീൻ.**

സീയോനിൽ നിന്നു് ശക്തിയുടെ ചെങ്കോൽ ഞങ്ങൾക്കയച്ചുതരുന്ന കർത്താവേ, നിനക്കു സ്തുതി.

പ്രത്യുത്തരം : ദൈവമായ കർത്താവേ, നിനക്കു സ്തുതി.

സർവ്വാധിപതിയും പാപികളുടെ അപരാധങ്ങൾ ക്ഷമിക്കുന്നവനുമായ കർത്താവേ, നിനക്കു സ്തുതി.

പാപികളുടെ മരണം ആഗ്രഹിക്കാത്ത ദൈവമേ, നിനക്കു സ്തുതി.

അയോഗ്യരായ ഞങ്ങളെ തന്റെ സന്നിധിയിലേക്കു വിളിച്ചുറപ്പിച്ച കരുണാമയനായ കർത്താവേ, നിനക്കു സ്തുതി.

www.malankaralibrary.com



തന്നെ വിളിച്ചപേക്ഷിക്കുന്നവരിൽ നിന്നു് സ്തോത്രബലി കൈക്കൊള്ളുന്ന സർവ്വശക്തനായ കർത്താവേ, നിനക്കു സ്തുതി.

പരിശുദ്ധവും മഹിതവുമായ ത്രിത്വമേ, നിനക്കു സ്തുതി.

കൃപാനിധിയായ കർത്താവേ, നിനക്കു സ്തുതി.

ആത്മാക്കളുടെയും സർവ്വജഡത്തിന്റെയും നാഥനായ ദൈവമേ, നിനക്കു സ്തുതി.

അഖിലാണ്ഡ സീമകളെ സംവഹിക്കുന്നവനേ, നിനക്കു സ്തുതി.

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വന്ന ദൈവമേ, നിനക്കു സ്തുതി.

വചനമായ യേശുവേ നിനക്കുസ്തുതി.

ഞങ്ങളുടെ പുനരുത്ഥാനത്തിനും ഞങ്ങളുടെ വർഗ്ഗത്തിന്റെ നവീകരണത്തിനുവേണ്ടി വരുവാനിരിക്കുന്നവനുമായ ദൈവപുത്രാ, നിനക്കു സ്തുതി.

ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ, നിനക്കു സ്തുതി.

മഹോന്നത ദൈവവും ഞങ്ങളുടെ രക്ഷകനുമായ യേശുമിശിഹായേ, നിനക്കു സ്തുതി.

കൊലയ്ക്കുള്ള ആട്ടിൻ കുട്ടിയെപ്പോലെ കൊണ്ടുപോകപ്പെട്ട യേശുതമ്പുരാനേ, നിനക്കു സ്തുതി.

രോമം കത്രിക്കുന്നവന്റെ മുമ്പിൽ ആടെന്നപോലെ മൗനം പാലിച്ച യേശുതമ്പുരാനേ, നിനക്കു സ്തുതി.

താഴ്മ നിമിത്തം വായ് തുറക്കാതിരുന്ന യേശുതമ്പുരാനേ, നിനക്കു സ്തുതി.

തന്റെ വിശുദ്ധ സ്ഥലത്തെ തന്റെ സിംഹാസനത്തിന്റെ പാദപീഠമാക്കിയ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

എന്നേക്കും രാജാവായി വാഴുന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

സ്വർഗ്ഗീയ പിതാവിന്റെ ആദ്യജാതാ, നിനക്കു സ്തുതി.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, നിനക്കു സ്തുതി.

ജറുസലേമിൽ രണ്ടു കള്ളന്മാരുടെ മദ്ധ്യേ ക്രൂശിക്കപ്പെട്ട മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

www.malankaralibrary.com



കുന്തംകൊണ്ട് വിലാവിൽ കുത്തേററ മിശിഹാതമ്പുരാനേ,
പ്രത്യുത്തരം : ദൈവമായ കർത്താവേ, നിനക്കു സ്തുതി.

സ്വവിലാവിൽ നിന്ന് സർവസൃഷ്ടിക്കും പാപപരിഹാരം നൽകുന്ന രക്തവും വെള്ളവും ഒഴുക്കിയ മിശിഹാതമ്പുരാനേ

തൻെറ ദൈവത്വം ഞങ്ങളുടെ മനുഷ്യത്വവുമായി യോജിപ്പിച്ച മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

വാതിലിൽ മുട്ടുന്ന അനുതാപികളെ കൈക്കൊള്ളുന്ന ദയാലുവായ ഏകപുത്രാ, നിനക്കു സ്തുതി.

പ്രധാനാചാര്യനായ മല്ക്കിസദേക്കിൻെറ വഴിപാടു കൈക്കൊണ്ട മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

ലോകം മുഴുവൻെറയും പാപപരിഹാരത്തിനും രക്ഷയ്ക്കും വേണ്ടി പിതാവിനു സ്വീകാര്യ ബലിയായി സ്വയം സമർപ്പിച്ച നിർമ്മല കുഞ്ഞാടായ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

ഞങ്ങളുടെ കർത്താവും ദൈവവും രക്ഷകനുമായ യേശു മിശിഹായേ, നിനക്കു സ്തുതി.
ഞങ്ങൾക്കുവേണ്ടി മനുഷ്യനായിത്തീർന്ന ദൈവപുത്രാ,
ഞങ്ങൾക്കുവേണ്ടി ജഡമെടുത്ത ആത്മീയനേ,
ഞങ്ങൾക്കു വേണ്ടി സ്നാനമേററ പാപരഹിതനേ,
ഞങ്ങൾക്കുവേണ്ടി ഉപവസിച്ച സമ്പൽസമൃദ്ധിയേ,
ഞങ്ങൾക്കുവേണ്ടി പീഡയനുഭവിച്ച പീഡാരഹിതനേ,
ഞങ്ങൾക്കുവേണ്ടി കുരിശിൽ മരിച്ച മരണമില്ലാത്തവനേ,
ഞങ്ങൾക്കുവേണ്ടി കബറടങ്ങിയ പ്രപഞ്ചനാഥനേ,
ഞങ്ങൾക്കുവേണ്ടി ഉത്ഥാനം ചെയ്ത മനുഷ്യപുത്രാ,
ഞങ്ങൾക്കുവേണ്ടി സ്വർഗാരോഹണം ചെയ്ത ദൈവമനുഷ്യനേ,
ഞങ്ങൾക്കുവേണ്ടി പിതൃവലഭാഗത്തിരിക്കുന്ന നാഥനേ,
ഉത്തമനും കാരുണ്യവാനുമായ ദൈവമേ...

ബലഹീനരും പാപികളുമായ മനുഷ്യരിൽ നിന്ന് കർബാനകളെയും കാഴ്ചകളെയും സ്വീകരിക്കുന്ന ദൈവമേ...
കർബ്ബാനയായ ദൈവമേ.....

www.malankaralibrary.com



കന്യകയുടെ ഉദരത്തിൽ നിന്നു ഉത്ഭവിച്ച് തൻെറ മാതാവിൻെറ സ്മരണയെ മഹത്വപ്പെടുത്തി ആഘോഷിച്ച മോഹനീയ ഫലമേ,

വിശുദ്ധരുടെ പെരുന്നാളുകളെയും അവയുടെ സന്തോഷത്തെയും ഭൂമിയിൽ മഹിമയുള്ളതാക്കിത്തീർത്ത വന്ദ്യനാഥനേ...

ഇമ്പകരമായ ശബ്ദത്താൽ മരിച്ചവരെ ജീവിപ്പിച്ച് ആനന്ദകരമായ മഹത്വത്തിൽ തന്നോടുകൂടെ ആമോദിപ്പിക്കുന്ന ജീവനുള്ളവനും ജീവൻ നൽകുന്നവനുമായ കർത്താവേ, നിനക്കു സ്തുതി.

മറിയാം എന്ന ദാഹാർത്തയായ ഭൂമിയിൽ നിന്നു മുളച്ചു വളർന്ന അനുഗ്രഹീത സസ്യമേ,
തൻെറ മഹനീയ സൗരഭ്യം ഭൂമി മുഴുവൻ നിറച്ചവനേ,
വിശിഷ്ടോപദേശത്താൽ ഭൂമുഖത്തു നിന്ന് അജ്ഞാനാന്ധകാരത്തെ നീക്കിയ ദിവ്യപ്രകാശമേ,
സ്വഭാവപ്രകാരം മരണമില്ലാത്തവനേ,
മനുഷ്യനായിത്തീർന്ന അശരീരിയേ,
സ്വർഗ്ഗീയ പിതാവിൻെറ ഏകപുത്രാ,
വചനവും രാജാവുമായ എൻെറ കർത്താവേ,
തൻെറ മരണത്താൽ ഞങ്ങളുടെ മരണത്തെ ഇല്ലാതാക്കിയ മരണമില്ലാത്തവനേ,
പരിശുദ്ധത്രിത്വത്തിൽ ഒരുവനേ,
പിതാവിനോടും ജീവനുള്ള പരിശുദ്ധാത്മാവിനോടും കൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്ന മിശിഹാ തമ്പുരാനെ,
സ്വയം യാഗമായിത്തീർന്ന് ഞങ്ങൾക്കു പാപപരിഹാരം നല്കിയവനേ,
ഞങ്ങളെ പവിത്രീകരിച്ച അഭികാമ്യമായ ശുദ്ധീകരണ ബലിയർപ്പണമേ,
കന്യകയിൽനിന്നു ജനിച്ചവനേ,
ക്രൂശാരോഹണത്താൽ ഞങ്ങളെ രക്ഷിച്ചവനേ,
മൃഗബലികളിൽ നിന്നു ഞങ്ങളെ സ്വതന്ത്രരാക്കിയ കുഞ്ഞാടേ,
പാപപരിഹാരം നൽകുന്നവനേ,
ഞങ്ങളെ വെടിപ്പാക്കുന്നവനേ,

www.malankaralibrary.com



ഞങ്ങളുടെ തിന്മകരം ക്ഷമിക്കുന്നവനേ,

പ്രത്യുത്തരം: ദൈവമായ കർത്താവേ, നിനക്കു സ്തുതി.

കർത്താധികർത്താവും മഹത്വത്തിൻെറ നാഥനുമായ മിശിഹാരാജാവേ,

എന്നേക്കും ഞങ്ങളുടെ കർത്താവും ദൈവവുമേ,

ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങരംക്കുവേണ്ടി പന്ത്രണ്ടു നീരുറവകരം ഒഴുക്കിക്കൊടുത്ത തീക്കൽ പാറയായ കർത്താവേ,

നിരന്തരമായി സ്വർഗീയ സൈന്യങ്ങളാൽ സ്തുതിക്കപ്പെടുന്ന കർത്താവേ,

മനുഷ്യവർഗ്ഗത്തിൻെറ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗം ചായിച്ച് ഇറങ്ങിവന്ന സർവവല്ലഭനും വിസ്മയനീയനുമായ ദൈവമേ,

മനുഷ്യരോടു താല്പര്യമുള്ളവനേ,

ജനിച്ചവനും ജനകനല്ലാത്തവനുമായ പുത്രാ,

സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും, ഞങ്ങരംക്ക് അനശ്വര ഭക്ഷണമായിത്തീരുകയും ചെയ്ത സത്യഅപ്പമായ മിശിഹാതമ്പുരാനേ,

സർവ്വവല്ലഭനും വിസ്മയനീയനുമായ ദൈവമേ,

സ്വമരണത്താൽ ഞങ്ങളുടെ മരണം നീക്കിക്കളഞ്ഞ മരണരഹിതനേ,

സ്വബലിയർപ്പണത്താൽ മനുഷ്യർക്ക് പാപപരിഹാരം നൽകിയ ഉത്തമനേ,

സ്നേഹപൂർവ്വം ലോകത്തിൽ പ്രത്യക്ഷപ്പെട്ട പുത്രൻ തമ്പുരാനേ,

സ്ലീബാമരത്തിൻമേലുള്ള ബലിയർപ്പണത്താൽ ഞങ്ങരംക്കു പാപമോചനം നൽകിയവനേ,

അമർത്ത്യനും അപരിമിതനും അദൃശ്യനും അപ്രമേയനും സകലത്തിൻെറയും യഥാർത്ഥജീവനും എല്ലാററിൻെറയും ആരംഭവുമായ കർത്താവേ,

പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സകല സൃഷ്ടികളെയും പ്രകാശിപ്പിക്കുന്നവനുമായ ദൈവമേ,

ബലിയും പാപപരിഹാരവുമായി പിതാവായ ദൈവത്തിനു സ്വയം സമർപ്പിച്ച മിശിഹാ തമ്പുരാനേ,

www.malankaralibrary.com



സ്വർഗ്ഗത്തിൽ നിന്നു് ഇറങ്ങി വരികയും ദാവീദിന്റെ പുത്രിയിൽ നിന്ന കാണപ്പെട്ടകയും ഗോഗുൽത്തായിൽവച്ചു മുറിക്കപ്പെട്ടകയും വിശുദ്ധ സഭയിൽ വിഭജിക്കപ്പെട്ടകയും വിശ്വാസമുള്ള ജനത്തിന നൽകപ്പെട്ടകയും ജീവനുള്ളവരെയും മരിച്ചവരെയും ആനന്ദിപ്പിക്കാൻ പര്യാപ്തമാവുകയും ചെയ്ത ജീവനുള്ള അപ്പമായ കർത്താവേ, നിനക്കസ്തുതി.

പ്രത്യുത്തരം: ദൈവമായ കത്താവേ, നിനക്ക സ്തുതി.

ദൈവാധിദൈവമേ, നിനക്ക സ്തുതി.
കർത്താധി കർത്താവേ,
ന്യായാധിപതികളുടെ ന്യായാധിപതിയേ,
അധികാരികളിൽ ഭീതി ഉളവാക്കുന്നവനേ,
ജീവന്റെ അപ്പമേ,
യഥാത്ഥ പ്രാധാന പുരോഹിതനേ,
പാപപരിഹാര ബലിയേ,
ആത്മീയ ബലിപീഠമേ,
രക്ഷണ്യവ്യാപാരപ്രകാരം പ്രകൃതിഭേദം കൂടാതെ
യഥാത്ഥത്തിൽ ഞങ്ങളോട കൂടി സംസർഗ്ഗം ചെയ്യുവനേ,
മരണത്താൽ ഞങ്ങളെ രക്ഷിച്ചവനേ,
പുനരുത്ഥാനത്താൽ ഞങ്ങളെ ഉദ്ധരിച്ചവനേ,
സ്വർഗ്ഗാരോഹണത്താൽ ഞങ്ങളെ സമുന്നതരാക്കിയവനേ,
ദൈവികമായി അദൃശ്യനായ ദൈവമേ,

മൂന്നാളുകളുടെ ഏകസാരാംശത്തിൽ അവർണ്ണ്യമാം വിധം സ്പഷ്ടമായി പ്രഖ്യാപിക്കപ്പെട്ടവനായ കർത്താവേ,

ഗോഗുൽത്തായുടെ മുകളിൽ ബലിയർപ്പിക്കപ്പെട്ട് നീതീകരണം ഉണ്ടാക്കുന്നതും പരിശുദ്ധവുമായ രക്തം വിലാവിൽ നിന്ന് ഒഴുക്കിത്തന്ന് ലോകത്തിന പാപപരിഹാരം നേടിയ അജേയനായ കർത്താവേ, നിനക്ക സ്തുതി.

ശ്രേഷ്ഠനും, മഹാകാരുണ്യവാനും സകലവും പൂർണ്ണമാക്കുന്നവനുമായ ദൈവമേ, നിനക്ക സ്തുതി.

ഇല്ലായ്മയിൽ നിന്ന ഞങ്ങളെ സൃഷ്ടിച്ച് ഉള്ളായ്മയിലേക്ക നയിച്ച ഉന്നതനും ശ്രേഷ്ഠനും പാപത്തിന്റെ അടിമത്തത്തിൽ

www.malankaralibrary.com



നിന്ന് വിലയേറിയ രക്തത്താൽ ഞങ്ങളെ ഉദ്ധരിച്ച് പുത്രസ്ഥാനത്തേക്കുയർത്തിയ പ്രധാനാചാര്യനമായ കർത്താവേ,

പ്രത്യുത്തരം: ദൈവമായ കർത്താവേ, നിനക്കു സ്തുതി.

സ്വന്ത ആട്ടിൻകൂട്ടത്തിനു വേണ്ടി ബലിവസ്തുവായിത്തീർന്ന ഉത്തമ ഇടയനേ, നിനക്കു സ്തുതി.

ഗോഗുൽത്തായുടെ ഉയരത്തിൽ വച്ച് കലർത്തപ്പെടുകയും പാപികൾക്കു നീതീകരണം നൽകി അവരുടെ അധർമ്മങ്ങളിൽ നിന്ന് അവരെ വെടിപ്പാക്കുകയും ചെയ്ത സ്തോത്രത്തിൻെറയും രക്ഷയുടെയും പാനീയമേ, നിനക്കു സ്തുതി.

സ്ലീബായുടെ മുകളിൽവച്ച് ചൊരിയപ്പെടുകയും ജാതികളെ മുദ്രകുത്തി മരണത്തിൽ നിന്നു രക്ഷിക്കുകയും ചെയ്ത പാപപരിഹാരം നൽകുന്ന രക്തമേ, നിനക്കു സ്തുതി.

സകലവും സൃഷ്ടിച്ചു ക്രമീകരിക്കുന്നവനും സർവ്വസൃഷ്ടികളുടെയും രക്ഷാകരമായ ജീവശ്വാസവും അനശ്വരതയുടെ നിർമ്മല മൂറോനും അമർത്യതയുടെ പരിമളവുമായ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

നിർമ്മലകന്യകയായ മുന്തിരിത്തണ്ടിൽ നിന്ന് ശേഖരിക്കപ്പെടുകയും ജറുസലേം നഗരത്തിൽ വച്ച് മർദിക്കപ്പെട്ട് രക്ഷാകരമായ കാസായായി കലർത്തപ്പെടുകയും വിശ്വാസമുള്ള സഭയ്ക്കു നൽകപ്പെടുകയും ചെയ്ത ജീവൻെറ മുന്തിരിക്കുലയായ കർത്താവേ, നിനക്കു സ്തുതി.

വിശുദ്ധ സഭയിൽ യാഗമായി അർപ്പിക്കപ്പെട്ട് ജനത്തിനു ഭക്ഷണമായി നൽകപ്പെടുന്ന അഭികാമ്യ മുന്തിരിയായ കർത്താവേ, നിനക്കു സ്തുതി.

ജീവൻെറ അപ്പവും രക്ഷയുടെയും അനുഗ്രഹത്തിൻെറയും കാസായുമായ നാഥാ, നിനക്കു സ്തുതി.

വിശ്വസ്ത സഭ സ്വീകരിക്കുകയും എല്ലാ മനുഷ്യർക്കും ശുദ്ധീകരണം നൽകുകയും ചെയ്ത പരിശുദ്ധനും വിശുദ്ധി നിറഞ്ഞവനുമായ കർത്താവേ, നിനക്കു സ്തുതി.

തൻെറ മരണത്താൽ സകല കുടുംബങ്ങളെയും വംശങ്ങളെയും ജീവിപ്പിച്ച സ്വർഗ്ഗീയകുഞ്ഞാടേ, നിനക്കു സ്തുതി.

www.malankaralibrary.com



ആദിമ നീതിമാന്മാരുടെ കാഴ്ചകൾ സ്വീകരിക്കുന്നവനേ,
പ്രത്യുത്തരം: ദൈവമായ കർത്താവേ, നിനക്കു സ്തുതി.

വി: പിതാക്കന്മാരുടെ പ്രാർത്ഥനകളിൽ പ്രീതിപ്പെടുന്നവനേ,
പുരോഹിതരുടെ ഹോമബലികളിൽ പ്രസാദിക്കുന്നവനേ,
ദീർഘദർശികളുടെ ബലികളിൽ സന്തുഷ്ടനാകുന്നവനേ,
ആരാധ്യനായ സത്യൈകദൈവമേ, നിനക്കു സ്തുതി.

ശ്ലീഹന്മാരുടെ കുർബാനകളെ പൂർണമാക്കി ശുദ്ധീകരിക്കുന്നവനേ,....

ഹാബേലിനും നോഹിനും മല്ക്കീസദേക്കിനും തന്റെ രഹസ്യത്തെ വെളിപ്പെടുത്തിയവനേ,

മോശയ്ക്കും അഹറോനും ശാമുവേലിനും തന്നെക്കുറിച്ചുള്ള സൂചന മുൻകൂട്ടി നൽകിയവനേ,....

ഞങ്ങളെ സൃഷ്ടിച്ച് ഈ ആയുസ്സിലേക്കു നയിച്ചവനേ....

സ്വർഗീയരഹസ്യങ്ങളുടെ വെളിപാടുകൾ ഞങ്ങൾക്കു കാണിച്ചുതന്നവനേ, ...

തന്റെ തിരുമേനിയാൽ ഞങ്ങളെ നിർമലരാക്കിയവനേ,...

തന്റെ ബലിയർപ്പണത്താൽ ലോകത്തിനു പാപപരിഹാരം നൽകിയവനേ,....

മഹത്വമുള്ളവനായ പിതാവിൽ നിന്ന് മാതാവില്ലാതെ ജാതനായവനേ...

ശരീരപ്രകാരം പിതാവില്ലാതെ, കന്യകയായ മാതാവിൽ നിന്നു ജനിച്ച സ്വർഗീയ കുഞ്ഞാടേ...

സ്ലീബാമരത്തിൽ സ്വമനസ്സാലെ ബലിയർപ്പിക്കപ്പെട്ട് മണ്ണിനു ഭക്ഷണമായിത്തീർന്നവനേ, ...

തന്റെ അർപ്പണം വഴി സകല മനുഷ്യർക്കും പാപപരിഹാരം നൽകിയവനേ,

തന്റെ മരണം മൂലം തലമുറകൾക്കും വംശങ്ങൾക്കും കുടുംബങ്ങൾക്കും രക്ഷ നൽകിയ കുഞ്ഞാടേ, ...

ഞങ്ങൾക്കു പിതാവിനോടു സാമീപ്യം സമ്പാദിച്ചുതരുവാൻവേണ്ടി ബലിയായി സ്വയം സമർപ്പിച്ച കർത്താവേ,....

www.malankaralibrary.com



ഞങ്ങളെ പൂർണവും വിശുദ്ധവുമായ ജനമായി ഉയർത്തിയ കർത്താവേ, ...

പ്രത്യുത്തരം: ദൈവമായ കർത്താവേ, നിനക്കു സ്തുതി.

പീഡാനുഭവമാകുന്ന മണവറയിലേക്കും മരണമാകുന്ന വിരുന്നിലേക്കും ഞങ്ങളെ ക്ഷണിച്ച സത്യമണവാളനായ മിശിഹാ തമ്പുരാനേ, ...

തൻെറ ഇടവകയ്ക്കു ഭക്ഷണമായി സ്വയം നൽകിയ ഉത്തമ ഇടയനേ, ...

തൻെറ ആടുകൾക്കു പാനീയമായി സ്വന്തരക്തം പകർന്നു കൊടുത്ത വററാത്ത ഉറവയേ, ...

തൻെറ പൗരോഹിത്യത്തിനു കാലയളവില്ലാത്ത നിത്യ പ്രധാന പുരോഹിതനേ, ....

ആചാര്യശുശ്രൂഷ നടത്തുന്നവനും അവയെ സ്വീകരിക്കുന്നവനുമായ സ്വർഗീയനേ, ....

കൊല്ലപ്പെട്ടിട്ടും ജീവിച്ചിരിക്കുന്നവനും നിർമ്മല സമാധാനയാഗങ്ങളുടെ ബലിപീഠവുമായ കർത്താവേ, ...

അനശ്വരമായ ഭക്ഷണവും അവസാനിക്കാത്ത ആത്മീയ പാനീയവുമായ കർത്തവേ, ...

സർവ്വസൃഷ്ടികളാലും ആരാധിക്കപ്പെടുന്ന കർത്താവേ, ...

ഞങ്ങൾക്കു വേണ്ടി മരിക്കുകയും ഞങ്ങളുടെ മൃതാവസ്ഥ നീക്കി ഞങ്ങൾക്കു ജീവൻ നൽകുകയും ചെയ്തവനേ,

തൻെറ തിരുമേനിയാൽ ഞങ്ങളുടെ പാപങ്ങൾ കഴുകി ഞങ്ങളെ ശുദ്ധീകരിച്ചവനേ, ...

അനാദ്യന്തനും, സംഭവിക്കുന്നതിനു മുമ്പുതന്നെ സകലവും ഗ്രഹിക്കുന്നവനുമായ കർത്താവേ, ...

വിശുദ്ധി നൽകുന്ന കൂദാശകളെ ശുദ്ധീകരിക്കുന്നവനേ, ...

പാപപരിഹാരമുണ്ടാക്കുന്ന കുർബാനകളെ അംഗീകരിക്കുന്നവനേ, ...

ദിവ്യരഹസ്യങ്ങളുടെ പരിചരണത്തെ ശ്രേഷ്ഠമാക്കുന്നവനേ, ...

സ്വരക്തത്താൽ ഞങ്ങളുടെ മാലിന്യങ്ങളെ വെടിപ്പാക്കിയ പ്രധാന പുരോഹിതനേ, ...

www.malankaralibrary.com



പ്രകൃത്യാ നല്ലവനും വിശുദ്ധർക്കു കൃപാപൂർവ്വം വിശുദ്ധ വസ്തുക്കൾ കൊടുക്കുന്നവനുമായ മിശിഹാതമ്പുരാനേ,...

പ്രത്യുത്തരം: ദൈവമായ കർത്താവേ, നിനക്കു സ്തുതി.

മഹോന്നത വചനമായ ദൈവമേ, നിനക്കു സ്തുതി.

ജീവന്റെ മുന്തിരിക്കുലയേ,...

സ്വർഗീയ അപ്പമേ,...

ആത്മീക പാനീയമേ,....

അനശ്വര സമാധാനവും അഭേദ്യശാന്തിയും അവിഭാജ്യ സ്നേഹവുമായ ദൈവമേ,...

പാപികൾക്കായി തുറന്നിരിക്കുന്ന കരുണാ വാതിലേ,....

മർത്ത്യരുടെ സംപ്രാപ്യമായ ജീവതുറമുഖമേ,....

അശുദ്ധരെ നിർമ്മലരാക്കുന്ന ശുദ്ധീകരണ സോപ്പായേ,

അനുതാപികളെ സ്വീകരിക്കാൻ തല്പരനായ നാഥാ,

സർവാധിപതിയും ആദ്യന്തമില്ലാത്തവനും സർവ ത്തിന്റെയും സ്രഷ്ടാവും ജീവദാതാവുമായ കർത്താവേ,

തന്റെ അജഗണത്തിന് സ്ലീബായെ ബലമുള്ള അഭയ സ്ഥാനവും രക്ഷാകവചവും ആക്കിയ രക്ഷകാ, ...

ആരംഭമില്ലാത്ത പ്രകാശത്തിൽ നിന്നുള്ള അനാദ്യന്ത പ്രകാശമായി ഉദിച്ച നിത്യസൂര്യനേ, ...

കന്യകയുടെ ഉദരത്തിൽ നിന്ന് ജീവന്റെ പ്രത്യാശയായി ജനിച്ച ദൈവപുത്രാ,...

സകല സ്തുതികൾക്കും അർഹനും മഹോന്നതനുമായ കർത്താവേ, നിനക്കു സ്തുതി.

കാരുണ്യവാനായ നിനക്കു സ്തുതി

ദയാപരനായ നിനക്കു സ്തുതി

കൃപാലുവായ നിനക്കു സ്തുതി

മനുഷ്യസ്നേഹിയായ നിനക്കു സ്തുതി

ബലഹീനരായ ഞങ്ങളെ തിരുസന്നിധിയിലേക്കുയർത്തിയ മഹോന്നതനും അദൃശ്യനുമായ ദൈവമേ, നിനക്കു സ്തുതി

മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മ അപ്പവും വീഞ്ഞും കൊണ്ട് സജീവമായി നിലനിർത്തുവാൻ ഞങ്ങളെ ഭരമേല്പിച്ച ഉത്തമ നാഥനേ,

അപ്രമേയനും അചിന്ത്യനുമായ സ്വയംഭൂവിൽ നിന്ന് ആരംഭമില്ലാതെ കലാതീതനായി ജനിച്ചവനേ,

www.malankaralibrary.com



ഞങ്ങൾക്ക വേണ്ടി ഗോഗുൽത്തായുടെ മുകളിൽ യാഗവസ്തുവായി സ്വയം സമർപ്പിച്ച കർത്താവേ, നിനക്ക സ്തുതി.

സ്വശരീരാർപ്പണത്തിനു പുരോഹിതനായിത്തീർന്ന നിർമ്മല ബലിയേ, നിനക്ക സ്തുതി.

സ്നേഹപൂർവം സ്ലീബായുടെ പാർശ്വങ്ങളിൽ സ്വയം വിരിക്കുകയും മരണത്താൽ മനുഷ്യരെ രക്ഷിക്കുകയും ചെയ്ത അനുഗ്രഹീത കുഞ്ഞാടായ കർത്താവേ,

മഹോന്നതനും കരുണാപരനുംസകലവും നിറവേററുന്നവനുമായ ദൈവമേ, നിനക്ക സ്തുതി.

ദൈവാധിദൈവമേ, കർത്താധികർത്താവേ, നിനക്ക സ്തുതി.

## VII

**പിതാവിനും, പുത്രനും, പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മീൻ.**

പിതൃഹിതപ്രകാരം സ്വർഗരാജ്യം ഭൂമിയിൽ ഉത്ഘാടനം ചെയ്ത പുത്രൻതമ്പുരാനേ, നിനക്ക സ്തുതി.

പ്രതിവാക്യം: ദൈവത്തിൻെറ കാരുണ്യമേ, അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

ദൈവിക രഹസ്യങ്ങൾ ഞങ്ങൾക്ക വെളിപ്പെടുത്തുകയും സത്യാരാധനയിലേക്ക് ഞങ്ങളെ ആനയിക്കുകയും ചെയ്ത പുത്രൻതമ്പുരാനേ. നിനക്ക സ്തുതി.

മരണത്തോളം, അതേ, കുരിശുമരണത്തോളം അനുസരണയുള്ളവനായിരുന്ന പുത്രൻതമ്പുരാനേ, നിനക്ക സ്തുതി.

തൻെറ പീഡാനുഭവവും കുരിശുമരണവും വഴി ഞങ്ങളുടെ രക്ഷ നേടിത്തന്ന മിശിഹാതമ്പുരാനേ, നിനക്ക സ്തുതി.

സ്വർഗീയമായ നിത്യതയുടെ മഹാവിശുദ്ധ സ്ഥാനത്ത് പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ "പരിശുദ്ധൻ" എന്നു പാടി സ്തുതിക്കപ്പെടുന്ന പരിശുദ്ധനായ കർത്താവേ, നിനക്ക സ്തുതി.

തിരുവിഷ്ടപ്രകാരം കന്യകയുടെ നിർമ്മലമായ ഉദരത്തെ ശുദ്ധീകരിച്ച് അവളിൽ ഇറങ്ങിവസിച്ച സത്യപ്രകാശമേ, നിനക്ക സ്തുതി,

www.malankaralibrary.com



യഹൂദ്യയിലെ ബേത്"ലഹേമിൽ എളിയവനായി ജനിച്ച രാജാധിരാജാവേ, നിനക്കു സ്'തുതി.

പ്രതിവാക്യം: ദൈവത്തിൻെറ കാരുണ്യമേ, അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

ലോകങ്ങളെ പരിപോഷിപ്പിക്കുന്നവനായിരിക്കെ ശിശുവായിത്തീരുകയും മനുഷ്യപുത്രിയിൽ നിന്ന് പാൽ നുകർന്നു സംതൃപ്തനാകുകയും ചെയ്ത ലോകങ്ങളുടെ ഉടയവനേ,

പ്രകൃത്യാ സമ്പന്നനായിരിക്കെ, പഴന്തുണികളാൽ ചുററപ്പെട്ട സമ്പൽസമൃദ്ധിയേ, നിനക്കു സ്'തുതി.

ഈ ലോകത്തെ സൃഷ്ടിച്ച വചനമേ, നിനക്കു സ്'തുതി.

ചെറിയ ഗുഹയിൽ ദരിദ്രനെപ്പോലെ മൃഗങ്ങൾക്കുള്ള പുൽത്തൊട്ടിയിൽ കിടന്ന ഉന്നതനേ, നിനക്കു സ്'തുതി.

ശ്രേഷ്ഠനും അദൃശ്യനുമായ നിന്നെ ആരാധിക്കാൻ ഇടയന്മാരെയും വിദ്വാൻമാരെയും പ്രേരിപ്പിച്ച പരമനന്മയേ,

പിതാവിനോടും പരിശുദ്ധാത്മാവിനോടും ഒപ്പം ഏകസത്തയായി സ്ഥിതിചെയ്യുന്ന പുത്രൻ തമ്പുരാനേ, നിനക്കു സ്'തുതി.

ദൈവത്തിൻെറ ഏകജാതനായിരിക്കെ കന്യകയുടെ ആദ്യജാതനായിത്തീർന്ന മനുഷ്യസ്നേഹിയേ നിനക്കു സ്'തുതി.

ഇസഹാക്കിനെ ബലിക്കത്തിയിൽനിന്നു രക്ഷിച്ച മുട്ടാടുവഴി ദൃഷ്ടാന്തീകരിക്കപ്പെട്ട സത്യകുഞ്ഞാടേ, നിനക്കു സ്'തുതി.

''അവൻെറ ജന്മദിനം കാണുവാൻ ജനതതികൾ കാത്തിരിക്കും'' എന്ന് യാക്കോബ് പ്രവചിച്ച പ്രവചനങ്ങളുടെ പൂർത്തീകരണമേ, നിനക്കു സ്'തുതി.

''എൻെറ രക്ഷകൻ അവസാനനാളിൽ ഭൂമിയിൽ കാണപ്പെടും'' എന്ന് ഇയ്യോബ് പ്രവചിച്ച രക്ഷയുടെ നാഥനേ

മുൾപ്പടർപ്പിൽ ഇറങ്ങി ജ്വലിച്ചിട്ടും അതിനെ ദഹിപ്പിക്കാതിരുന്ന അഗ്നിയിൽ മോശ ദർശിച്ച സജീവാഗ്നിയേ,

കന്യാസുതനും ദൈവസുതനുമായി ഏശായാ ദർശിച്ച അത്ഭുതമേ, നിനക്കു സ്'തുതി.

www.malankaralibrary.com



നാലു മുഖങ്ങളുള്ള രഥത്തിൽ എസക്കിയേൽ ദർശിക്കയും ''ഇവൻ ശരീരിയായി ലോകത്തിൽ കാണപ്പെടും'' എന്നു പ്രവചിക്കപ്പെടുകയും ചെയ്ത ദൈവമേ, നിനക്കു സ്തുതി,

രോമക്കെട്ടിന്മേൽ വീണ മഴത്തുള്ളിപോലെ ദാവീദ് ദർശിച്ച ജീവജലമേ, നിനക്കു സ്തുതി,

''നീ എന്റെ പുത്രനാകുന്നു. ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു'' എന്ന് ദാവീദു പാടിയ ദൈവപുത്രാ, നിനക്കു സ്തുതി.

''കർത്താവ് ദാവീദിനു് ഒരു കിരണം ഉദിപ്പിക്കും'' എന്നു് ജറമിയാ പാടിയ ദൈവപുത്രാ, നിനക്കു സ്തുതി.

കൈപ്പണി കൂടാതെ വെട്ടപ്പെട്ടതായി ദാനിയേൽ ദർശിച്ച ശിലയേ, നിനക്കു സ്തുതി.

പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ മൂലക്കല്ലേ, നിനക്കു സ്തുതി.

ക്രോബകളാൽ സംവഹിക്കപ്പെടുന്നവനായിരിക്കെ ബാലികയുടെ കാൽമുട്ടുകളിൽ കിടന്ന പ്രപഞ്ചനാഥനേ, നിനക്കു സ്തുതി.

അഗ്നിയിൽ നിന്നുള്ള അഗ്നിയായിരിക്കെ ബലഹീനതയിലേക്കു താണിറങ്ങിവന്ന ബലവാനേ, നിനക്കു സ്തുതി.

സർവലോകങ്ങൾക്കും മുൻപേ പിതാവിൽ നിന്നു് അവാച്യമാം വിധം ജനിച്ചവനായിരിക്കെ കാലപൂർത്തിയിൽ നിർമ്മല കന്യകയിൽ നിന്നു് മനുഷ്യനായി ജനിച്ച സത്യ ദൈവമേ, നിനക്കു സ്തുതി.

ആംഗ്യത്താൽ സൃഷ്ടികളെ നയിക്കുന്നവനായിരിക്കെ, കുട്ടികളോടൊപ്പം പിച്ചവച്ചുനടന്ന ദൈവപുത്രാ, നിനക്കു സ്തുതി.

പിതാവായ ദൈവത്തിന്റെ മഹനീയ മനസ്സിലെ ഉൽകൃഷ്ടജ്ഞാനമേ, നിനക്കു സ്തുതി.

സുഗന്ധവാഹിയായ വിശുദ്ധ പുഷ്പമേ, നിനക്കു സ്തുതി.

രൂപത്തിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടെങ്കിലും സത്യമായി ശരീരം ധരിച്ച ദൈവപുത്രാ, നിനക്കു സ്തുതി.

www.malankaralibrary.com



ഭൂമിയുടെ അതിർത്തികളോളം പ്രഭ വീശുന്നവനും ദുരിത വിമോചകനുമായ മിശിഹായേ, നിനക്കു സ്തുതി.

പ്രതിവാക്യം: ദൈവത്തിന്റെ കാരുണ്യമേ, അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

സ്വഭാവപ്രകാരം ദൈവമായിരിക്കെ തിരുവിഷ്ടപ്രകാരം മനുഷ്യനായിത്തീർന്ന സജീവാഗ്നിയേ, നിനക്കുസ്തുതി.

മനുഷ്യരെ തന്റെ മഹത്വത്തിൽ പങ്കാളികളാക്കുവാൻ മനുഷ്യവേഷം ധരിച്ച മഹിമയുടെ പൂർണ്ണരൂപമേ,

സ്രോപ്പേന്മാർക്ക് നോക്കുവാൻ സാധിക്കാതിരിക്കെ നിഷ്ക്കളങ്ക കന്യകയാൽ താലോലിക്കപ്പെട്ട ദിവ്യപ്രകാശമേ,

പ്രീതികരമായ സൽപ്രവൃത്തികളാൽഅനുദിനം ആത്മീയമായി ഞങ്ങളെ ജനിപ്പിക്കുന്ന ഞങ്ങളുടെ കർത്താവും നിത്യ ദൈവവുമേ, നിനക്കു സ്തുതി.

പ്രവചനങ്ങൾ പൂർത്തീകരിച്ച മിശിഹായേ,

കന്യകയിൽ നിന്നു ജനിച്ചെങ്കിലും പിതൃമാർവിടത്തിൽ തുടർന്നും സ്ഥിതി ചെയ്ത ഏകജാതാ, നിനക്കുസ്തുതി.

തന്റെ ജനനത്താൽ സ്വർഗീയർക്ക് അത്യാനന്ദവും ഭൗമികർക്ക് ശാന്തിയും സമാധാനവും പ്രത്യാശയും നൽകിയ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

സർവജാതികളാലും സർവ വംശങ്ങളാലും സ്തുതിക്കപ്പെടുകയും പ്രകീർത്തിക്കപ്പെടുകയും ആരാധിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യുന്ന മിശിഹാ തമ്പുരാനെ,

അശരീരിയും ആത്മസ്വരൂപിയും അദൃശ്യനുമായിരിക്കെ മനുഷ്യസ്നേഹം നിമിത്തം ദൃശ്യനും ശരീരിയുമായിത്തീർന്ന വചനമായ ദൈവമേ, നിനക്കു സ്തുതി.

സൂര്യനേപ്പോലെ ശോഭയോടെ ആവിർഭവിച്ച പ്രകാശങ്ങളുടെ ഉടയവനേ, നിനക്കു സ്തുതി.

ദൈവസ്വഭാവത്തിൽ നിന്നു വ്യത്യാസം വരാതെ മനുഷ്യനായിത്തീർന്ന ദൈവമേ, നിനക്കു സ്തുതി.

www.malankaralibrary.com



ദൈവത്വം മറച്ചു വച്ചുകൊണ്ട് മനുഷ്യനായി കാണപ്പെട്ട ദൈവമേ, നിനക്കു സ്തുതി.

തന്റെ വിശുദ്ധിയാൽ വെള്ളത്തെ ശുദ്ധീകരിക്കുന്നതിനായി യോഹന്നാന്റെ മുൻപാകെ തലകുനിച്ച മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

തന്റെ സ്നാനത്താൽ സർവവും ശുദ്ധീകരിച്ചു വെടിപ്പാക്കിയ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

തന്റെ ഉദയത്താൽ സർവസൃഷ്ടികളെയും പ്രകാശിപ്പിച്ച ദിവ്യപ്രഭയേ, നിനക്കു സ്തുതി.

സകല ജലാശയങ്ങളേയും നദികളേയും തന്റെ സ്നാനം വഴി നിർമ്മലമാക്കിയ പരിശുദ്ധനായ കർത്താവേ, നിനക്കു സ്തുതി.

തന്റെ ജഡധാരണത്താലും ജനനത്താലും എല്ലാ ഗർഭ പാത്രങ്ങളെയും മനുഷ്യജന്മത്തെയും ശുദ്ധീകരിച്ച മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

തന്റെ ജനനത്താൽ ആദാമിൽ നിന്നു ഞങ്ങൾക്കു കിട്ടിയ കുററപത്രം കീറിക്കളഞ്ഞ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

തന്റെ ഉദയത്താൽ സർപ്പത്തിന്റെ തലയെ തകർക്കുകയും സ്ത്രീയുടെ അപമാനം നീക്കുകയും ആദാമിനെ മഹത്വവസ്ത്രം അണിയിക്കുകയും ചെയ്ത ദിവ്യതേജസ്സേ, നിനക്കു സ്തുതി.

തന്റെ മനുഷ്യാവതാരത്താൽ ജീവന്റെ വൃക്ഷം ഭൂമദ്ധ്യത്തിൽ നട്ടുപിടിപ്പിച്ച മനുഷ്യസ്നേഹിയേ, നിനക്കു സ്തുതി.

തന്റെ മനുഷ്യാവതാരത്താൽ പറുദീസാ കാത്തിരുന്ന ദൂതന്റെ വാളിനെ ഒടിച്ചുകളഞ്ഞ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

തന്റെ ജനനത്താൽ തന്റെ മാതാവിനെ ശ്രേഷ്ഠയാക്കുകയും അതുവഴി സകല സ്ത്രീകളെയും ഔന്നത്യത്തിലേക്ക് ഉയർത്തുകയും ചെയ്ത മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

തന്റെ സ്നാനത്താൽ, തന്റെ സാദൃശ്യത്തെ അന്ധകാര സേനകളിൽ നിന്ന് വീണ്ടെടുത്തു രക്ഷിച്ച മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

www.malankaralibrary.com



ദൈവത്വം മറച്ചു വച്ചുകൊണ്ട് മനുഷ്യനായി കാണപ്പെട്ട ദൈവമേ, നിനക്കു സ്തുതി.

തന്റെ വിശുദ്ധിയാൽ വെള്ളത്തെ ശുദ്ധീകരിക്കുന്നതിനായി യോഹന്നാന്റെ മുൻപാകെ തലകുനിച്ച മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

തന്റെ സ്നാനത്താൽ സർവവും ശുദ്ധീകരിച്ച് വെടിപ്പാക്കിയ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

തന്റെ ഉദയത്താൽ സർവസൃഷ്ടികളെയും പ്രകാശിപ്പിച്ച ദിവ്യപ്രഭയേ, നിനക്കു സ്തുതി.

സകല ജലാശയങ്ങളേയും നദികളേയും തന്റെ സ്നാനം വഴി നിർമ്മലമാക്കിയ പരിശുദ്ധനായ കർത്താവേ, നിനക്കു സ്തുതി.

തന്റെ ജഡധാരണത്താലും ജനനത്താലും എല്ലാ ഗർഭപാത്രങ്ങളെയും മനുഷ്യജന്മത്തെയും ശുദ്ധീകരിച്ച മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

തന്റെ ജനനത്താൽ ആദാമിൽ നിന്നു ഞങ്ങൾക്കു കിട്ടിയ കുററപത്രം കീറിക്കളഞ്ഞ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

തന്റെ ഉദയത്താൽ സർപ്പത്തിന്റെ തലയെ തകർക്കുകയും സ്ത്രീയുടെ അപമാനം നീക്കുകയും ആദാമിനെ മഹത്വവസ്ത്രം അണിയിക്കുകയും ചെയ്ത ദിവ്യതേജസ്സേ, നിനക്കു സ്തുതി.

തന്റെ മനുഷ്യാവതാരത്താൽ ജീവന്റെ വൃക്ഷം ഭൂമദ്ധ്യത്തിൽ നട്ടുപിടിപ്പിച്ച മനുഷ്യസ്നേഹിയേ, നിനക്കു സ്തുതി.

തന്റെ മനുഷ്യാവതാരത്താൽ പറുദീസാ കാത്തിരുന്ന ദൂതന്റെ വാളിനെ ഒടിച്ചുകളഞ്ഞ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

തന്റെ ജനനത്താൽ തന്റെ മാതാവിനെ ശ്രേഷ്ഠയാക്കുകയും അതുവഴി സകല സ്ത്രീകളെയും ഔന്നത്യത്തിലേക്കു ഉയർത്തുകയും ചെയ്ത മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

തന്റെ സ്നാനത്താൽ, തന്റെ സാദൃശ്യത്തെ അന്ധകാരസേനകളിൽ നിന്ന് വീണ്ടെടുത്തു രക്ഷിച്ച മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

www.malankaralibrary.com



തന്റെ സ്നാനത്താൽ വെള്ളത്തിൽ തന്നോടുകൂടി മുങ്ങിയ പഴയ മനുഷ്യനെ നാശത്തിൽ നിന്നു ഉദ്ധരിച്ച് നവ്യത നല്കിയ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

പ്രതിവാക്യം: ദൈവത്തിന്റെ കാരുണ്യമേ, അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

ഞങ്ങളുടെ ശത്രുക്കൾ മൂലമുണ്ടാകുന്ന പാപക്കറകളിൽ നിന്നും മാലിന്യത്തിൽ നിന്നും സ്നാനത്താൽ ഞങ്ങളെ വെടിപ്പാക്കിയ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

സുനിശ്ചിതവും നിർമ്മലവും നിത്യനൂതനവുമായ ആത്മീയ പാതയിലേക്കു ഞങ്ങളെ നയിച്ച മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

പാപബന്ധനങ്ങളിലും ദുർവികാരങ്ങളിലും ദുസ്തഴക്കങ്ങളിലും ഉഴംപ്പെട്ടിരുന്ന ഞങ്ങളെ തോളിലേററി ഉയർത്തി, യോർദ്ദാൻ നദിയിലെ ഒഴുക്കിൽ ഞങ്ങളുടെ മാലിന്യങ്ങളെയെല്ലാം സമൂലം കഴുകിക്കളയുകയും തന്റെ സാദൃശ്യത്തെ അതുമൂലം നവീകരിക്കുകയും ചെയ്ത മിശിഹാതമ്പുരാനേ,

''ദാഹാർത്തരേ, നിങ്ങളെല്ലാവരും എന്റെ പക്കൽ വന്നു കുടിക്കുവിൻ'' എന്നു ശംചെയ്തുകൊണ്ട് ദൈവത്തെക്കുറിച്ച് ദാഹിച്ചിരുന്നവർക്ക് ഉത്തമപാനീയവും പുതുവീഞ്ഞും പ്രദാനം ചെയ്ത ജീവന്റെ ഉറവയേ, നിനക്കു സ്തുതി.

ലോകത്തെ ബാധിച്ചിരുന്ന രോഗങ്ങളിൽ നിന്ന് അതിനെ സൗഖ്യമാക്കിയ സ്വർഗ്ഗീയവൈദ്യാ, നിനക്കു സ്തുതി.

അഗ്നികൊണ്ടും ആത്മാവുകൊണ്ടും സ്നാനം നൽകുന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

തന്റെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ അഭിഷേചിച്ചവനായ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

തന്നിൽ വിശ്വസിക്കുന്നവരെ മാമോദീസാവഴി ദൈവപുത്രസ്ഥാനത്തേക്കുയർത്തി ദൈവികപദവി തിരികെ കൊടുക്കുന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

www.malankaralibrary.com



ഞങ്ങളുടെ ആത്മാക്കളിൽ നിന്ന് അജ്ഞാനാന്ധകാരത്തെ നീക്കി ത്രിത്വത്തെപ്പററിയുള്ള ദിവ്യപ്രബോധനത്താൽ നിറച്ച് ഞങ്ങളെ പ്രകാശിപ്പിക്കുന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

അപ്രമേയമായ ത്രിത്വത്തിൻെറ സമ്പൂർണ്ണവും ത്രിവിധവുമായ പ്രകാശത്തിലേക്ക് തെററുകൂടാത്തവരായി ഞങ്ങളെ നയിക്കുകയും ആ പ്രകാശത്താൽ ഞങ്ങളെ നിറയ്ക്കുകയും ചെയ്യുന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

ഞങ്ങളുടെ ശുദ്ധീകരണത്തിനായി സ്നാനം സ്വീകരിക്കാൻ വന്ന പരമപരിശുദ്ധനായ കർത്താവേ, നിനക്കുസ്തുതി.

വെള്ളത്തെ വാഴ്ത്തുകയും അതിനെ നവജീവൻെറ ഉറവിടമാക്കിപ്പകർത്തുകയും പിശാചുക്കളെ ബഹിഷ്ക്കരിക്കുകയും ഞങ്ങളുടെ പാപം കഴുകിക്കളയുകയും ചെയ്ത മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

സകല മനുഷ്യരെയും പ്രകാശിപ്പിക്കുകയും വിശുദ്ധത്രിത്വത്തിൻെറ ശോഭയാൽ ദൈവാരാധനയിലേക്ക് പുനരാനയിക്കുകയും ചെയ്ത മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

അന്ധകാരത്തിലും മരണനിഴലിലും ഇരുന്ന ഞങ്ങൾക്ക് പ്രകാശവും വഴിയും രക്ഷകനും ഉദ്ധാരകനുമായിത്തീർന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

സുവിശേഷപ്രഘോഷണമാകുന്ന ജലപ്രവാഹത്താൽ ഭൂതലസീമകളെനിറച്ച മിശിഹാതമ്പുരാനേ,നിനക്കു സ്തുതി.

തൻെറ സ്നാനത്താൽ ആത്മനാശത്തിൽ നിന്നുള്ള സ്നാനം എന്ന നിലയിൽ തൻെറ ദൈവത്വത്തിനു സദൃശ്യമായ ജനനം ഞങ്ങൾക്കു നൽകിയ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

തിരുവിലാവിൽ നിന്നൊഴുകിയ രക്തവും വെള്ളവും കൊണ്ട് ഞങ്ങളെ ശുദ്ധീകരിച്ച ദൈവമേ, നിനക്കു സ്തുതി.

മനുഷ്യവർഗ്ഗത്തെ മുഴുവൻ പിശാചിൻെറ അടിമത്തത്തിൽ നിന്നും നിത്യനാശത്തിൽനിന്നും പാപച്ചേററിൽനിന്നും അററമില്ലാത്ത ഗർത്തത്തിൽ നിന്നും, ഒന്നുകൊണ്ടും തൃപ്തി വരാത്ത പാതാളക്കുഴിയിൽ നിന്നും വീണ്ടെടുത്തു രക്ഷിച്ച ദൈവപുത്രാ, നിനക്കു സ്തുതി.

www.malankaralibrary.com



സൗഭാഗ്യകരമായ ജലം വഴി രക്ഷാകര നൈർമല്യവും വിശുദ്ധതൈലാഭിഷേകത്താൽ ദൈവിക വിശുദ്ധിയും പ്രദാനം ചെയ്ത പ്രകാശദാതാവേ, നിനക്കു സ്തുതി.

പ്രതിവാക്യം: ദൈവത്തിൻെറ കാരുണ്യമേ, അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

ജലത്തിലുള്ള സ്നാനം വഴി പാപമോചനവും വിശുദ്ധീകരണവും ദത്തുപുത്രസ്ഥാനവും സ്വർഗരാജ്യത്തിൽ അവകാശവും പ്രദാനംചെയ്യുന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി

ജലസ്നാനം വഴി പരിശുദ്ധാത്മാഭിഷേകം പ്രദാനം ചെയ്യുന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

ജലസ്നാനം വഴി അഗ്നിയാലും ആത്മാവാലും സ്നാനം ചെയ്യിക്കുന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

അന്ധകാരത്തിൽനിന്നും മാർഗഭ്രംശത്തിൽനിന്നും സത്യത്തിൻെറ ജ്ഞാനത്തിലേക്ക് ഞങ്ങളെ വിളിച്ചുടപ്പിച്ച മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

പാപത്തിൻെറ സർവവിധ മാലിന്യവും കഴുകിക്കളയുന്ന യഥാർത്ഥ ശുദ്ധീകരണത്തിൻെറ ഉറവ ഞങ്ങൾക്കു നൽകിയ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി,

സ്നാനജലത്തെ ആശ്വാസത്തിൻെറയും സന്തോഷത്തിൻെറയും ആനന്ദത്തിൻെറയും ജലവും, തൻെറ മരണത്തിലും ഉത്ഥാനത്തിലും ദൃഷ്ടാന്തപരമായി പ്രവേശിപ്പിക്കുന്ന ജലവും ആക്കിത്തീർത്ത കർത്താവേ, നിനക്കുസ്തുതി.

സ്നാനജലത്തെ ആത്മശരീരങ്ങളുടെ മാലിന്യം നീക്കിക്കളയുന്നതും ബന്ധനങ്ങൾ അഴിക്കുന്നതും പിഴകൾ മോചിക്കുന്നതും ആത്മശരീരങ്ങളെ പ്രകാശിപ്പിക്കുന്നതുമായ ജലമാക്കിത്തീർത്ത കർത്താവേ, നിനക്കു സ്തുതി.

സ്നാനജലത്തെ വീണ്ടും ജനനത്തിനുള്ള സ്നാനവും പുത്രസ്വീകാര്യത്തിൻെറ നൽവരവും നാശമില്ലായ്മയുടെ വസ്ത്രവും പരിശുദ്ധാത്മാവിലുള്ള നവീകരണവും ലഭിക്കാൻ യോഗ്യമാക്കിയ കർത്താവേ, നിനക്കു സ്തുതി.

രാജാക്കന്മാർ മോഹിക്കുന്ന മുടി ഞങ്ങൾക്കായി മെടഞ്ഞ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

www.malankaralibrary.com



ആദാമ്യകുലത്തിൻെറ മഹത്വം ഞങ്ങൾക്കു തിരികെത്തന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

സ്വർഗീയ ഭാഗ്യങ്ങളാൽ ഞങ്ങളെ അലങ്കരിച്ച മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

പറുദീസായിൽ വച്ച് ആദം രുചിച്ചുനോക്കാതിരുന്ന ഫലം ഞങ്ങൾക്കു നൽകിയ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

കുരിശിൽ വച്ച് ശത്രുതയാകുന്ന വേലി പൊളിച്ചു കളയുകയും തൻെറ രക്തത്താൽ ആകാശത്തിലും ഭൂമിയിലും ഉള്ളവയെ രമ്യപ്പെടുത്തുകയും ചെയ്ത ശാശ്വത സമാധാനമേ, നിനക്കുസ്തുതി.

സ്നേഹത്താൽ ഞങ്ങൾക്കുവേണ്ടി സ്വീകാര്യബലിയും പരിമള വാസനയുമായി സ്വയം സമർപ്പിച്ച മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

എൻെറ സമാധാനം നിങ്ങൾക്കായി ഞാൻ അവശേഷിപ്പിക്കുന്നു. ലോകം തരുന്നപോലെയല്ല ഞാൻ തരുന്നത്. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന് കല്പിച്ച മിശിഹാ തമ്പുരാനേ, നിനക്കുസ്തുതി.

നാല്പതുദിവസം ഉപവസിക്കുകയും നോമ്പാലും പ്രാർത്ഥനയാലും സാത്താനെ ജയിക്കുന്നതിന് തൻെറ സഭയെ പഠിപ്പിക്കുകയും ചെയ്ത മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

ഞങ്ങളുടെ ശുദ്ധീകരണത്തിനുവേണ്ടി നാല്പതുദിവസം ഉപവസിച്ച മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

ക്രോബകളിൽ ശ്രേഷ്ഠസിംഹാസനത്തിൽ ആരൂഢനായിരിക്കെ വിനീതനായി കഴുതപ്പുറത്തു കയറിയ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

ആജ്ഞാശക്തിയാൽ ഉദരങ്ങളിൽ ശിശുക്കളെ രൂപപ്പെടുത്തുകയും തിരുമുമ്പിൽ ഓശാന പാടിപ്പുകഴ്ത്തുവാൻ അവരുടെ നാവുകളെ വചനം കൊണ്ട് സന്നദ്ധമാക്കുകയും ചെയ്ത വിദഗ്ധശില്പിയേ, നിനക്കു സ്തുതി.

ശത്രുവിൻെറ അഹങ്കാരത്തെ നശിപ്പിക്കുവാൻകഴുതപ്പുറത്തു ജറുസലേമിലേക്കു പ്രവേശിച്ച മിശിഹാകർത്താവേ, നിനക്കു സ്തുതി,

www.malankaralibrary.com



പ്രകൃത്യാ നല്ലവനും മനുഷ്യസ്നേഹത്തിൽ സമ്പന്നനും കരുണയുള്ളവനുമായ നിന്റെ മഹിമയെ ആരാധിക്കുന്നതിലേക്ക് സൃഷ്ടിയെ പ്രത്യാനയിക്കുവാൻ സ്വന്തത്തിലേക്കു വന്ന ദൈവപുത്രാ, നിനക്കു സ്തുതി.

**പ്രതിവാക്യം: ദൈവത്തിന്റെ കാരുണ്യമേ, അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.**

പിശാചുക്കളുടെ വഞ്ചനയിൽ നിന്നു രക്ഷിക്കപ്പെട്ടവരും വിജാതീയരിൽ നിന്നുള്ള ജനവുമായ ഞങ്ങളുടെ സൂചനയായ കഴുതയെ സ്വീകരിച്ച കർത്താവേ, നിനക്കു സ്തുതി.

അദൃശ്യപിതാവിന്റെ മഹത്വവും സ്വരൂപവുമായവനേ,

ദൈവിക വ്യാപാരത്താൽ ഞങ്ങളെ ഉയർത്തുവാനായി തന്റെ മഹിമയ്ക്കു ന്യൂനത ഭവിക്കാതെ ചെറിയവനായിത്തീർന്ന വലിയവനേ, നിനക്കു സ്തുതി.

പുണ്യവാന്മാരുടെ പ്രതീക്ഷയും നീതിമാന്മാരുടെ വചനനിവൃത്തിയുമായ കർത്താവേ, നിനക്കു സ്തുതി.

സീയോനിൽ മരത്തിൽ തൂക്കപ്പെടുകയും സ്ലീബായാൽ ലോകത്തിനു രക്ഷയുണ്ടാക്കുകയും ചെയ്ത ദൈവമേ,

സീയോനിൽ കുരിശിൽ വച്ചു നിലവിളിക്കുകയും ആ ജീവശബ്ദത്താൽ സൃഷ്ടികളെ ഭ്രമിപ്പിക്കുകയും ചെയ്ത ദൈവമേ,

കയ്പും കാടിയും കുടിച്ച് ഞങ്ങളുടെ കഷ്ടതകളുടെ കാഠിന്യം നീക്കിക്കളഞ്ഞ ദൈവമേ, നിനക്കു സ്തുതി.

സ്ലീബായിലെ കഷ്ടതകൾ സഹിക്കുകയും തലയിൽ മുൾക്കിരീടം ഏല്ക്കുകയും ചെയ്ത ദൈവമേ, നിനക്കു സ്തുതി.

സ്ലീബായെ വന്ദിക്കുന്നവർക്ക് അതു് ആയുധവും ഉറപ്പുള്ള കോട്ടയും ആക്കിത്തീർത്ത മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

ക്രൂശിക്കപ്പെട്ടപ്പോൾ ലോകത്തെ മുഴുവൻ പ്രകാശിപ്പിച്ച മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

സ്വർഗത്തിൽ വസിക്കുകയും നീതീകരണമുണ്ടാക്കുന്ന ബലിപീഠം കരുണാപൂർവ്വം സഭയിൽ സ്ഥാപിക്കുകയും ചെയ്ത നിത്യദൈവമേ, നിനക്കു സ്തുതി.

www.malankaralibrary.com



കരിശുമരത്തിൽ കൈവിരിച്ചുപിടിച്ച് സർവ്വജനങ്ങളേയും കൂട്ടിച്ചേർത്ത സ്വർഗീയ സമാധാനമേ, നിനക്കു സ്തുതി.

സ്ലീബായിൽ കിടന്നുകൊണ്ട് ലോകത്തെ അഭിമുഖീകരിക്കുകയും അതിൻെറ എല്ലാ അതിർത്തികളിൽനിന്നും യഥാർത്ഥ സ്തുതിയും സത്യാരാധനയും സ്വീകരിക്കുകയും ചെയ്ത അവതീർണ്ണനായ കർത്താവേ, നിനക്കു സ്തുതി.

സ്വന്തം ആടുകളെ സ്നേഹിക്കുകയും അവർക്കായി ജീവാർപ്പണം ചെയ്യുകയും ആത്മബലിയാൽ മനുഷ്യവർഗത്തെ മുഴുവൻ വീണ്ടെടുക്കുകയും ചെയ്ത നല്ല ഇടയനേ, നിനക്കു സ്തുതി.

തൻെറ ക്രൂശാരോഹണത്താൽ ഞങ്ങളെ ജീവിപ്പിക്കുകയും തൻെറ മരണത്താൽ ഞങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്ത അത്യുന്നത ദൈവമേ, നിനക്കു സ്തുതി.

ദൈവതുല്യം ജീവനുള്ളവനായിരിക്കെ ശരീരപ്രകാരം മരത്തിന്മേൽ തൂങ്ങിക്കിടന്ന ദൈവമേ, നിനക്കു സ്തുതി.

ഞങ്ങൾക്ക് സമാധാനത്തിൻെറ അടയാളവും വിജയത്തിൻെറ പതാകയും രക്ഷയുടെ ആയുധവുമായി വിശുദ്ധ സ്ലീബായെ നൽകിയ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

വിരിക്കപ്പെട്ട കൈകളാൽ ലോകത്തിൻെറ നാലുഭാഗങ്ങളേയും പിടിച്ചടക്കിയ കർത്താവേ, നിനക്കു സ്തുതി.

മനസ്സോടെ ഗോഗുൽത്തായിൽ വച്ച് അപമാനം ഏൽക്കുകയും പാതാളത്തിൽ കിടന്നവർക്ക് കഠിനബന്ധനങ്ങളിൽ നിന്നു് മോചനം നൽകുകയും ചെയ്ത മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

തൻെറ മരണത്താൽ പാതാളത്തിലേക്ക് ഇറങ്ങി മൃതരുടെ ബന്ധനം തകർത്തുകളയുകയും പാതാളത്തിൻെറ കോട്ടകളും ഭണ്ഡാരങ്ങളും നിശ്ശേഷം നശിപ്പിക്കുകയും സകല നീതിമാന്മാരേയും തന്നോടുകൂടി പറുദീസായിൽ പ്രവേശിപ്പിക്കുകയും ചെയ്ത ജേതാവേ, നിനക്കു സ്തുതി.

പീഡാനുഭവത്തിനും കുരിശാരോഹണത്തിനും മരണത്തിനും എഴുന്നെള്ളിവന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

www.malankaralibrary.com



തന്റെ ഉത്ഥാനത്താൽ സ്വർഗ്ഗത്തേയും ഭൂമിയേയും സന്തോഷിപ്പിച്ച മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

അനാദ്യന്തപിതാവിന്റെ ശക്തിയും ജ്ഞാനവുമായ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

സ്വമേധയാ കൈവരിച്ച മരണത്താൽ സ്വർഗ്ഗീയരെ ആമോദിപ്പിച്ച സമാധാനവും, യാഗാർപ്പണത്താൽ ഭൗമികരെ രമ്യമാക്കിയ ശാന്തിയും, സ്ലീബായാൽ ജനതകളെ രക്ഷിച്ച രക്ഷിതാവും ചിതറിപ്പോയവരെ ഉത്ഥാനത്താൽ കൂട്ടിച്ചേർത്ത സ്നേഹവും സ്വർഗ്ഗാരോഹണത്താൽ അവരെ ശക്തരാക്കിയ ജീവദാതാവുമായ കർത്താവേ, നിനക്കു സ്തുതി.

തന്റെ സ്വർഗ്ഗാരോഹണത്താൽ സ്വർഗ്ഗീയജീവിതം ഞങ്ങൾക്കു നൽകിയ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

## VIII

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മീൻ.**

അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുമിശിഹായേ,

പ്രതിവാക്യം: ഞങ്ങളെ അനുഗ്രഹിക്കണമെ

മറിയത്തിന്റെ മകനായ യേശുമിശിഹായേ,

പരിശുദ്ധാത്മാവിനാൽ ഉരുവായ യേശുമിശിഹായേ,

തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കുന്ന യേശുമിശിഹായേ

ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള അമ്മാനുവേൽ ആയ യേശുമിശിഹായേ,

പൗരസ്ത്യവിദ്വാന്മാരാൽ ആരാധിക്കപ്പെട്ട യേശുമിശിഹായേ,

ബേത്‌ലഹേമിലെ പുൽക്കൂട്ടിൽ പിറന്ന യേശുമിശിഹായേ,

സർവനീതിയും പൂർത്തിയാക്കാൻ സ്നാനമേററ യേശുമിശിഹായേ,

www.malankaralibrary.com



പരീക്ഷണ വിധേയനായ യേശുമിശിഹായേ,

ദൈവവചനത്താൽ പിശാചിനെ പരാജയപ്പെടുത്തിയ യേശുമിശിഹായേ,

അന്ധകാരത്തിലിരുന്ന ജനങ്ങളെ പ്രകാശിപ്പിച്ച ദിവ്യ പ്രകാശമായ യേശുമിശിഹായേ,

ദൈവരാജ്യത്തെപ്പററി പ്രസംഗിച്ച യേശുമിശിഹായേ,

മുക്കവരായ മനുഷ്യരെ ശിഷ്യരാക്കിയ യേശുമിശിഹായേ,

ജനങ്ങളുടെ എല്ലാരോഗങ്ങളും വ്യാധികളും സൗഖ്യമാക്കിയ യേശുമിശിഹായേ,

എല്ലാവിധ വിദ്വേഷവും വെറുപ്പും നീരസവും ഉപേക്ഷിക്കാൻ പഠിപ്പിച്ച യേശുമിശിഹായേ,

സഹോദരരോടു ക്ഷമിക്കാൻ പഠിപ്പിച്ച യേശുമിശിഹായേ,

സഹോദരങ്ങളെ സ്നേഹിക്കാൻ പഠിപ്പിച്ച യേശുമിശിഹായേ,

ശത്രുക്കളെപ്പോലും സ്നേഹിക്കാൻ പഠിപ്പിച്ച യേശുമിശിഹായേ,

തിന്മയെ നന്മകൊണ്ടു ജയിക്കാൻ ഉപദേശിച്ച യേശുമിശിഹായേ,

സ്വർഗ്ഗത്തിൽ നിക്ഷേപങ്ങൾ കരുതി വയ്ക്കാൻ ഉപദേശിച്ച യേശുമിശിഹായേ,

ദൈവപരിപാലനയിൽ ആശ്രയിക്കാൻ പഠിപ്പിച്ച യേശുമിശിഹായേ,

''എനിക്ക് മനസ്സുണ്ട്, നിനക്കു ശുദ്ധി വരട്ടെ'' എന്നു പറഞ്ഞ് കുഷ്ഠരോഗിയെ സൗഖ്യമാക്കിയ യേശുമിശിഹായേ,

തളർവാദരോഗിയായ ഭൃത്യനെ സുഖപ്പെടുത്തിയ യേശു മിശിഹായേ,

''പൊയ്ക്കൊൾക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ'' എന്നു ശതാധിപനോട്ട് പറഞ്ഞ് അവന്റെ ഭൃത്യനെ സുഖപ്പെടുത്തിയ യേശുമിശിഹായേ,

www.malankaralibrary.com



പത്രോസിന്റെ അമ്മായിഅമ്മയുടെ പനി മാററിയ യേശുമിശിഹായേ,

പ്രതിവാക്യം : ഞങ്ങളെ അനുഗ്രഹിക്കണമെ.

കൊടുങ്കാററിനെ ശാന്തമാക്കിയ യേശുമിശിഹായേ,

പിശാചുബാധിതരെ സുഖപ്പെടുത്തിയ യേശുമിശിഹായേ,

''മകനേ, ധൈര്യമായിരിക്കുക. നിന്റെ പാപങ്ങരം ക്ഷമിക്കപ്പെട്ടിരിക്കുന്നു'' എന്നു പറഞ്ഞുകൊണ്ട് തളർവാദ രോഗിയെ സുഖപ്പെടുത്തിയ യേശുമിശിഹായേ,

ചുങ്കക്കാരൻ മത്തായിയെ വിളിച്ച യേശുമിശിഹായേ,

''മകളേ, ധൈര്യമായിരിക്കുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു'' എന്നു പറഞ്ഞുകൊണ്ട് രക്തസ്രാവക്കാരിയെ സുഖപ്പെടുത്തിയ യേശുമിശിഹായേ,

ഭരണാധിപന്റെ മകളെ സുഖപ്പെടുത്തിയ യേശുമിശിഹായേ,

''ദാവീദിന്റെ പുത്രാ, ഞങ്ങളിൽ കനിയണമെ'' എന്നു കരഞ്ഞപേക്ഷിച്ചുകൊണ്ട്, തന്നെ അനുഗമിച്ച രണ്ട് കുരുടന്മാർക്ക് ''നിങ്ങളുടെ വിശ്വാസം പോലെ നിങ്ങരംക്കു ഭവിക്കട്ടെ'' എന്നു പറഞ്ഞു കാഴ്ച നല്കിയ യേശുമിശിഹായേ,

പിശാചു ബാധിതനായ ഊമനെ സൗഖ്യമാക്കിയ യേശുമിശിഹായേ,

'വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ' എന്നു കല്പിച്ച യേശുമിശിഹായേ,

'അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം'' എന്നരുരംചെയ്ത യേശുമിശിഹായേ,

''ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ'' എന്നു് കല്പിച്ച യേശുമിശിഹായേ,

അന്ധനും ഊമനുമായ പിശാചുബാധിതനെ സുഖപ്പെടുത്തിയ യേശുമിശിഹായേ,

www.malankaralibrary.com



അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ തൃപ്തിപ്പെടുത്തിയ യേശുമിശിഹായേ,

'കർത്താവേ, ദാവീദിൻെറ പുത്രാ, എന്നിൽ കനിയണമെ. കർത്താവേ, എന്നെ സഹായിക്കണമെ' എന്നപേക്ഷിച്ച കനാൻകാരിയുടെ മകളെ സൗഖ്യമാക്കിയ യേശുമിശിഹായേ,

അപസ്മാരരോഗിയെ സുഖപ്പെടുത്തിയ യേശുമിശിഹായേ,

"സ്വർഗ്ഗരാജ്യം ശിശുക്കളെപ്പോലെയുള്ളവരുടേതാകുന്നു" എന്നരുളിച്ചെയ്ത യേശുമിശിഹായേ, (മത്താ. 11:25;19:13)

ശക്തിയോടും മഹത്വത്തോടും കൂടെ വാനമേഘങ്ങളിൽ വരുവാനിരിക്കുന്നവനായ മനുഷ്യപുത്രാ, (മത്താ. 24:30)

മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകുകയും എല്ലാ മനുഷ്യരെയും തൻെറ മുമ്പിൽ ഒരുമിച്ചു കൂട്ടുകയും ചെയ്യുന്ന മനുഷ്യപുത്രാ........(മത്താ. 25:31).

"എൻെറ പിതാവേ, ഞാൻ കുടിക്കാതെ ഇതു കടന്നു പോകയില്ലെങ്കിൽ അങ്ങയുടെ ഹിതം നിറവേറട്ടെ" എന്ന് ഗത്സമേൻ തോട്ടത്തിൽ വച്ചു പ്രാർത്ഥിച്ച കർത്താവേ,

സ്വർഗ്ഗത്തിലും ഭൂമിയിലും എല്ലാ അധികാരവും പ്രാപിച്ച യേശുതമ്പുരാനേ, (മത്താ. 28:18).

അശുദ്ധാത്മാവു ബാധിച്ചവനെ സൗഖ്യമാക്കിയ യേശുതമ്പുരാനേ,.... (മർക്കോ. 1:21).

ശാബത്തിൻെറ കർത്താവായ മനുഷ്യപുത്രാ,... (2:28).

കൈ ശോഷിച്ചയാളെ സൗഖ്യമാക്കിയ കർത്താവേ,....

വെള്ളത്തിന്മീതേ നടന്ന കർത്താവേ,..

"തുറക്കപ്പെടട്ടെ" (എഫ്ഫാത്ത) എന്നുപറഞ്ഞു് ഊമനും ബധിരനുമായ രോഗിയെ സൗഖ്യമാക്കിയ കർത്താവേ,...

കണ്ണുകളിൽ സ്പർശിച്ചുകൊണ്ട് അന്ധനു കാഴ്ച നല്കിയ കർത്താവേ,... (മർക്കോ 8:22).

സകല ജനതകൾക്കും വേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന രക്ഷയായ ഈശോയേ,...... (ലൂക്കാ. 2:31).

ദാവീദിൻെറ പട്ടണത്തിൽ ഞങ്ങൾക്കായി ജനിച്ച രക്ഷകനായ ഈശോയേ,......(2:11)

www.malankaralibrary.com



രോഗികളെ സുഖപ്പെടുത്താൻ ദൈവീക ശക്തി തന്നിൽ ഉണ്ടായിരുന്ന കർത്താവേ, .. (ലൂക്കോ.5:17).

പ്രതിവാക്യം. ഞങ്ങളെ അനുഗ്രഹിക്കണമെ.

പതിനെട്ടുവർഷമായി കൂനിപ്പോയ സ്ത്രീയെ സൗഖ്യമാക്കിയ കർത്താവേ,.....(13:10).

മഹോദരരോഗിയെ സൗഖ്യമാക്കിയ കർത്താവേ, .. (14:4).

പത്തുകുഷ്ഠരോഗികളെ സൗഖ്യമാക്കിയ കത്താവേ,(17:11)

സക്കേവൂസിന്റെ ഭവനത്തിൽ പോയ യേശുതമ്പുരാനേ,

''പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു'' എന്നു കുരിശിൽ കിടന്നുകൊണ്ടു പ്രാർത്ഥിച്ച യേശുതമ്പുരാനേ,...(23:46).

ലോകപാപം നീക്കുന്ന ദൈവകുഞ്ഞാടേ,... (യോഹ. 1:29.36)

ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കണം എന്നു പഠിപ്പിച്ച സത്യസ്വരൂപാ,(4:28).

മുപ്പത്തെട്ടുവർഷമായി രോഗിയായി ബേതസ്ഥാ എന്ന കുളത്തിനടുത്തു കിടന്നവനെ സൗഖ്യമാക്കിയ കത്താവേ,(5:1).

ആടുകളുടെ വാതിലായ യേശുതമ്പുരാനേ, (10:7).

നല്ല ഇടയനായ, യേശുതമ്പുരാനേ, (10:11.14).

''ഞാനാണ് പുനരുത്ഥാനവും ജീവനും'' എന്നു് അരുളം ചെയ്ത യേശുതമ്പുരാനേ (11,25).

ലാസറിനെ ഉയിർപ്പിച്ച യേശുതമ്പുരാനേ, (11:43).

''ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും'' എന്ന് അരുളംചെയ്ത യേശുതമ്പുരാനേ, (14:19).

ആയിരിക്കുന്നവനും ആയിരുന്നവനും വരാനിരിക്കുന്നവനും സർവ്വശക്തനുമായ ദൈവപുത്രാ, (വെളി. 1:4; 1:8; 4:8; 11:17; 16:5)

വിശ്വസ്ത സാക്ഷിയും മൃതരിൽ നിന്നുള്ള ആദ്യജാതനും ഭൂമിയിലെ രാജാക്കന്മാരുടെ അധിപതിയുമായ യേശുമിശിഹായേ, (1:5).

www.malankaralibrary.com



ഞങ്ങളെ സ്നേഹിക്കുകയും സ്വന്തം രക്തത്താൽ ഞങ്ങളെ പാപത്തിൽ നിന്നു മോചിപ്പിക്കുകയും സ്വപിതാവായ ദൈവത്തിൻെറ രാജ്യവും പുരോഹിതരും ആക്കുകയും ചെയ്ത യേശു മിശിഹായേ. (വെളി 1:6;5:10;1:7)

പ്രതിവാക്യം: ഞങ്ങളെ അനുഗ്രഹിക്കണമെ.

മേഘങ്ങളുടെ അകമ്പടിയോടെ ആഗതനാകുന്ന യേശു മിശിഹായേ,

ആദിയും അന്തവുമായവനേ, (1:8. 1:17).

ദീപപീഠങ്ങളുടെ മദ്ധ്യേ മനുഷ്യപുത്രനേപ്പോലെ പാദംവരെ നീണ്ടുകിടക്കുന്ന മേലങ്കി ധരിച്ചവനേ,

മാറോടടുത്ത് സ്വർണ്ണം കൊണ്ടുള്ള ഇടക്കച്ച കെട്ടിയവനും വെൺമഞ്ഞുപോലെയും വെൺകമ്പിളിപോലെയും വെളുത്ത മുടിയുള്ളവനും തീജ്വാല പോലുള്ള നയനങ്ങൾ ഉള്ളവനും പെരുവെള്ളപ്പാച്ചിൽപോലെ സ്വരമുള്ളവനും വലത്തുകൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചിരിക്കുന്നവനും വായിൽ ഇരുവായ്ത്തല വാളുള്ളവനും പൂർണ്ണശക്തിയോടെ പ്രകാശിക്കുന്ന സൂര്യനെപ്പോലെ പ്രകാശിക്കുന്ന വദനം ഉള്ളവനുമായ മനുഷ്യപുത്രാ, (1:14-16; 19:11).

മരിച്ചവനും ജീവിക്കുന്നവനുമായ മനുഷ്യപുത്രാ, (2:8; 1:18).

എന്നേക്കും ജീവിക്കുന്നവനും മരണത്തിൻെറയും നരകത്തിൻെറയും താക്കോലുകൾ കയ്യിലുള്ളവനുമായ മനുഷ്യപുത്രാ,

പറുദീസായിലെ ജീവവൃക്ഷത്തിൽ നിന്ന് ഞങ്ങൾക്ക ഭക്ഷിക്കാൻ തരുന്ന മനുഷ്യപുത്രാ, .. (2:7).

ജീവൻെറ കിരീടം ഞങ്ങൾക്ക നൽകുന്ന ജീവദാതാവേ,

മൂർച്ചയേറിയ ഇരുതലവാളുള്ള മനുഷ്യപുത്രാ,

ഞങ്ങൾക്ക് നിഗൂഢമന്നായും വെള്ളക്കല്ലും നൽകുന്ന മനുഷ്യപുത്രാ, (2:17).

ഹൃദയങ്ങളും മനസ്സുകളും പരിശോധിക്കുന്ന കർത്താവേ,
കള്ളനെപ്പോലെ സമാഗതനാകുന്ന മനുഷ്യപുത്രാ (3:3)

www.malankaralibrary.com



ഞങ്ങളെ വെള്ളവസ്ത്രം ധരിപ്പിക്കുകയും ജീവന്റെ പുസ്തകത്തിൽ ഞങ്ങളുടെ പേരുകൾ ചേർക്കുകയും ചെയ്യുന്ന മനുഷ്യപുത്രാ, (വെളി. 3:5).

പ്രതിവാക്യം: ഞങ്ങളെ അനുഗ്രഹിക്കണമെ.

പിതാവിന്റെയും തന്റെ ദൂതന്മാരുടെയും മുമ്പാകെ ഞങ്ങളെ ഏറ്റുപറയുന്ന മനുഷ്യപുത്രാ, (3:6).

പരിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോൽ കൈവശമുള്ളവനും, മററാർക്കും അടയ്ക്കാൻ കഴിയാത്തവണ്ണം തുറക്കുന്നവനും, മററാർക്കും തുറക്കാൻ കഴിയാത്തവണ്ണം അടയ്ക്കുന്നവനുമായ മനുഷ്യപുത്രാ, (3:7).

ഞങ്ങളെ ദൈവത്തിന്റെ ആലയത്തിൽ സ്തംഭങ്ങളാക്കുന്ന മനുഷ്യപുത്രാ, (3:12).

ഞങ്ങളുടെ മേൽ ദൈവനഗരത്തിന്റെ നാമവും തന്റെ പുതിയ നാമവും എഴുതുന്ന മനുഷ്യപുത്രാ, (3:12).

വിശ്വസ്തനും സത്യവാനുമായ സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമ്മത്തിന്റെ ആരംഭവുമായിരിക്കുന്ന ആമേൻ ആയ മനുഷ്യപുത്രാ, (3 14;19:11).

നികൃഷ്ടരും ദയനീയരും ദരിദ്രരും അന്ധരും നഗ്നരുമായ ഞങ്ങൾക്ക് അഗ്നിശുദ്ധിവരുത്തിയസ്വർണ്ണവും, ശുഭ്രവസ്ത്രങ്ങളും കണ്ണിലെഴുതാനുള്ള അഞ്ജനവും നല്കുന്ന മനുഷ്യപുത്രാ (വെളി. 3:17–18).

തന്നോടൊത്തു ഞങ്ങളെ ശ്രേഷ്ഠസിംഹാസനത്തിൽ ഇരുത്തുന്ന മനുഷ്യപുത്രാ, (3:21).

കാഴ്ചയിൽ സൂര്യകാന്തംപോലെയും മാണിക്യംപോലെയും ആയിരിക്കുന്ന സിംഹാസനസ്ഥനായ മനുഷ്യപുത്രാ (4:2–3).

സിംഹാസനം വഹിക്കുന്ന നാല് ജീവികളിൽ നിന്ന് ''പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ'' എന്ന നിരന്തര സ്തുതി സ്വീകരിക്കുന്ന മനുഷ്യപുത്രാ (4:8–9).

''ഞങ്ങളുടെ കർത്താവും ദൈവവുമായ അവിടുന്ന് മഹത്വവും ബഹുമാനവും ശക്തിയും സ്വീകരിക്കാൻ അർഹനാണ്, അങ്ങു സർവ്വവും സൃഷ്ടിച്ചു. അങ്ങയുടെ ഹിതമനുസരിച്ച് അവയ്ക്ക് അസ്തിത്വം ലഭിക്കുകയും അവ സൃഷ്ടിക്കപ്പെടുകയും

www.malankaralibrary.com



ചെയ്തു'' എന്നു് പ്രഖ്യാപിക്കുന്ന ഇരുപത്തിനാല് ശ്രേഷ്ഠന്മാരുടെ സ്തുതിപ്പുകൾ സ്വീകരിക്കുന്ന മനുഷ്യപുത്രാ, (വെളി. 4:11).

യൂദാവംശത്തിൽ നിന്നുള്ള സിംഹവും ദാവീദിന്റെ വേരുമായ മനുഷ്യപുത്രാ, (5:5).

ഏഴ് കണ്ണുകളും ഏഴ് കൊമ്പുകളുമുള്ള, കൊല്ലപ്പെട്ടതായി തോന്നുന്ന കുഞ്ഞാടായ മനുഷ്യപുത്രാ (5:6).

വധിക്കപ്പെടുകയും തന്റെ രക്തം കൊണ്ടു് എല്ലാ ഗോത്രത്തിലും ഭാഷയിലും ജനതകളിലും രാജ്യങ്ങളിലും നിന്നുള്ളവരെ ദൈവത്തിനു വേണ്ടി വിലയ്ക്കു വാങ്ങുകയും ചെയ്ത മനുഷ്യപുത്രാ, (1:6;5:9).

''കൊല്ലപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ആധിപത്യവും ബഹുമാനവും മഹത്വവും സ്തുതിയും സ്വീകരിക്കാൻ യോഗ്യനാണ്'' എന്നു് പാടുന്ന ദൂതന്മാരുടെ സ്തുതി സ്വീകരിക്കുന്ന മനുഷ്യപുത്രാ, (5:11_12).

''സിംഹാസനസ്ഥനും കുഞ്ഞാടിനും എന്നേക്കും സ്തുതിയും ബഹുമാനവും മഹത്വവും ആധിപത്യവും യോഗ്യമാകുന്നു'' എന്നു് ഉദ്ഘോഷിക്കുന്ന സൃഷ്ടികളുടെ സ്തുതി സ്വീകരിക്കുന്ന നാഥന്മാരുടെ നാഥനും രാജാക്കന്മാരുടെ രാജാവുമായ മനുഷ്യപുത്രാ,... (5:13;7:12;17:14;19.1.16).

രക്തത്തിൽ മുക്കിയ മേലങ്കി ധരിച്ച ദൈവമേ, (19:13).

സകലവും നവീകരിക്കുന്ന ദൈവമേ,... (21:5).

ഞങ്ങൾക്കുവേണ്ടി സ്വർഗീയജറുസലേം സജ്ജമാക്കിയ ദൈവമേ, (21:1_2.10).

ദാഹിക്കുന്നവനു ജീവജലത്തിന്റെ ഉറവയിൽനിന്നു സൗജന്യമായി കൊടുക്കുന്ന ദൈവമേ,(21:6).

ആൽഫയും ഒമേഗയുമായ ദൈവമേ ...(21:6; 22:13)
ഞങ്ങൾക്കായി ജീവജലത്തിന്റെ നദി ഒഴുക്കുന്ന ദൈവമേ,

ദാവീദിന്റെ വേരും സന്തതിയുമായ മിശിഹായേ, പ്രഭാപൂർണ്ണനായ പ്രഭാതനക്ഷത്രമേ,.... (22.16).

www.malankaralibrary.com



"ഹല്ലേലൂയ്യാ, രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിൻേറതാണ്" എന്ന് ജനതകളെക്കൊണ്ട് പ്രഖ്യാപിപ്പിക്കുന്ന മഹത്വത്തിൻെറ രാജാവേ, (19:1).

## IX

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മീൻ.**

ജഡപ്രകാരം ദാവീദിൻെറ സന്തതിയിൽ നിന്നു ജനിച്ചവനായ മിശിഹാതമ്പുരാനെ, നിനക്കു സ്തുതി.

പ്രത്യുത്തരം: കാരുണ്യവാനായ കർത്താവേ, നിനക്കു സ്തുതി, നിനക്കു സ്തോത്രം, നിനക്ക് ആരാധന.

മരിച്ചവരിൽ നിന്നുള്ള ഉത്ഥാനം വഴി വിശുദ്ധിയുടെ ആത്മാവിനു ചേർന്നവിധം ശക്തിയിൽ ദൈവപുത്രനായി നിശ്ചയിക്കപ്പെട്ട മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

വിശ്വാസം വഴി സംലബ്ധമാകുന്ന രക്തം കൊണ്ടുള്ള പാപപരിഹാരമായി ദൈവത്താൽ നിശ്ചയിക്കപ്പെട്ട മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

ഞങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി മരണത്തിന് ഏല്പിക്കപ്പെട്ട മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

ഞങ്ങളുടെ നീതീകരണത്തിനായി ഉയിർപ്പിക്കപ്പെട്ട മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

നിർണ്ണയിക്കപ്പെട്ട സമയത്ത്, പാപികളായ ഞങ്ങൾക്കു വേണ്ടി മരിച്ച മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

സർവാധിപനായ ദൈവവും എന്നേക്കും വാഴ്ത്തപ്പെട്ടവനുമായ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

തന്നിൽ വിശ്വസിക്കുന്ന ഒരുവനെയും ലജ്ജിക്കാൻ ഇടവരുത്താത്ത മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

എല്ലാവരുടെയും കർത്താവായ മിശിഹാ തമ്പുരാനേ,

www.malankaralibrary.com



താൻവഴിയുള്ള വീണ്ടെടുപ്പിലൂടെ എല്ലാവരെയും സൗജന്യമായി നീതീകരിക്കുന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

ദൈവവുമായി ഞങ്ങളെ സമാധാനപ്പെടുത്തിയ ഞങ്ങളുടെ കർത്താവായ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

തന്റെ രക്തത്താൽ ഞങ്ങളെ നീതീകരിക്കുകയും ക്രോധത്തിൽ നിന്നു ഞങ്ങളെ രക്ഷിക്കുകയും ചെയ്ത മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

തന്റെ മരണത്താൽ ഞങ്ങളെ ദൈവവുമായി രമ്യപ്പെടുത്തുകയും തന്റെ ജീവൻമൂലം ഞങ്ങളെ രക്ഷിക്കുകയും ചെയ്ത മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

ഞങ്ങളുടെ അനുരഞ്ജനമായ മിശിഹാതമ്പുരാനേ,

ഞങ്ങളുടെ നീതീകരണമായ മിശിഹാതമ്പുരാനേ,

എല്ലാ കഷ്ടതകളിലും ഞങ്ങൾക്കു സമ്പൂർണ്ണവിജയം നൽകുന്ന, ഞങ്ങളെ സ്നേഹിക്കുന്ന മിശിഹാതമ്പുരാനേ,

തന്നിൽ വിശ്വസിക്കുന്നവരെയെല്ലാം നീതീകരിക്കുന്നതിനു്, നിയമത്തെ പൂർത്തീകരിച്ച മിശിഹാതമ്പുരാനേ,

ഞങ്ങളുടെ രക്ഷകനായ മിശിഹാ തമ്പുരാനേ,

തന്റെ സ്വന്തമാകുവാൻ ഞങ്ങളെ വിളിച്ച മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

ഞങ്ങളെ ദൈവത്തിന്റെ സ്നേഹഭാജനങ്ങളാക്കിയ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

ഞങ്ങളെ വിശുദ്ധിയിലേക്കു വിളിച്ച മിശിഹാ തമ്പുരാനേ, നിനക്കുസ്തുതി.

രക്ഷയിലേക്കു നയിക്കുന്ന ദൈവശക്തിയായ സുവിശേഷം തന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

ദൈവത്തെ അറിയുവാനും ദൈവമായി മഹത്വപ്പെടുത്താനും നന്ദി പ്രകാശിപ്പിക്കാനും ഞങ്ങളെ പഠിപ്പിച്ച മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

ദൈവത്തിനുവേണ്ടി സദ്ഫലങ്ങൾ പുറപ്പെടുവിക്കാൻ ഞങ്ങളെ ശക്തരാക്കുന്ന മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

www.malankaralibrary.com



തന്റെ സ്വന്തം ആത്മാവിനാൽ ഞങ്ങളെ നയിക്കുന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

പ്രത്യുത്തരം; കാരുണ്യവാനായ കർത്താവേ, നിനക്കു സ്തുതി, നിനക്കു സ്തോത്രം, നിനക്ക് ആരാധന.

ഞങ്ങളെ പ്രതി മരിച്ചുയർക്കുകയും ദൈവത്തിന്റെ വലത്തു ഭാഗത്തിരുന്ന് ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യുന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമായ ദൈവരാജ്യം ഞങ്ങൾക്കു നൽകുന്ന മിശിഹാതമ്പുരാനേ,

ദൈവ മഹത്വത്തിനായി ഞങ്ങളെ സ്വീകരിച്ച മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

സുവിശേഷ പ്രഘോഷണത്തിനു ശ്ലീഹന്മാരെ അയച്ച മിശിഹാതമ്പുരാനേ, നിനക്കു സ്തുതി.

ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമായ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി (1 കൊറി 1:24).

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട മിശിഹാ തമ്പുരാനേ,

കുരിശിൽ തറയ്ക്കപ്പെട്ട മഹത്വത്തിന്റെ കർത്താവേ, നിനക്കു സ്തുതി (കൊറി 12:8).

ഞങ്ങളുടെ അടിസ്ഥാനമായ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി. (3:11)

മരുഭൂമിയിൽ ഇസ്രായേൽക്കാരെ അനുഗമിച്ച ആത്മീയ ശിലയേ, നിനക്കു സ്തുതി. (10:5)

നിദ്രപ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിപ്പിക്കപ്പെട്ട മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി (15:20)

ജീവദാതാവായ ആത്മാവായിത്തീർന്ന അവസാനത്തെ ആദമേ, നിനക്കു സ്തുതി (15:45)

സ്വർഗ്ഗത്തിൽ നിന്നുള്ള രണ്ടാമത്തെ മനുഷ്യനേ, നിനക്കു സ്തുതി (15:47)

എല്ലായ്പ്പോഴും 'അതേ' തന്നെയായ യേശുതമ്പുരാനേ, (2 കൊറി 1:19)

www.malankaralibrary.com



ദൈവത്തിൻെറ പ്രതിരൂപമായ മിശിഹായേ (4:4)

ഞങ്ങൾക്കായി സ്വർഗ്ഗീയ ഭവനങ്ങൾ തയ്യാറാക്കാൻ പോയ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി (5:1)

ശാന്തനും സൗമ്യനുമായ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി (10:1)

തന്നിൽ ഞങ്ങളെല്ലാവരും ദൈവത്തിൻെറ നീതിയാകേണ്ടതിന് ഞങ്ങൾക്കുവേണ്ടി ദൈവം പാപമാക്കിയ പാപം ഇല്ലാത്തവനേ, നിനക്കു സ്തുതി (5:24).

സമ്പന്നനായിരുന്നിട്ടും, ഞങ്ങൾ സമ്പന്നരാകുവാൻ വേണ്ടി ഞങ്ങളെപ്രതി ദരിദ്രനായിത്തീർന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി (8:9)

എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രാ, നിനക്കു സ്തുതി (ഗലാ. 2:20).

ഞങ്ങൾക്കു വേണ്ടി ശപിക്കപ്പെട്ടവനായിത്തീർന്നുകൊണ്ട് നിയമത്തിൻെറ ശാപത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ച മിശിഹാതമ്പുരാനേ, നിനക്കു സ്തുതി. (3:13)

നിന്നിലുള്ള വിശ്വാസം വഴി ഞങ്ങളെല്ലാവരെയും ദൈവപുത്രരാക്കിയ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി (3:26).

വിശ്വാസം വഴി ഞങ്ങളുടെ ഹൃദയങ്ങളിൽ വസിക്കുന്ന മിശിഹാതമ്പുരാനേ, നിനക്കു സ്തുതി (എഫേ. 3:17)

ഞങ്ങളുടെ ശിരസ്സായ മിശിഹാതമ്പുരാനേ,

സത്യത്തിൻെറ പൂർണ്ണതയായ മിശിഹാതമ്പുരാനേ,

ദൈവത്തിൻെറ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനേ, നിനക്കു സ്തുതി (4:24)

ഞങ്ങളെ സ്നേഹിച്ച മിശിഹാതമ്പുരാനേ,

ഞങ്ങൾക്കു വേണ്ടി സുരഭിലകാഴ്ചയും ബലിയുമായി തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ച മിശിഹാതമ്പുരാനേ

ഞങ്ങളെ പ്രകാശിപ്പിച്ച മിശിഹാതമ്പുരാനേ,...

ദൈവത്തിൻെറ രൂപത്തിലായിരുന്നെങ്കിലും ദാസൻെറ രൂപമെടുത്ത ദൈവപുത്രാ, നിനക്കു സ്തുതി (ഫിലി. 2:6–7)

www.malankaralibrary.com



സ്വയം ശൂന്യനാക്കിയ സമ്പന്നനേ, നിനക്കു സ്തുതി. (2:8_9)
പ്രത്യുത്തരം : കാരുണ്യവാനായ കർത്താവേ, നിനക്കു സ്തുതി, നിനക്കു സ്തോത്രം, നിനക്ക് ആരാധന.

കുരിശുമരണത്തോളം അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തിയ അത്യുന്നതനേ, നിനക്കു സ്തുതി (2:8_9).

എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം പ്രാപിച്ച മഹനീയനേ, നിനക്കു സ്തുതി (2:9).

സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലത്താലും ആരാധിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്ന കർത്താധികർത്താവേ, നിനക്കു സ്തുതി (2:10)

ദൈവത്തിൻെറ മഹത്വത്തിനായി എല്ലാ നാവുകളും "യേശുക്രിസ്തു കർത്താവാണ്" എന്ന് ഏററുപറഞ്ഞ് സ്തുതിക്കുന്ന സ്തുതികളുടെ നാഥനേ, നിനക്കു സ്തുതി. (2;11).

എന്നെ തൻെറ സ്വന്തമാക്കിയ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി (ഫിലി 3;12).

സ്വർഗ്ഗത്തിൽ നിന്നു ഞങ്ങൾ പ്രതീക്ഷിക്കുന്ന കർത്താവായ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി (3:20_21).

ഞങ്ങളുടെ രക്ഷയും പാപമോചനവുമായ ദൈവമേ, നിനക്കു സ്തുതി (കൊളോ. 1:14).

അദൃശ്യനായ ദൈവത്തിൻെറ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനുമായ മിശിഹാതമ്പുരാനേ,

സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ ദൃശ്യാദൃശ്യ വസ്തുക്കളുടെയും നിർമ്മാതാവായ വചനമാം ദൈവമേ,

എല്ലാം നിന്നിലൂടെയും നിനക്കു വേണ്ടിയും സൃഷ്ടിക്കപ്പെട്ടതിനാൽ എല്ലാററിനും മുമ്പുള്ളവനായ വചനമായ ദൈവമേ, നിനക്കു സ്തുതി (1:17).

എല്ലാററിനും മുമ്പുള്ളവനേ, നിനക്കു സ്തുതി (1;17).

തന്നിൽ സമസ്തവും സ്ഥിതി ചെയ്യുന്നവനേ,...(1;17).

സഭയാകുന്ന ശരീരത്തിൻെറ ശിരസ്സേ,...(1;18)

എല്ലാററിൻെറയും ആരംഭമേ,...(1;18)

www.malankaralibrary.com



മരിച്ചവരിൽ നിന്നുള്ള ആദ്യജാതനേ, ...(1:18)

എല്ലാററിലും പ്രഥമസ്ഥാനീയനേ, ...(1:18)

സർവ്വ സമ്പൂർണ്ണതയുടെയും നിറകുടമേ .. (1:19)

തൻെറ മരണം വഴി സ്വന്തം ശരീരത്തിൽ ഞങ്ങളെ അനുരഞ്ജിപ്പിച്ച മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി (1:22)

പീഡകം സഹിച്ച മിശിഹാതമ്പുരാനേ,

മഹത്വത്തെക്കുറിച്ചുള്ള പ്രത്യാശയായ മിശിഹാ തമ്പുരാനേ,

ദൈവത്തിൻെറ രഹസ്യമായ മിശിഹാതമ്പുരാനേ...(2:2)

ജ്ഞാനത്തിൻെറയും അറിവിൻെറയും നിധികൾ ഒളിഞ്ഞു കിടക്കുന്ന മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി

ദൈവത്വത്തിൻെറ പൂർണത മുഴുവൻ മൂർത്തീഭവിച്ചിരിക്കുന്ന മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി (2:9).

എല്ലാ ആധിപത്യങ്ങളുടെയും അധികാരങ്ങളുടെയും ശിരസ്സായ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി (2:10).

ഞങ്ങളുടെ ജീവനായ മിശിഹാ തമ്പുരാനേ (3:4).

വരാനിരിക്കുന്ന ക്രോധത്തിൽ നിന്നു ഞങ്ങളെ മോചിപ്പിക്കുന്ന യേശു എന്ന ദൈവപുത്രനേ, നിനക്കു സ്തുതി

ഞങ്ങളെ ശക്തിപ്പെടുത്തുകയും ദുഷ്ടനിൽ നിന്ന് കാത്തുകൊള്ളുകയും ചെയ്യുന്ന കർത്താവേ, നിനക്കു സ്തുതി

ഞങ്ങളെ ശക്തിപ്പെടുത്തുന്ന കർത്താവായ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി (തിമോ 1:12).

പാപികളെ രക്ഷിക്കാനായി ലോകത്തിലേക്കു വന്ന മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി (1:15).

ദൈവത്തിനും മനുഷ്യർക്കും ഇടയിലെ ഏക മദ്ധ്യസ്ഥനായ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി.

എല്ലാവർക്കും വേണ്ടി തന്നെത്തന്നെ മോചന മൂല്യമായി നൽകിയ മിശിഹാ തമ്പുരാനേ, (2:6).

യഥാകാലം നൽകപ്പെട്ട സാക്ഷ്യമായ മിശിഹാ തമ്പുരാനേ, (2:6),

www.malankaralibrary.com



ശരീരത്തിൽ പ്രത്യക്ഷപ്പെടുകയും ആത്മാവിൽ നീതീകരിക്കപ്പെടുകയും ചെയ്ത മിശിഹാ തമ്പുരാനേ, (3:16).

പ്രത്യുത്തരം: കാരുണ്യവാനായ കർത്താവേ, നിനക്കു സ്തുതി, നിനക്കു സ്തോത്രം, നിനക്കു് ആരാധന.

ദൂതന്മാർക്കു ദൃശ്യനാകുകയും ജനപദങ്ങളുടെ ഇടയിൽ പ്രഘോഷിക്കപ്പെടുകയും ചെയ്ത മിശിഹാ തമ്പുരാനേ,(3:16)

മഹത്വത്തിലേക്കു സംവഹിക്കപ്പെട്ട മിശിഹാ തമ്പുരാനേ,... (3:16).

പൊന്തിയോസ് പീലാത്തോസിന്റെ മുമ്പിൽ സത്യത്തിനു സാക്ഷ്യം നൽകിയ മിശിഹാ തമ്പുരാനേ,(6;13).

മരണത്തെ ഇല്ലാതാക്കുകയും തന്റെ സുവിശേഷത്തിലൂടെ ജീവനും അനശ്വരതയും വെളിപ്പെടുത്തുകയും ചെയ്ത മിശിഹാ തമ്പുരാനേ,

ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാനിരിക്കുന്ന മിശിഹാ തമ്പുരാനേ,... (4;1).

എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കായി പ്രത്യക്ഷപ്പെട്ട ദൈവത്തിന്റെ കൃപയേ,

പിതാവിന്റെ മഹത്വത്തിന്റെ തേജസ്സും സത്തയും മുദ്രയുമായ പുത്രൻ തമ്പുരാനേ,

തന്റെ ശക്തിയുടെ വചനത്താൽ എല്ലാററിനെയും താങ്ങി നിർത്തുന്ന പുത്രൻ തമ്പുരാനേ,

പാപങ്ങളിൽ നിന്നു ഞങ്ങളെ ശുദ്ധീകരിച്ചശേഷം അത്യുന്നതങ്ങളിലുള്ള മഹത്വത്തിന്റെ വലത്തുഭാഗത്തു് ഉപവിഷ്ടനായ മിശിഹാ തമ്പുരാനേ, (14).

സന്തോഷത്തിന്റെ തൈലം കൊണ്ടു് അങ്ങയുടെ സ്നേഹിതന്മാരേക്കാൾ അധികമായി അഭിഷേകം ചെയ്യപ്പെട്ട യേശു തമ്പുരാനേ,

മരണത്തെ ആസ്വദിക്കാനായി ദൂതന്മാരേക്കാൾ അല്പം താഴ്ത്തപ്പെടുകയും മരണത്തിനു് അധീനനാവുകയും മഹത്വത്തിന്റെയും ബഹുമാനത്തിന്റെയും കിരീടം അണിഞ്ഞവനായി കാണപ്പെടുകയും ചെയ്ത മിശിഹാ തമ്പുരാനേ,... (2:9).

www.malankaralibrary.com



ജനങ്ങളുടെ പാപങ്ങൾക്ക പരിഹാരം ചെയ്യുന്നതിനുവേണ്ടി എല്ലാ കാര്യങ്ങളിലും തൻെറ സഹോദരരോട് സദൃശ്യനായി ത്തീർന്ന പ്രധാന പുരോഹിതനേ,... (2:17).

ദൈവികകാര്യങ്ങളിൽ വിശ്വസ്തനും കരുണയുള്ളവനുമായ പ്രധാന പുരോഹിതനേ, നിനക്കു സ്തുതി,... (2:17)

പീഡ സഹിക്കുകയും പരീക്ഷിക്കപ്പെടുകയും ചെയ്യുതു കൊണ്ട് പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കാൻ സാധിക്കുന്ന മിശിഹാതമ്പുരാനേ, (2:18)

ഞങ്ങളുടെ വിശ്വാസത്തിൻെറ അപ്പസ്തോലനും ശ്രേഷ്ഠ പുരോഹിതനുമായ യേശുതമ്പുരാനേ, നിനക്കു സ്തുതി (3:1).

തന്നെ വിളിച്ചവനോട് വിശ്വസ്തനായിരുന്ന യേശു തമ്പുരാനേ, നിനക്കു സ്തുതി (3:2).

മോശയെക്കാൾ വളരെ മഹത്വമുള്ളവനായി കണക്കാക്ക പ്പെടുന്ന യേശുതമ്പുരാനേ,... (3:3).

സ്വർഗ്ഗത്തിലേക്കു കടന്നുപോയ ശ്രേഷ്ഠനായ പ്രധാനപുരോ ഹിതനേ, നിനക്കു സ്തുതി (4:14).

ഞങ്ങളുടെ ബലഹീനതകളിൽ ഞങ്ങളോടൊത്തു സഹത പിക്കാൻ കഴിയുന്ന പ്രധാന പുരോഹിതനേ, (4.15).

ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും ഞങ്ങളെപ്പോലെ പരീക്ഷിക്കപ്പെട്ട കൃപാവരത്തിൻെറ സിംഹാസനമേ, (4:16).

മൽക്കീസദേക്കിൻെറ ക്രമപ്രകാരം എന്നേക്കും പുരോഹി തനായിത്തീർന്ന മിശിഹാതമ്പുരാനേ, (5:6).

തൻെറ ഐഹിക ജീവിതകാലത്തു്, മരണത്തിൽനിന്നു തന്നെ രക്ഷിക്കാൻ കഴിവുള്ളവനു് കണ്ണീരോടും വലിയ വിലാ പത്തോടുംകൂടെ പ്രാർത്ഥനകളും യാചനകളും സമർപ്പിച്ച മിശിഹാതമ്പുരാനേ, (5:7).

പരിപൂർണനാക്കപ്പെട്ടതു വഴി തന്നെ അനുസരിക്കുന്ന വർക്കെല്ലാം നിത്യരക്ഷയുടെ ഉറവിടമായിത്തീർന്ന മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി (5:9).

ശ്രേഷ്ഠമായ ഉടമ്പടിയുടെ അച്ചാരമായ മിശിഹാ തമ്പുരാനേ, (7:22).

www.malankaralibrary.com



തന്നിലൂടെ ദൈവത്തെ സമീപിക്കുന്നവരെ പൂർണമായി രക്ഷിക്കാൻ കഴിവുള്ളവനായ മിശിഹാതമ്പുരാനേ,

പ്രത്യുത്തരം: കാരുണ്യവാനായ കർത്താവേ, നിനക്കു സ്തുതി, നിനക്കു സ്തോത്രം, നിനക്കു് ആരാധന.

എന്നേക്കും ജീവിക്കുന്നവനായ മിശിഹാതമ്പുരാനേ,

പരിശുദ്ധനും ദോഷരഹിതനും നിഷ്കളങ്കനും പാപികളിൽ നിന്നു വേർതിരിക്കപ്പെട്ടവനും സ്വർഗ്ഗത്തിനുമേൽ ഉയർത്തപ്പെട്ടവനുമായ പ്രധാന പുരോഹിതനേ, നിനക്കു സ്തുതി

തന്നെത്തന്നെ അർപ്പിച്ചുകൊണ്ടു് എന്നേക്കുമായി ഒരിക്കൽ ബലിയർപ്പണം നടത്തിയ മിശിഹാതമ്പുരാനേ, (7:27).

എന്നേക്കും പരിപൂർണ്ണനാക്കപ്പെട്ട മിശിഹാതമ്പുരാനേ,

സ്വർഗ്ഗത്തിൽ മഹിമയുടെ സിംഹാസനത്തിന്റെ വലത്തു ഭാഗത്തിരിക്കുന്ന പ്രധാന പുരോഹിതനേ, (8:1).

വിശുദ്ധവസ്തുക്കളുടെയും മനുഷ്യനിർമ്മിതമല്ലാത്തതും കർത്താവിനാൽ സ്ഥാപിതവുമായ സത്യകൂടാരത്തിന്റെയും ശുശ്രൂഷകനായ പ്രധാന പുരോഹിതനേ, (8:2).

വരാനിരിക്കുന്ന നന്മകളുടെ പ്രധാന പുരോഹിതനായി കാണപ്പെട്ട മിശിഹാതമ്പുരാനേ ... (9:11).

സ്വന്തരക്തത്തിലൂടെ നിത്യരക്ഷ സാധിച്ച മിശിഹാതമ്പുരാനേ, നിനക്കു സ്തുതി (9:12).

ഞങ്ങൾക്കുവേണ്ടി ദൈവസന്നിധിയിൽ നില്ക്കാൻ സ്വർഗ്ഗത്തിലേക്കു തന്നെ പ്രവേശിച്ച യേശുതമ്പുരാനേ, (9:24).

കാലത്തിന്റെ പൂർണ്ണതയിൽ തന്നെത്തന്നെ ബലിയർപ്പിച്ചുകൊണ്ടു് പാപത്തെ നശിപ്പിക്കാൻ ഒരിക്കൽ മാത്രം പ്രത്യക്ഷപ്പെട്ട യേശുതമ്പുരാനേ, (9:26).

വളരെപ്പേരുടെ പാപങ്ങൾ ഉന്മൂലനം ചെയ്യുന്നതിന് ഒരു പ്രാവശ്യം അർപ്പിക്കപ്പെട്ട യേശുതമ്പുരാനേ, (9:28).

തന്നെ ആകാംക്ഷാപൂർവ്വം കാത്തിരിക്കുന്നവരുടെ രക്ഷയ്ക്കു വേണ്ടി വരാനിരിക്കുന്ന യേശുതമ്പുരാനേ, (9:28).

www.malankaralibrary.com



ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേററാൻ ഇതാ ഞാൻ വന്നിരിക്കുന്നു എന്നരുളിച്ചെയ്ത യേശുതമ്പുരാനേ,

പ്രത്യുത്തരം: കാരുണ്യവാനായ കർത്താവേ, നിനക്കു സ്തുതി, നിനക്കു സ്തോത്രം, നിനക്ക് ആരാധന.

തന്റെ ശരീരം എന്നേക്കുമായി ഒരിക്കൽ സമർപ്പിച്ച് ഞങ്ങളെ വിശുദ്ധീകരിച്ച യേശുതമ്പുരാനേ, (10;10).

പാപങ്ങൾക്കുവേണ്ടി എന്നേക്കുമുള്ള ഏകബലി അർപ്പിച്ച് ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന യേശുതമ്പുരാനേ,.... (10;12).

ശത്രുക്കളെ തന്റെ പാദപീഠമാക്കുവോളം കാത്തിരിക്കുന്ന യേശുതമ്പുരാനേ, (10:13).

വിശുദ്ധീകരിക്കപ്പെട്ടവരെ ഏകബലിയർപ്പണം വഴി എന്നേക്കും പരിപൂർണനാക്കിയ യേശുതമ്പുരാനേ, (10;14).

തന്റെ ശരീരമാകുന്ന വിരിയിലൂടെ ഞങ്ങൾക്കായി നവീനവും സജീവവുമായ പാത തുറന്നുതന്ന യേശുതമ്പുരാനേ,

ദൈവ ഭവനത്തിന്റെ മേൽനോട്ടക്കാരനായ യേശുതമ്പുരാനേ, (10;21).

ഞങ്ങളുടെ വിശ്വാസത്തിന്റെ നാഥനും അതിനെ പൂർണതയിലെത്തിക്കുന്നവനുമായ യേശുതമ്പുരാനേ (12;2).

തനിക്കുണ്ടായിരുന്ന സന്തോഷം ഉപേക്ഷിച്ച് അപമാനം വകവയ്ക്കാതെ, ക്ഷമയോടെ കുരിശു സ്വീകരിച്ച യേശുതമ്പുരാനേ, നിനക്കു സ്തുതി (12:2).

ദൈവ സിംഹാസനത്തിന്റെ വലത്തുഭാഗത്ത് അവരോധിക്കപ്പെട്ട യേശുതമ്പുരാനേ, (12:2).

പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായ യേശുതമ്പുരാനേ, നിനക്കു സ്തുതി (12:24).

ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയായ യേശുതമ്പുരാനേ, (13;8)

ലോക സ്ഥാപനത്തിനു മുൻപുതന്നെ നിയോഗിക്കപ്പെട്ടിരുന്നവനും അവസാനകാലത്ത് ഞങ്ങൾക്കായി വെളിപ്പെടുത്തപ്പെട്ടവനുമായ മിശിഹാതമ്പുരാനേ (1 പത്രോ 1:20).

www.malankaralibrary.com



സജീവശിലയായ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി

പ്രത്യുത്തരം: കാരുണ്യവാനായ കർത്താവേ, നിനക്കു സ്തുതി, നിനക്കു സ്തോത്രം, നിനക്കു ആരാധന.

മനുഷ്യർ തിരസ്കരിച്ചതും ദൈവം തെരഞ്ഞെടുത്തതുമായ അമൂല്യ ശിലയേ, നിനക്കു സ്തുതി (2:4).

ഞങ്ങളുടെ പാപങ്ങൾക്കു വേണ്ടി ഒരിക്കൽ മരിച്ച മിശിഹാതമ്പുരാനേ നിനക്കു സ്തുതി. (3:18).

നീതികെട്ടവർക്കു വേണ്ടി മരിച്ച നീതിമാനായ മിശിഹാ തമ്പുരാനേ, നിനക്കു സ്തുതി (3 18).

ശരീരത്തിൽ മരിച്ച് ആത്മാവിൽ ജീവൻ പ്രാപിച്ചു കൊണ്ട് ഞങ്ങളെ ദൈവസന്നിധിയിൽ എത്തിച്ച മിശിഹാ തമ്പുരാനേ... (3:18).

ആത്മാവോടുകൂടെച്ചെന്ന് ബന്ധനസ്ഥരായ ആത്മാക്കളോട് സുവിശേഷം പ്രസംഗിച്ച മിശിഹ തമ്പുരാനേ,

സ്വർഗ്ഗത്തിലേയ്ക്ക് പ്രവേശിച്ച് ദൈവത്തിൻെറ വലത്തു ഭാഗത്തിരിക്കുന്ന മിശിഹാതമ്പുരാനേ, (3:22).

ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാനിരിക്കുന്ന മിശിഹാതമ്പുരാനേ, (4:5).

ശരീരത്തിൽ മനുഷ്യരെപ്പോലെ വിധിക്കപ്പെട്ടെങ്കിലും ആത്മാവിൽ ദൈവത്തെപ്പോലെ ജീവിക്കാൻ മരിച്ചവരോടു പോലും സുവിശേഷം പ്രസംഗിച്ച മിശിഹാതമ്പുരാനേ,

ഇടയന്മാരുടെ തലവനായ മിശിഹാതമ്പുരാനേ, (5:4).

പിതാവായ ദൈവത്തിൽനിന്ന് ബഹുമാനവും മഹത്വവും സ്വീകരിച്ച യേശുതമ്പുരാനേ, നിനക്കു സ്തുതി. (2 പത്രോ. 1:16)

ഞങ്ങളെ വിലകൊടുത്തുവാങ്ങിയ നാഥനായ യേശു തമ്പുരാനേ.... (2:1)

ആദിമുതൽ ഉണ്ടായിരുന്നതും പിതാവിനോടുകൂടെ ആയിരുന്നതും മനുഷ്യരായ ഞങ്ങൾക്കു വെളിപ്പെട്ടതുമായ നിത്യ ജീവനേ നിനക്കു സ്തുതി (1 യോഹ 1:16)

www.malankaralibrary.com



ലോകത്തിന്റെ പ്രകാശമായ ദൈവമേ, (1:6)

ഞങ്ങൾ പാപം ഏററുപറയുമ്പോൾ പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലുംനിന്ന് ഞങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ദൈവമേ, നിനക്കു സ്തുതി. (1:9)

ഞങ്ങളുടെയും ലോകം മുഴുവന്റെയും പരിഹാരബലിയായ യേശുതമ്പുരാനേ,... (2:2)

പാപം ഏറെറടുക്കാൻ വേണ്ടി പ്രത്യക്ഷനായ മിശിഹാതമ്പുരാനേ, നിനക്കു സ്തുതി (3:5).

സ്വന്തം ജീവൻ ഞങ്ങൾക്കുവേണ്ടി പരിത്യജിച്ച മിശിഹാതമ്പുരാനേ, നിനക്കു സ്തുതി (3:16).

പാപത്തിൽ നിന്നു ഞങ്ങളെ സംരക്ഷിക്കുന്ന ദൈവപുത്രാ നിനക്കു സ്തുതി (5:18).

ഞങ്ങളെ തൊടാൻ ദുഷ്ടനെ അനുവദിക്കാത്ത ദൈവപുത്രാ,

ഞങ്ങളുടെ ഏകനാഥനും കർത്താവുമായ യേശുമിശിഹായേ നിനക്കു സ്തുതി (യൂദാ.4).

ഞങ്ങളെ വീഴാതെ കാത്തുകൊള്ളാനും തന്റെ മഹത്വത്തിന്റെ സന്നിധിയിൽ കളങ്കരഹിതരായി സന്തോഷത്തോടെ നിർത്താനും കഴിവുള്ള കർത്താവേശുമിശിഹായേ,

X

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മീൻ.**

ദൈവമായ കർത്താവേ, നിനക്കു സ്തുതി.

പ്രത്യുത്തരം: നിനക്കു സ്തുതി, നിനക്കു സ്തോത്രം, നിനക്ക് ആരാധന.

നിത്യനായ ദൈവമേ, നിനക്കു സ്തുതി.

www.malankaralibrary.com



നീതിമാനായ ദൈവമേ, നിനക്കു സ്തുതി.
പ്രത്യുത്തരം: നിനക്കു സ്തുതി, നിനക്കു സ്തോത്രം, നിനക്കു് ആരാധന.
സർവാരാധ്യനായ ദൈവമേ, നിനക്കു സ്തുതി.
സ്വർഗസ്ഥനായ പിതാവേ, ,,
ജീവദാതാവായ പിതാവേ, ,,
രാജാധിരാജാവേ, ,,
കർത്താധികർത്താവേ, ,,
കരുണാസമ്പൂർണ്ണനായ കർത്താവേ,
കരുണാമയനായ കർത്താവേ,
കരുണാനിധിയായ കർത്താവേ,
കാരുണ്യവാനായ കർത്താവേ,
കരുണാകരനായ കർത്താവേ,
മനുഷ്യസ്നേഹിയായ കർത്താവേ,
കരുണക്കടലായ കർത്താവേ,
ഞങ്ങളുടെ രക്ഷയുടെ ദൈവമേ,
അത്യുൽകൃഷ്ടനായ ദൈവമേ,
അനാദ്യന്തനായ ദൈവമേ,
പിതാവായ ദൈവമേ,
ഉത്തമനും ദയാലുവുമായ പിതാവേ;
മഹോന്നതനായ രാജാവേ,
സർവാധിപതിയായ രാജാവേ,
പരിശുദ്ധനായ പിതാവേ,
ജീവദാതാവായ ദൈവമേ, (1തിമോ. 6:13).
മരണമില്ലാത്തവനായ ദൈവമേ, (1തിമോ 6.16).
അപ്രാപ്യമായ പ്രകാശത്തിൽ വസിക്കുന്നവനേ, (6:16).
സകലത്തിൻെറ നിർമ്മാതാവായദൈവമേ, (എബ്രാ.3:4)
വിശ്വസ്തനായ ദൈവമേ, (1 കൊരി. 10:13).
ദയാപരനായ കർത്താവേ,
കൃപാലുവായ ,,
സ്നേഹമയനായ ,,
അനന്തസ്നേഹമായ ,,
ക്ഷമാമൂർത്തിയായ ,,

www.malankaralibrary.com



പരം പൊരുളായ ദൈവമേ, നിനക്കു സ്തുതി.
ആനന്ദ മൂർത്തിയായ ,,
സർവ്വ നന്മസ്വരൂപിയായ ,,
പരമ സത്തയായ ,,
സ്വയംഭൂവായ ,,
പരമാരാധ്യനായ ,,
പരമനന്മയായ ,,
ആദികാരണമായ ,,
ദൈവപുത്രാ, നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി
ദാവീദ പുത്രാ, നിനക്കു സ്തുതി
പാപപരിഹാരമേ നിനക്കു സ്തുതി
ജീവദായകമായ നീതീകരണമേ, നിനക്കു സ്തുതി
പാപമോചനമേ, നിനക്കു സ്തുതി
കുരിശിൽ തൂങ്ങി മരിച്ചവനേ, നിനക്കു സ്തുതി
സർവാധിപനായ ദൈവമേ, നിനക്കു സ്തുതി
എന്നേക്കും വാഴ്ത്തപ്പെട്ടവനേ നിനക്കു സ്തുതി
രക്ഷകനേ, നിനക്കു സ്തുതി
ഞങ്ങളുടെ വീണ്ടെടുപ്പേ, നിനക്കു സ്തുതി
ഞങ്ങളുടെ സമാധാനമേ, നിനക്കു സ്തുതി
ഞങ്ങളുടെ കൃപയേ, നിനക്കു സ്തുതി
ഞങ്ങളുടെ അനുരഞ്ജനമേ, നിനക്കു സ്തുതി
ഞങ്ങളുടെ അഭിമാനമേ, നിനക്കു സ്തുതി,
ഞങ്ങളുടെ കൃപാദാനമേ, നിനക്കു സ്തുതി
ഞങ്ങളുടെ നിത്യജീവനേ, നിനക്കു സ്തുതി
ഞങ്ങളെ സ്നേഹിക്കുന്നവനേ, നിനക്കു സ്തുതി
ഞങ്ങളുടെ സ്വന്തമേ, നിനക്കു സ്തുതി
ദൈവത്തിന്റെ കരുണയേ, നിനക്കു സ്തുതി
നിത്യസത്യമേ, നിനക്കു സ്തുതി
ദൈവമഹത്വമേ, നിനക്കു സ്തുതി
ദൈവകാരുണ്യമേ, നിനക്കു സ്തുതി
ഞങ്ങളുടെ വിശുദ്ധീകരണമേ, നിനക്കു സ്തുതി
ആദ്യജാതനേ, നിനക്കു സ്തുതി
ഞങ്ങളുടെ മധ്യസ്ഥനേ, നിനക്കു സ്തുതി

www.malankaralibrary.com



ദൈവത്തിൻെറ വചനമേ നിനക്കു സ്തുതി.

പ്രത്യുത്തരം: നിനക്കു സ്തുതി, നിനക്കു സ്തോത്രം നിനക്ക് ആരാധന.

നിഗൂഢനും അജ്ഞേയനുമായ ദൈവമേ, നിനക്കു സ്തുതി.

ജലത്താലുള്ള മാമോദീസാ കൊണ്ട് സകല പാപങ്ങളും മായിക്കുന്നവനേ,

ശ്രേഷ്ഠമായ നിധിയായ യേശു തമ്പുരാനേ,

ഉപരിതലങ്ങളിൽ സഞ്ചരിക്കുകയും മിന്നൽപ്പിണരുകൾ പ്രസരിപ്പിക്കുകയും ക്രോബകളിൽ ആരൂഢനായിരിക്കുകയും ചെയ്യുന്ന യേശു തമ്പുരാനേ,

ദിവസങ്ങൾക്കും ലോകങ്ങൾക്കും മുമ്പുള്ള പുരാതനനേ,

എല്ലാക്കാലങ്ങൾക്കും മുമ്പുള്ളവനേ,

അധികാരികൾക്കു കിരീടം മെടയുന്നവനും അഹങ്കാരികളുടെ കിരീടങ്ങളെ നീക്കിക്കളയുന്നവനുമായ രാജാധിരാജാവേ,

മറിയാം എന്ന ദാഹാർത്തയായ ഭൂമിയിൽ മുളച്ചു വളർന്ന ജീവൻെറ വൃക്ഷമേ,

സർപ്പത്തിൻെറ തലയെ തകർത്ത ശിശുവേ,

കന്യകയിൽനിന്നു പിറന്ന മഹാത്ഭുതമേ,

യാക്കോബ് വിവരിച്ച സിംഹക്കുട്ടിയായ യേശു തമ്പുരാനേ, (ഉല്പ. 49:9).

അത്ഭുതാവഹനായ ദൈവമേ, (ഏശാ. 9:6).

പിതാവിൽനിന്നു പ്രകാശിക്കുകയും മറിയത്തിൽ നിന്നു ജന്മമെടുക്കുകയും ചെയ്ത അമേയനായ സർവേശ്വരാ,

ഏകജാതനും ബുദ്ധിക്ക് അഗോചരനുമായ പുത്രാ,

ഞങ്ങളുടെ ശരീരം എടുത്ത ദൈവപുത്രാ,

സ്വർഗ്ഗത്തിൽ നിന്ന് വചനമായി ഇറങ്ങുകയും ശരീരിയായി കരേറുകയും ചെയ്ത ദൈവപുത്രാ,

ദഹിപ്പിക്കുന്ന അഗ്നിയായി ഇറങ്ങുകയും മനുഷ്യർക്കുവേണ്ടി മഞ്ഞായി മാറുകയും ചെയ്ത ദൈവപുത്രാ,

www.malankaralibrary.com



സ്വന്തം രക്തത്താൽ തിരുസഭയെ രക്ഷിച്ച മിശിഹാ രാജാവേ,

വിശുദ്ധ കന്യകയുടെ പരിശുദ്ധമായ ഗർഭപാത്രത്തിൽ ശാരീരികമായി വസിച്ച പരിശുദ്ധനേ,

തന്നിൽ വിശ്വസിക്കുന്നവരുടെ ഹൃദയത്തിൽ ആധ്യാത്മികമായി വസിക്കുന്ന പരിശുദ്ധനേ,

കന്യകയുടെ ഉദരത്തിൽ ധനികനായി പ്രവേശിക്കുകയും ദരിദ്രനായി പുറത്തുവരികയും ചെയ്ത പരിശുദ്ധനേ,

യോർദ്ദാനിൽ സ്നാനത്തിനായി ഇറങ്ങിയ പ്രവഹിക്കുന്ന സമുദ്രമേ,

പാപം നിർമ്മാർജ്ജനം ചെയ്യുന്ന സജീവപ്രവാഹമേ,

തൻെറ സ്നാനംവഴി പാപമോചനത്തിനുള്ള മാമോദീസാ ഉത്ഘാടനം ചെയ്ത മിശിഹായേ,

ശുദ്ധീകരിക്കുന്നതും വെടിപ്പാക്കുന്നതുമായ സോപ്പായേ,

സ്വാഭാവികമാം വിധം പിതാവിൽനിന്നും അതിസ്വാഭാവികമാംവിധം മറിയത്തിൽനിന്നും അസാധാരണമാം വിധം യോർദ്ദാനിൽ നിന്നും ജനിച്ച വചനമേ,

സർവ്വശക്തനായ ദൈവമേ,
ആത്മീയനായ ദൈവമേ,
പരമോന്നത സത്തയുടെ പുത്രനേ,
ദാവീദുപുത്രിയായ കന്യകയിൽ നിന്ന് മനുഷ്യനായി അവതരിച്ചവനേ,
ദാസനായിത്തീർന്ന രാജാവേ,
അംഗുലീചലനത്താൽ സൃഷ്ടികളെ വിറകൊള്ളിക്കുന്നവനേ,
സംഗമം കൂടാതെ ഉത്ഭവിച്ചവനേ,
വേദന കൂടാതെ ജനിച്ചവനേ,
സ്വർഗ്ഗത്തിൽ ജനനിയില്ലാത്തവനേ,
ഭൂമിയിൽ ജനയിതാവില്ലാത്തവനേ,
കന്യകയിൽനിന്നു ജനിച്ച സൗന്ദര്യതിലകമേ,
തൻെറ ഉദയത്താൽ ഭൂലോകത്തിൽ നിന്ന് അന്ധകാരത്തെ നീക്കിക്കളഞ്ഞ ദിവ്യപ്രകാശമേ,

www.malankaralibrary.com



മറിയത്തിന്റെ ഉള്ളിൽ വസിച്ച ജ്വലിക്കുന്ന തീക്കനലേ,

പ്രത്യുത്തരം: നിനക്കു സ്തുതി, നിനക്കു് സ്തോത്രം, നിനക്കു് ആരാധന.

വെണ്മയേറിയ മേഘത്തിൽ വസിച്ച മഹത്തായ സൂര്യനേ,

ആടിന്റെ കൊലയും പെസഹാ അനുഷ്ഠാനവും നിയമത്തിന്റെ അക്ഷരവും പൂർണമാക്കിയ യേശുതമ്പുരാനേ,

ശിശുവിനെപ്പോലെ പിറന്നവനേ,
കുഞ്ഞാടിനെപ്പോലെ ആനയിക്കപ്പെട്ടവനേ,
ആടിനെപ്പോലെ അറുക്കപ്പെട്ടവനേ,
മർത്ത്യനെപ്പോലെ അടക്കപ്പെട്ടവനേ,
മരിച്ചവരിൽനിന്നു് ഉയിർത്തവനേ,
സ്വഭാവത്താൽ ദൈവവും മനുഷ്യനും ആയവനേ,

വിധിക്കുന്ന നിയമവും പഠിപ്പിക്കുന്ന വചനവും രക്ഷിക്കുന്ന കൃപയും ജനിച്ച പുത്രനും സഹിക്കുന്ന ആടും അടക്കപ്പെട്ട മനുഷ്യനും ഉത്ഥാനംചെയ്ത ദൈവവുമായ മിശിഹാതമ്പുരാനേ, ആടിനെപ്പോലെ വെട്ടുവാനായി ആനയിക്കപ്പെട്ട മിശിഹാതമ്പുരാനേ,

മൗനമായിരുന്ന കുഞ്ഞാടുപോലെ വായ് തുറക്കാതിരുന്ന ദൈവത്തിന്റെ കുഞ്ഞാടേ,

കഷ്ടപ്പെടുന്ന മനുഷ്യകുലത്തിനുവേണ്ടി സ്വർഗത്തിൽനിന്നു് ഇറങ്ങിവന്ന ദൈവപുത്രാ,

കഷ്ടപ്പെടുന്നവരുടെ കഷ്ടതകളെല്ലാം തന്റെ മേൽ വഹിച്ച സഹനാതീതനേ,

അമർത്ത്യമായ തന്റെ ആത്മാവാൽ മർത്ത്യസംഹാരകനായ മരണത്തെ വധിച്ച മരണമില്ലാത്തവനേ,

ഞങ്ങളെ ദാസ്യത്തിൽ നിന്നു് സ്വാതന്ത്ര്യത്തിലേയ്ക്കു കൊണ്ടുവന്ന ദിവ്യ യജമാനനേ,

ഞങ്ങളെ തമസ്സിൽനിന്നു് ജ്യോതിസ്സിലേയ്ക്കു നയിച്ച സ്വർഗീയ പ്രകാശമേ,

ഞങ്ങളെ മൃത്യുവിൽനിന്നു് ജീവനിലേക്കു നയിച്ച ജീവന്റെ ഉറവിടമേ,

www.malankaralibrary.com



ഞങ്ങളെ തേർവാഴ്ചയിൽ നിന്ന് നിത്യരാജ്യത്തിലേക്ക കൊണ്ടുവന്ന രാജാധിരാജാവേ,

ഞങ്ങളുടെ രക്ഷയുടെ പെസഹായാകുന്ന മിശിഹാതമ്പുരാനേ,

ഹാബേലിൽ കൊല്ലപ്പെട്ടവനും ഇസഹാക്കിൽ കെട്ടപ്പെട്ടവനും യാക്കോബിൽ പരദേശിയാക്കപ്പെട്ടവനും യൗസേപ്പിൽ വിൽക്കപ്പെട്ടവനും ആയ മിശിഹാതമ്പുരാനേ,

ശബ്ദമില്ലാത്ത കുഞ്ഞാടായ മിശിഹാ തമ്പുരാനേ,
അറുക്കപ്പെട്ട കുഞ്ഞാടായ മിശിഹാതമ്പുരാനേ,

ആലയിൽ നിന്ന് പിടിക്കപ്പെടുകയും വെട്ടുവാൻ വലിച്ചിഴക്കപ്പെടുകയും ചെയ്ത കുഞ്ഞാടായ കർത്താവേ,

പ്രഭാത നക്ഷത്രത്തിനുമുൻപ് ഉദയം ചെയ്ത ദിവ്യപ്രകാശമേ,

ഉദിച്ചുയരുവാൻ വെളിച്ചത്തെ ഉണ്ടാക്കിയവനേ,
ദിവസത്തെ പ്രകാശിപ്പിക്കുന്നവനേ,
വെളിച്ചത്തെ വേർതിരിച്ചവനേ,
സൃഷ്ടിയുടെ അതിർത്തി നിശ്ചയിച്ചവനേ,
ആഴത്തെ വററിച്ചവനേ,
പ്രപഞ്ചത്തെ ക്രമീകരിച്ചവനേ,
ആകാശ ഗോളങ്ങളെ സ്ഥാപിച്ചവനേ,
സ്വർഗീയ ഗണങ്ങളെ സൃഷ്ടിച്ചവനേ,
ആകാശവും ഭൂമിയും നിർമ്മിച്ചവനേ,
ആദിയിൽ മനുഷ്യനെ രൂപീകരിച്ചവനേ,
നിയമവും പ്രവാചകരും സാക്ഷിച്ചവനേ,
ആരംഭവും അന്ത്യവുമായവനേ,
ഞങ്ങളുടെ ഉത്ഥാനമേ,
ഞങ്ങളുടെ വെളിച്ചമേ,
ഞങ്ങളുടെ പാതയേ,
ഞങ്ങളുടെ പറുദീസായേ,
നന്മസ്വരൂപിയും ബുദ്ധിതന്നെയുമായ ദൈവമേ,

ഞങ്ങൾക്ക് അജ്ഞാതമായ തൻെറ തിരുവിഷ്ടം ഞങ്ങളെ അറിയിക്കാൻ തിരുമനസ്സായ ദൈവമേ, (എഫേ. 1:9).

www.malankaralibrary.com



അങ്ങനെ സ്വയം വെളിപ്പെടുത്താൻ തിരുമനസ്സായ ദൈവമേ,

പ്രത്യുത്തരം: നിനക്കു സ്തുതി, നിനക്കു സ്തോത്രം, നിനക്ക് ആരാധന.

തൻെറ സ്നേഹത്തിൻെറ പാരമ്യത്തിൽ നിന്ന് ഞങ്ങളോട് സ്നേഹിതരോടെന്നപോലെ സംസാരിക്കുകയും ഞങ്ങളുടെ മദ്ധ്യേ വസിക്കുകയും ചെയ്യുന്ന അദൃശ്യനായ ദൈവമേ,

തൻെറ സഹവർത്തിത്വത്തിലേക്കു മനുഷ്യരെ ക്ഷണിക്കുകയും കൊണ്ടുവരികയും ചെയ്യുന്ന ദൈവമേ,

തൻെറ വചനത്തിലൂടെ തന്നെക്കുറിച്ചുള്ള സ്ഥായിയായ സാക്ഷ്യം മനുഷ്യനു നൽകിയ ദൈവമേ,

ശതാബ്ദങ്ങളിലൂടെ സുവിശേഷത്തിനുവേണ്ടി വഴിയൊരുക്കിയ ദൈവമേ,

വിശ്വാസത്തിൽ നിന്നു വരുന്ന അനുസരണം ആവശ്യപ്പെടുന്ന സ്വയം വെളിപ്പെടുത്തിയ ദൈവമേ,

പിതാവിനോടുകൂടെ ആയിരിക്കുകയും ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുകയും ചെയ്ത നിത്യജീവനേ, നിനക്കു സ്തുതി.

എല്ലാ ദൈവിക വെളിപാടിൻെറയും മദ്ധ്യസ്ഥനും പൂർണ്ണതയുമായ യേശുതമ്പുരാനേ,

സകലരേയും പ്രകാശിപ്പിക്കുന്ന നിത്യവചനമായ പുത്രനേ,

മനുഷ്യരോടൊന്നിച്ചു വസിക്കുകയും ദൈവത്തിൻെറ ഉന്നത രഹസ്യങ്ങൾ മനുഷ്യരെ അറിയിക്കുകയും ചെയ്ത ദൈവപുത്രാ,

ഒരു മനുഷ്യൻ മററു മനുഷ്യരുടെ പക്കലേക്ക് എന്നവിധം അയയ്ക്കപ്പെട്ട മാംസം ധരിച്ച വചനമായ യേശുതമ്പുരാനേ,

ദൈവത്തിൻെറ വാക്കുകൾ ഞങ്ങളെ അറിയിച്ച ദൈവപുത്രാ (യോഹ. 3:34).

പിതാവേകിയ പരിത്രാണപദ്ധതി പൂർത്തീകരിച്ച ദൈവപുത്രാ, (5:36).

ദൈവത്തിൻെറ രാജ്യം ഭൂമിയിൽ സ്ഥാപിച്ച മിശിഹാ തമ്പുരാനേ,

കുഞ്ഞാടിനെപ്പോലെ മൗനമായിരുന്ന ജീവനുള്ള കുഞ്ഞാടേ

www.malankaralibrary.com



# XI

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മീൻ.**

ആശ്വാസപ്രദനായ പരിശുദ്ധാത്മാവേ, നിനക്കു സ്തുതി.

പ്രതിവാക്യം: കാരുണ്യവാനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമെ.

തൻെറ ദിവ്യദാനങ്ങളാലും സ്വർഗ്ഗീയവരങ്ങളാലും ഞങ്ങളുടെ ബോധത്തെ പ്രകാശിപ്പിക്കുന്ന പരിശുദ്ധാത്മാവേ, നിനക്കു സ്തുതി.

സത്യാത്മാവായ പരിശുദ്ധാത്മാവേ, നിനക്കു സ്തുതി.
രാജകീയ റൂഹായേ, നിനക്കു സ്തുതി.
പിതാവിൻെറ സ്നേഹമേ, നിനക്കു സ്തുതി.
പുത്രൻെറ വാഗ്ദാനമേ, നിനക്കു സ്തുതി.
ജ്ഞാനത്തിൻെറയും പ്രാഗത്ഭ്യത്തിൻെറയും റൂഹായേ, നിനക്കു സ്തുതി.

എല്ലാം പ്രവർത്തിക്കുവാനും പൂർത്തീകരിക്കുവാനും ശക്തി പ്രദാനംചെയ്യുന്ന ജീവദാതാവേ, നിനക്കു സ്തുതി.

അവിഭാജ്യനും സംഖ്യാതീതനുമായ റൂഹായേ, നിനക്കു സ്തുതി.

മനുഷ്യസ്നേഹിയായ റൂഹായേ, നിനക്കു സ്തുതി.

ദീർഘദർശിമാരെ ഒരുക്കുകയും ശ്ലീഹന്മാർക്കു ജ്ഞാനം നൽകുകയും രക്തസാക്ഷികളെ യുദ്ധസന്നദ്ധരാക്കുകയും ഉപദേഷ്ടാക്കളെ നയിക്കുകയും ചെയ്യുവനായ റൂഹായേ, നിനക്കു സ്തുതി.

നല്ലകാര്യങ്ങൾ ചെയ്യുന്നവനും സകലവും കഴിയുന്നവനും സ്വഭാവത്തിൽ കലർപ്പില്ലാത്തവനും വ്യാപാരത്തിൽ വൈവിധ്യമുള്ളവനുമായ റൂഹായേ, നിനക്കു സ്തുതി.

ന്യായപ്രമാണവും ദീർഘദർശികളും ശ്ലീഹന്മാരും മുഖേന സംസാരിച്ചവനായ റൂഹായേ, നിനക്കു സ്തുതി.

ദിവ്യദാനങ്ങളുടെ ഉറവയും സകലത്തിനും സമീപസ്ഥനും സകലവും പൂർത്തിയാക്കുന്നവനുമായ റൂഹായേ, നിനക്കുസ്തുതി.

തനിക്കിഷ്ടം തോന്നുന്നവരിൽ അധികാരപൂർവം വിശുദ്ധകാര്യങ്ങൾ പ്രവർത്തിക്കുന്ന റൂഹായേ, നിനക്കു സ്തുതി.

www.malankaralibrary.com



ഞങ്ങളെ നിന്റെ വിശുദ്ധ മന്ദിരങ്ങളും തിരുനിവാസത്തിനു യോജിച്ച രമ്യഹർമ്മ്യങ്ങളും ആക്കുന്ന റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

പ്രതിവാക്യം: കാരുണ്യവാനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

പരിശുദ്ധനും സകലവും ശുദ്ധീകരിക്കുന്നവനും അഗ്നിനാവുകളുടെ സാദൃശ്യത്തിൽ ഇറങ്ങിയവനുമായ റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

മാളികയ്ക്കുള്ളിൽ കിരണങ്ങൾ വീശിയ നീതിസൂര്യനും അപ്രമേയനുമായ കർത്താവേ, നിനക്കു സ്തുതി.

ഏകസ്വഭാവത്തിൽ ഏക ആധിപത്യത്തോടുകൂടിയിരിക്കുന്ന പരിശുദ്ധ ത്രിത്വത്തിന്റെ ആരാധനയ്ക്കായി ശ്ലീഹന്മാരെ ഒരുക്കിയ റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

ഏകദൈവമായ ത്രിത്വത്തെക്കുറിച്ചുള്ള അറിവ് ഞങ്ങൾക്കു പകർന്നുതന്ന റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

അദൃശ്യനായ പിതാവിൽ നിന്നു പുറപ്പെടുന്നവനും വന്ദ്യനായ പുത്രനിൽനിന്ന് സ്വീകരിക്കുന്നവനും ഇച്ഛിക്കുന്നതെല്ലാം സ്വർഗ്ഗീയമായ മഹാശക്തിയാൽ ചെയ്യുന്നവനും ചെയ്യിക്കുന്നവനുമായ വിശുദ്ധ റൂഹായായ കർത്താവേ, നിനക്കു സ്തുതി.

സഭകളെ ശുദ്ധീകരിക്കുന്നവനും ദൈവിക ശുശ്രൂഷകൾക്കു പൂർണ്ണത നൽകുന്നവനുമായ റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

ആചാര്യപദവി പ്രദാനം ചെയ്യുന്നവനും മാമോദീസായെ പൂർത്തീകരിക്കുന്നവനും കൂദാശകൾ നിറവേറ്റുന്നവനും പാപങ്ങൾ പരിഹരിക്കുന്നവനുമായ റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

ഗഹനകാര്യങ്ങൾ പരിശോധിക്കുന്നവനും രഹസ്യകാര്യങ്ങൾ പ്രതിപാദിക്കുന്നവനും വരുവാനിരിക്കുന്നവ അറിയിക്കുന്നവനും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനുമായ റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

എല്ലാം പൂർത്തിയാക്കുന്നവനും സംസാരിക്കുന്നവനും ശുദ്ധീകരിക്കുന്നവനും ദിവ്യമാക്കുന്നവനുമായ റൂഹാതമ്പുരാനേ, നിനക്കു സ്തുതി,

www.malankaralibrary.com



സ്വയമേ ചൈതന്യവും ആധിപത്യവും ഉള്ളവനും, സ്വയം ബലവാനും മഹിതനും ഔന്നത്യമുള്ളവനുമായ റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

പ്രകാശവും പ്രകാശദാതാവും കൃപയും നന്മകളുടെ ഉറവിടവും പരമാർത്ഥിയും അധികാരമുള്ളവനും നാഥനുമായ റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

പുത്രസ്വീകാര്യത്തിന്റെയും സത്യത്തിന്റെയും ആത്മാവായ റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

ആലോചനയുടേയും ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ദൈവഭയത്തിന്റെയും ഭക്തിയുടെയും അറിവിന്റെയും ആത്മാവായ റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

തനിക്കായി ആലയങ്ങൾ നിർമ്മിക്കുന്ന റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

മാർഗദർശിയായ റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

ആഗ്രഹിക്കുന്ന പ്രകാരം പ്രവർത്തിക്കുകയും ഉചിതമാംവിധം ആഗ്രഹിക്കുകയും ചെയ്യുന്ന റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

ഓരോരുത്തനും വരങ്ങൾ വിഭജിച്ചുകൊടുക്കുന്ന റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

ശക്തിയും ആത്മവിശ്വാസവും മുഖപ്രസന്നതയും നൽകുന്ന റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

നിരന്തരം സഭയെ വിശുദ്ധീകരിക്കുന്ന റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

ജീവന്റെ ആത്മാവായ റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

നിത്യജീവിതത്തിലേക്കു പ്രവഹിക്കുന്ന നീരുറവയായ റൂഹാതമ്പുരാനേ, നിനക്കു സ്തുതി (യോഹ. 4:14;7:38_39).

ഒരാലയത്തിലെന്നവണ്ണം ഞങ്ങളിലും തിരുസഭയിലും വസിക്കുന്ന റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

ഞങ്ങളിലൂടെ പ്രാർത്ഥിക്കുകയും ഞങ്ങൾ ദൈവത്തിന്റെ ദത്തുപുത്രന്മാരാണെന്നുള്ള വസ്തുതയ്ക്കു സാക്ഷ്യം വഹിക്കു

www.malankaralibrary.com



കയും ചെയ്യുന്ന റൂഹാ തമ്പുരാനേ, നിനക്കു സ്തുതി. (ഗലാ.4:6; റോമ. 8:8;15:16.20)

പ്രതിവാക്യം : കാരുണ്യവാനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമെ.

സത്യത്തിന്റെ പൂർണ്ണതയിലേക്കു് സഭയെ നയിക്കുന്ന റൂഹാതമ്പുരാനേ നിനക്കു സ്തുതി. (യോഹ. 16:13).

ആത്മീയൈക്യത്തിലൂടെയും ശുശ്രൂഷക്രമത്തിലൂടെയും സഭയെ ഏകീഭവിപ്പിക്കുന്ന റൂഹാതമ്പുരാനേ നിനക്കു സ്തുതി.

വരങ്ങളാലും ദാനങ്ങളാലും ഞങ്ങളെ അലങ്കരിക്കുന്ന റൂഹാതമ്പുരാനെ, നിനക്കു സ്തുതി (12:16).

സർവോത്കൃഷ്ടമായ സ്നേഹത്താൽ ഞങ്ങളെ നിറച്ച റൂഹാതമ്പുരാനേ, നിനക്കു സ്തുതി

സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം എന്നീ ഫലങ്ങൾ ഞങ്ങളിൽ ഉളവാക്കുന്ന റൂഹാതമ്പുരാനേ, നിനക്കു സ്തുതി. (ഗലാ. 5:22).

ദൈവമഹത്വം പ്രകീർത്തിക്കുന്നതിനുള്ള അവകാശത്തിന്റെ അച്ചാരമായ റൂഹാതമ്പുരാനേ, നിനക്കു സ്തുതി (എഫേ. 1:14).

രക്ഷയുടെ ദിനത്തിനുവേണ്ടി ഞങ്ങളെ മുദ്രിതരാക്കിയ റൂഹാതമ്പുരാനേ, നിനക്കു സ്തുതി. (4:30)

ശക്തിയുടെയും സ്നേഹത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും റൂഹാതമ്പുരാനേ, നിനക്കുസ്തുതി (2തിമോ. 1:7).

യാചിക്കുന്നവരുടെ കുററം മോചിച്ച് അവർക്കു ജീവൻ നൽകുന്ന റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

ദൈവിക ബലികളെ ശുദ്ധീകരിക്കുന്നവനായ അനുകമ്പയുള്ളവനും മഹാകാരുണ്യവാനുമായ കർത്താവേ,

ചൈതന്യവാനും പരിശുദ്ധനും ജീവദായകനും സകലവും ശുദ്ധീകരിക്കുന്നവനും ആയ കർത്താവേ,

പരിശുദ്ധി പ്രദാനംചെയ്യുന്നവനും ദീർഘദർശിമാർ മുഖേന സംസാരിച്ചവനും ശ്ലീഹന്മാരെ കിരീടം ധരിപ്പിച്ചവനുമായ കർത്താവേ,

www.malankaralibrary.com



ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ സകലവും പൂർത്തിയാക്കുന്ന റൂഹാതമ്പുരാനേ,

പിതാവിൽ നിന്നു പുറപ്പെടുന്നവനും പുത്രനിൽ നിന്നു സ്വീകരിക്കുന്നവനുമായ റൂഹാതമ്പുരാനേ,

തൻെറ ആവാസത്താൽ ലോകത്തിനു പാപവിമോചനം നൽകുന്ന റൂഹാതമ്പുരാനേ,

ജീവനുള്ളവനും പരിശുദ്ധനുമായ റൂഹാതമ്പുരാനേ,

ജ്ഞാനത്തിൻെറയും ബുദ്ധിയുടെയും അറിവിൻെറയും ധീരതയുടെയും ആലോചനയുടെയും ദൈവഭയത്തിൻെറയും രക്ഷയുടെയും പുത്രസ്വീകാര്യത്തിൻെറയും ആത്മാവായ കർത്താവേ, നിനക്കു സ്തുതി,

കടങ്ങൾ പരിഹരിക്കുന്നവനും പാപങ്ങൾ ക്ഷമിക്കുന്നവനും മലിനരെ ശുദ്ധീകരിക്കുന്നവനും പാപികളുടെ മാനസാന്തരത്തിൽ പ്രീതിപ്പെടുന്നവനും തെററുകാരുടെ രക്ഷയ്ക്കായി വാഞ്ഛിക്കുന്നവനുമായ കർത്താവേ, നിനക്കു സ്തുതി.

പരാക്രമിയും ജയാളിയും ബലവാനും പ്രതാപശാലിയുമായ ദൈവമായ കർത്താവേ, നിനക്കു സ്തുതി.

വിവിധ വരങ്ങൾ നൽകി ഇടയന്മാരെ സഹായിക്കുകയും പ്രസാദവരഫലങ്ങളാൽ സഭയെ അലങ്കരിക്കുകയും ചെയ്യുന്ന റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

സുവിശേഷത്തിൻെറ ശക്തിവിശേഷത്താൽ സഭയെ യൗവനയുക്തയാക്കുന്ന റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

സഭയെ അനുസ്യൂതം നവീകരിക്കുകയും പ്രിയ മണവാളനുമായുള്ള പൂർണ്ണമായ ഐക്യത്തിലേക്ക് അവളെ നയിക്കുകയും ചെയ്യുന്ന റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

ഞങ്ങൾക്കു സ്വർഗ്ഗീയ രഹസ്യങ്ങൾ വെളിപ്പെടുത്തിത്തരികയും ഞങ്ങളെ സുവിശേഷപ്രഘോഷണത്തിന് ഉണർത്തുകയും സൽക്കർമ്മങ്ങൾ ചെയ്യാൻ കർമ്മനിരതരാക്കുകയും ചെയ്യുന്ന റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

ഞങ്ങളെ രക്ഷിക്കുകയും ഞങ്ങളെ സുഖപ്പെടുത്തുകയും ഞങ്ങളെ പവിത്രീകരിക്കുകയും ചെയ്യുന്ന റൂഹാതമ്പുരാനേ, നിനക്കു സ്തുതി.

www.malankaralibrary.com



## XII

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മീൻ.**

പരിപാവനമായ ത്രിയേക ദൈവത്തിന് തന്റെ സഭയിൽ ഇപ്പോഴും എന്നും എന്നേക്കും സ്തുതിയും സ്തോത്രവും ഉണ്ടായിരിക്കട്ടെ. ജനം: ആമ്മീൻ.

സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തിന് ഇപ്പോഴും എപ്പോഴും എന്നേക്കും ഉണ്ടായിരിക്കട്ടെ.
ജനം: ആമ്മീൻ.

പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതന്റെ കൃപയും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും ആവാസവും ഇപ്പോഴും എപ്പോഴും എന്നേക്കും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. ജനം: ആമ്മീൻ.